വോള്യം – 8 ലക്കം – 149 ഏപ്രിൽ 2026 മലയാളം – ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിം വിഷൻ

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

Special Edition




## SHAJI. N. KARUN

(01 Jan 1952 - 28 Apr 2025)

Commemoration & Films

26 Sunday, April
Joint Council Hall
Near Press club, Trivandrum




02.00 PM

PIRAVI
Director - Shaji N. Karun




05.00 PM

KUTTI SRANK
Director - Shaji N Karun

Meeting at 04.00 PM

### CHIEF GUESTS



Dr.George Onakkoor
Professor. Writer



Sri. Panniyan Raveendran
Ex. Member of Parliament

FREE ENTRY TO ALL

## DIGITAL VIDEOGRAPHY WORKSHOP

9:30 AM to 01.00 PM

**Filca & Canon Camera company**


*Basics of photography & videography workshop with products demonstration and Hands - on session*

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



ഷാജി. എൻ. കരുൺ - ഒന്നാം ചരമവാർഷികം
(01 Jan 1952 - 28 Apr 2025)


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം • സുതാര്യം • ജനകീയം
സമ്മാനങ്ങൾ ഇനി ലക്ഷങ്ങളല്ല
കോടികൾ മാത്രം
സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി
ദിവസവും കോടിപതികൾ
വർഷം 400+ കോടിപതികൾ
സമൃദ്ധി ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ഭാഗ്യതാര ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
സ്ത്രീശക്തി ഭാഗ്യക്കുറി
STHREE SAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ധനലക്ഷ്മി ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
കാരുണ്യ പ്ലസ് ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
സുവർണ്ണ കേരളം ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
കാരുണ്യ ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ടിക്കറ്റ് വില ₹50
കൂടാതെ 5000, 2000, 1000, 500, 200, 100 രൂപയുടെ നിരവധി സമ്മാനങ്ങൾ
നറുക്കെടുപ്പ് എല്ലാ ദിവസവും ഉച്ചയ്ക്ക് 3 മണിക്ക്
For draw results: www.statelottery.kerala.gov.in
YOUTUBE
For watching the draw live
kslott


KPharma
PERSONALISED NUTRITION TAILORED TO YOU
YOUR ESSENTIALS, DELIVERED MONTHLY
Home Delivery: +91 9995811166

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

filca

# FILM VISION DIGITAL FILM MAGAZINE

## WHAT'S INSIDE APRIL 2026

INDEX

1. The Art of Cinematography and Shaji. N. Karun
-ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 8



2. ഛായ ഗ്രഹിച്ച സ്മൃതി വസന്തം
– അനസൂയ ഷാജി .എൻ .കരുൺ 13



3. ഓർമ്മയുടെ വഴിത്താരയിൽ...
– സണ്ണി ജോസഫ് 20



4. ഷാജി .എൻ .കരുൺ , സ്മരണകളിൽ എന്നുമെന്നും...
– ടി. കൃഷ്ണനുണ്ണി 29



5. ഷാജി ; നിഴലിലും വെളിച്ചത്തിലും
–ഡോ. എം. ജി. ശശിഭൂഷൻ 32



6. ലോക ചലച്ചിത്രോത്സവ ഭൂപടവും ഐ .എഫ് .എഫ് .കെ യുടെ സങ്കല്പവും – അഭിമുഖം. –സാബു ശങ്കർ( ഫിൽക്ക ) 34



7. ഒഴുക്കിനെതിരെ നീന്തിയ ഒരാൾ
–അജികുമാർ ( ഫിൽക്ക) 43



Website:www.filca.in Email:filcakerala@gmail.com

April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

# FILM VISION
# DIGITAL FILM MAGAZINE

## WHAT'S INSIDE APRIL 2026

INDEX

8. ഷാജി .എൻ. കരുണിന്റെ ഹ്രസ്വ ചിത്രങ്ങളും ടെലിഫിലിമുകളും
– പ്രൊഫ. ബേബി പോൾ ( ഫിൽക്ക ) 47



9. പിറവി
– സുരേഷ്കുമാർ . സി. ( ബീം ഫിലിം സൊസൈറ്റി ) 53



10. സ്വം – ദുരന്തം തകർത്തെറിഞ്ഞ കുടുംബ ജീവിത ചിത്രീകരണം
– ജോൺ തോമസ് ( ഫിൽക്ക ) 57



11. കുട്ടിസ്രാങ്ക്
– വിനോദ് കുമാർ . പി . ( ഫിൽക്ക ) 60



12. വാനപ്രസ്ഥം
– പി. എസ്. ജ്യോതിഷ്കുമാർ( ഫിൽക്ക) 63



13. ജനിമൃതികൾക്കിടയിലെ ' ഓള് ' ( കവിത )
– രാജാംബിക (വൈസ് പ്രസിഡന്റ് , ഫിൽക്ക ) 68



14. ഷാജി എൻ കരുൺ : നിഴലുകളുടെയും വെളിച്ചത്തിന്റെയും ദാർശനികൻ . – ലീലാമ്മ തോമസ (ഫിൽക്ക ) 73



Website:www.filca.in Email:filcakerala@gmail.com

April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL




# The Art of Cinematography and Shaji . N . Karun



ഡോ. ബി. രാധാകൃഷ്ണൻ
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

Classical cinematography laid the foundation for world cinema's visual language . It established techniques like the 180-degree rule, shot-reverse-shot, and continuity editing, which became industry standards. Think of great classical films like "Casablanca" or "Gone with the Wind" - their visual storytelling influenced generations of filmmakers. It created a narrative style that's still used today, shaping how we consume stories on screen.



**Shaji. N. Karun was a mentor of the film society movement in Kerala, including the Filca Film Society ,Trivandrum. Filca will conduct a commemoration of Shaji . N . Karun on Sunday, 26th April 2026. This month's film fest is exclusively on the films of Shaji . N. Karun as we commemorate his death anniversary. We will organize a Cine - Digital Videography workshop along with Canon Camera company on the same day morning. This will be an opportunity for everyone including newcomers to understand the operation of digital camera.**



The Colour scheme, scenic design, and visual mood - the unsung heroes of classical cinema . Think of "The Wizard of Oz" - that iconic shift from sepia to Technicolor, setting the tone for Dorothy's journey.

In "The Godfather", Gordon Willis's use of shadows and warm tones added depth to the Corleone world.

Or consider "2001: A Space Odyssey" - Stanley Kubrick's stark, cold visuals defining space's vastness.These elements evoke emotions, build atmosphere, and tell stories silently.

Gunner Fischer and Sven Nykvist were the cinematographers, and their collaboration with Ingmar Bergman is iconic! Their black-and-white cinematography in films like " Seventh Seal " and " Persona" created a stark, haunting atmosphere that amplified Bergman's existential themes.

Nykvist's use of shadows, lighting, and composition added depth to Bergman's narratives, making the films visually stunning and emotionally powerful. His





work is a masterclass in using monochrome to evoke mood and explore human psyche. Bergman's films wouldn't be the same without Nykvist' s lens.

The craft of creating ambience is all about setting the mood. A cinematographer weaves together lighting, composition, and camera movement to evoke emotions. Think of it like setting the vibe for a room - every choice, from shadows to color palette, influences how you feel in the room.Rossellini 's idea of Neorealism at its core, natural lighting in "Rome, Open City".

Akira Kurosawa is a Master of composition and movement. Think of the dynamic frames in "Seven Samurai". Robert Bresson Stripped-down realism with a focus on faces and hands in "Pickpocket".

In the films of Godard , experimental, breaking rules in "Breathless", jump cuts and more.

Tarkovsky ' s films are with Painterly, meditative shots in "Andrei Rublev",



long takes.Tarkovsky ' s cinematography in "Andrei Rublev" or "Stalker" is like painting with light and time. Long takes, earthy tones, and a focus on textures create a dreamlike, spiritual atmosphere.

Those scenes are probably some of the most hauntingly beautiful in cinema. The way Tarkovsky uses long takes, natural light, and the interplay of past and present in the film Mirror . it's like the camera's probing the depths of memory itself. The house, the wind, the mother's hands - everything feels infused with nostalgia and longing .

As for Theo Angelopoulos, his films like "Ulysses' Gaze" are meditative, with long takes and deliberate pacing. He



uses landscape and composition to explore themes of identity and history. His films like "The Suspended Step of the Stork" feature long, unbroken shots that flow like a river. The cinematography's deliberate pace and stunning compositions capture the weight of history and human emotion.



Alajandro Jodorovsky's films are like psychedelic dreams on screen! Think "El Topo" or "The Holy Mountain" - surreal, symbolic visuals that blend mysticism and avant-garde flair. His use of striking imagery and unconventional narrative structures create a hypnotic experience. Alajandro Jodorovsky 's films like "El Topo", his visuals are like hallucinations. Bold, surreal, and often brutal, blending myth

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



and madness.These directors pushed boundaries, shaping cinema's visual language .The cinematography and vision experiment boldly creating unique visual languages that linger.

Satyajit Ray's collaborations with cinematographers like Subrata Mitra and Soumendu Roy are legendary . In films like "Pather Panchali", Mitra's work captured the beauty of rural Bengal with a blend of realism and lyricism. The use of natural light, composition, and a keen eye for human emotion created a timeless quality. Ray's storytelling was deeply intertwined with his visual approach - simple yet profound. Think of the iconic shot of Apu and Durga under the rain in "Pather Panchali" . Shaji N. Karun's cinematography and G. Aravindan's direction - a match made in heaven for Kerala's cinematic landscape! In films like "Thampu" or "Kumatti", Shaji. N . Karun's lens captured the essence of Aravindan's story telling, blending realism with a poetic touch. Shaji 's use of natural light and



earthy tones complemented Aravindan's exploration of human emotions and the environment. Think of the haunting visuals in "Kumatti" - the way Shaji frames the characters against the backdrop of Kerala's landscapes adds a layer of depth to Aravindan's narratives. The camera and the story create a welll-choreographed dance of visuals and emotions.





Shaji N. Karun's cinematography is like a whispered poem . He brings a soulful touch to his frames, often blending the human element with nature. In films like "Piravi" or "Vanaprastham", his composition creates an intimate ambiance, drawing you into the characters' worlds. Shaji 's use of light, space, and texture evokes a sense of timelessness. Think of the haunting shots in "Piravi" - the way he captures the protagonist's grief amidst Kerala's lush landscapes. His aesthetic is rooted in simplicity, letting the story breathe.The craft lies in how he makes you feel the silence, the longing, or the joy. It's like the frames are imbued with the characters' emotions.

In "Kanchana Sita", Shaji N. Karun's cinematography is like an artist's interpretation of a myth . He uses a distinct palette - earthy tones, diffused light - to evoke the Ramayana's timeless feel. The frames are like moving paintings, blending myth with River Godavari's banks and lush landscapes.

Shaji' s lens captures the characters' emotions against the backdrop of nature, adding layers to G. Aravindan's exploration of themes.



# ഛായ ഗ്രഹിച്ച സ്മൃതിവസന്തം



**അനസൂയ ഷാജി.എൻ.കരുൺ**




ഷാജിയുടെ ഒരു സ്വപ്നമായിരുന്നു മലയാളസിനിമ ലോകനിലവാരത്തിലേക്ക് ഉയരണമെന്നത്. ചലച്ചിത്ര അക്കാദമിയുടെ രൂപീകരണത്തോടെ അതിന്റെ പ്രഥമ അധ്യക്ഷൻ ആയിരുന്നപ്പോഴും പിന്നീടും രാജ്യാന്തര ചലച്ചിത്ര മേളയുടെ ഉയർച്ചയ്ക്കായി പ്രവർത്തിച്ചു. അതുപോലെ തന്നെ ചലച്ചിത്ര വികസന കോർപറേഷനെയും മികച്ച സ്റ്റുഡിയോ സൗകര്യങ്ങളിലൂടെ ലോകനിലവാരത്തിലേക്ക് ഉയർത്തുവാൻ ആഗ്ര ഹിച്ചു. മൂന്നാറിൽ ഒരു ഫിലിം ആർകൈവ് തുടങ്ങാനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു . പൊതുമേഖലയിൽ സി-സ്പേസ് എന്ന ഓ.ടി.ടി പ്ലാറ്റ്ഫോമിന് തുടക്കമിടുന്ന മിടുന്നതിലും പങ്കാളിയായി. ദേശീയതലത്തിലുള്ള ഒരു ചലച്ചിത്ര നയം രൂപീകരിക്കുവാനും ശ്രമിച്ചു .

ഷാജി പങ്കെടുത്ത രാജ്യാന്തര ചലച്ചിത്ര മേളകളിൽ പലപ്പോഴും ഞാനും കൂടെപ്പോയിരുന്നു. ഷാജിയുടെ സിനിമയോടൊപ്പം അവിടെ ഇന്ത്യൻ പതാക മറ്റു രാജ്യങ്ങളുടെ പതാകകളോടൊപ്പം കണ്ടപ്പോൾ വളരെ അഭിമാനം തോന്നി .

ഷാജി സംവിധാനം ചെയ്ത സിനിമകളുടെ എണ്ണം കുറവാണ് . മൂന്നോ നാലോ വർഷമെടുത്താണ് കഥയും തിരക്കഥയും പൂർത്തിയാക്കുന്നത് . 'പിറവി' ഫിലിം



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca




ഫോക്സിന്റെ ബാനറിൽ നിർമ്മിച്ചതാണ് . നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും വായ്പ ലഭിച്ചിരുന്നു. ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും നിരവധി പുരസ്കാരങ്ങൾ നേടിയ പിറവിയ്ക്ക്,പക്ഷെ,കേരള സംസ്ഥാന അവാർഡ്, മികച്ച രണ്ടാമത്തെ ചിത്രം എന്ന നിലയ്ക്കാണ് കൊടുത്തത്. 1989 ൽ മികച്ച രണ്ടാമത്തെ ചിത്രം എന്ന അവാർഡ്., ജയ ചന്ദ്രൻ സാറും ഷാജിയും നിരസിക്കുകയും ചെയ്തു. നാഷണൽ അവാർഡ് പ്രഖ്യാപിച്ചപ്പോൾ നാല് അവാർഡുകൾ കിട്ടി ; മികച്ച സിനിമ ,മികച്ച സംവിധായകൻ, മികച്ച ശബ്ദലേഖകൻ , മികച്ച നടൻ .

പിറവിക്ക് അന്താരാഷ്ട്ര അവാർഡുകൾ ഏറെയുണ്ട് : എഡിൻബറോ ഫിലിം ഫെസ്റ്റിവലിൽ സർ ചാർളി ചാപ്ലിൻ അവാർഡ്, 42-മത് ലൊകാർണോ ഫിലിം ഫെസ്റ്റിവലിൽ ഗ്രാൻഡ് ജൂറി അവാർഡ്- സിൽവർ ലെപ്പേർഡ്സ് അവാർഡ്, ചിക്കാഗോ ഫിലിംഫെസ്റ്റിവലിൽ സിൽവർ ഹ്യൂഗോ അവാർഡ്, ഹവായ് ഫിലിം ഫെസ്റ്റിവലിൽ മികച്ച സിനിമ, ഈസ്റ്റ്മാൻ - കൊഡാക്ക് അവാർഡ്, കാനിൽ സ്പെഷ്യൽ മെൻഷൻ അവാർഡ്, സ്വിറ്റ്സർലൻഡ് ബെസ്റ്റ് ഹ്യൂമൻ ഡോക്യുമെൻററി അവാർഡ്, സൈറ്റേഷൻ ഫ്രം ഫിലിം ആൻഡ് ടിവി , ഇറ്റലി-സ്വിറ്റ്സർലൻഡ് ..

ദേശീയ അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചതോടെ ഷാജിയെ മറ്റ് രാജ്യങ്ങളിലെ ജനങ്ങളും കേരളത്തിലെ ജനങ്ങളും തിരിച്ചറിഞ്ഞു. പല രാജ്യങ്ങളിലും ഷാജിയുടെ സിനിമകൾ പ്രദർശിപ്പിച്ചിരുന്നു. പിറവിക്ക് ശേഷം സ്വം, വാനപ്രസ്ഥം, നിഷാദ്, കുട്ടി സ്രാങ്ക് , സ്വപാനം , ഓള് എന്നീ ഫീച്ചർ സിനിമകളും ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും ഷാജി സംവിധാനം ചെയ്തു .

2025 ഏപ്രിൽ 16 ന്, മരണത്തിനു പന്ത്രണ്ട് ദിവസം മുൻപ്, കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്ര പുരസ്കാരം - ജെ .സി.ഡാനിയേൽ അവാർഡ് ഏറ്റുവാങ്ങി. ഷാജിയുടെ പ്രഥമ സ്നേഹം എന്തിനോടായിരുന്നു എന്ന് ചോദിച്ചാൽ സിനിമയോടായിരുന്നു എന്നാണെന്റെ ഉത്തരം. കലയിലും ശാസ്ത്രത്തിലും സംഗീതത്തിലും ഒക്കെ താൽപ്പര്യം ഉണ്ടായിരുന്നുവെങ്കിലും സിനിമയുടെ കലാലോകത്ത് തന്നെയായിരുന്നു ഷാജിയുടെ ആത്മാവ്. ഈ ഈ രൂപീകരണത്തിന് വ്യക്തമായൊരു ജീവിത പശ്ചാത്തലമുണ്ട് .

എന്റെ അച്ഛൻ ഡോ . പി. കെ. ആർ. വാര്യർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൊറാസിക് സർജൻ ആയി ജോലി ചെയ്യു



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

മ്പോൾ ഞങ്ങൾ കണ്ണമ്മൂലയിലായിരുന്നു താമസം. എന്റെ ഏട്ടൻ ബാബു (കൃഷ്ണൻ) സെന്റ് ജോസഫ്സ് സ്കൂളിൽ പത്താം ക്ലാസിലും ഞാൻ ഹോളി ഏഞ്ചൽ കോൺ വെന്റിൽ ഏഴാം ക്ളാസിലും പഠിക്കുന്ന കാലത്ത് , അയൽപക്കത്ത് പുതിയൊരു താമസക്കാരെത്തി. അച്ഛൻ ചികിത്സിക്കുന്ന രോഗി.ശസ്ത്രക്രിയ കഴിഞ്ഞിരുന്നു. ആ വീടിന്റെ ഉമ്മറത്തിരിക്കുന്ന ആളിനെ കുറിച്ച് അച്ഛൻ ഞങ്ങളോട് പറഞ്ഞു. വൈകുന്നേര മായപ്പോൾ നിക്കറും ഷർട്ടും ധരിച്ച ഒരു കുട്ടി ഗേറ്റ് തുറന്ന് അകത്തേക്ക് വന്നു. അയൽപക്കത്തെ രോഗിയുടെ nephew (ഷാജിയുടെ അച്ഛന്റെ brother ആയിരുന്നു ആ രോഗി ). കടലാസ്സ് നീട്ടിപ്പിടിച്ച് അച്ഛനോട് മെല്ലെ പറഞ്ഞു : 'ഈ മരുന്ന് കിട്ടിയില്ല. 'അച്ഛൻ കുറിപ്പ് വാങ്ങി വേറെ മരുന്ന് എഴു തിക്കൊടുത്തു. ഷാജി എന്ന ആ കുട്ടി ആ കുറിപ്പു മായി പാഞ്ഞു .



പിന്നീട് എന്റെ ഏട്ടൻ ബാബുവും ഷാജി യും കൂട്ടുകാരായി.രണ്ടുപേരും നല്ല വായന ക്കാരായിരുന്നു. ലൈബ്രറികളിൽ നിന്ന് ഇരുവരും പുസ്തകമെടുത്ത് വായിച്ചു കൈമാറി. അങ്ങനെ രണ്ട് കുടുംബങ്ങളും അടുത്തു. ഷാജിയുടെ സഹോദരി ഷീല എന്റെ കൂട്ടുകാരിയായി .



ലൈബ്രറിയിൽ പുസ്തകമെടുക്കാൻ പോകു മ്പോൾ ബാബുവിന്റെ സൈക്കിളിന്റെ പിന്നിൽ ഷാജിയും കാണും. അന്ന് ഷാജി എട്ടാം ക്ളാസിൽ പഠിക്കുന്നു. ബാബു ഒരു സർവ്വ വിജ്ഞാനകോശം പോലെയാണ്. അതേ വായനാക്കമ്പം ഷാജിയ്ക്കും ഉണ്ട് . ഇരുവരും വൈജ്ഞാനിക ചർച്ചകളും അന്വേഷണവും പരീക്ഷണവും ഒക്കെ നടത്തിപ്പോന്നു .

ഇംഗ്ലണ്ടിൽ നിന്നും കപ്പൽ മാർഗം ഞങ്ങൾ മടങ്ങി വന്നപ്പോൾ ഏഡനിൽ വെച്ച് അച്ഛൻ ഒരു ക്യാമറ വാങ്ങിയിരുന്നു. അത് ഉപയോ ഗിക്കാൻ ബാബുവിന് അറിയാം. ഷാജി യുടെ കണ്ണുകൾ ക്യാമറയിൽ തങ്ങി നിന്നു. ബാബുവിൽ നിന്നും ക്യാമറ ഉപയോഗി ക്കാൻ ഷാജി പഠിച്ചു. ഇരുവരും പടങ്ങളെ ടുത്ത് സ്റ്റുഡിയോയിൽ പ്രോസസ് ചെയ്ത് പ്രിന്റുകൾ എടുത്തു .ഞങ്ങൾ എല്ലാവരും കൂടി യാത്ര പോകുമ്പോൾ ക്യാമറ പിടി ച്ചിരുന്നത് ഷാജിയായിരുന്നു.

പിന്നീട് ശാന്തിനഗറിലേക്ക് ഷാജിയും ഷീലയും അച്ഛനമ്മമാരോടൊപ്പം താമസം മാറി. 1965 കാലഘട്ടം. ബ്രിട്ടീഷ് ലൈബ്രറി യിൽ ഷാജിയും ബാബുവും കണ്ടുമുട്ടും. അച്ഛന്റെ സുഹൃത്തിന്റെ ബന്ധുവായ രാമ സ്വാമിയാണ് ഡാർക്ക് റൂമിൽ ഹൈപ്പോ ഉപയോഗിച്ച് പ്രിന്റ് എടുക്കുവാനും എൻ ലാർജ്ജ് ചെയ്യാനും ബാബുവിനെയും ഷാജി യേയും പഠിപ്പിച്ചത് .

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

ബാബുവും ഷാജിയും അറിവ് നേടി ഉയരുന്നത് ഞാൻ കൗതുകത്തോടെ കണ്ടു. ഇംഗ്ലീഷ് സിനിമകൾ പ്രദർശിപ്പിച്ചിരുന്ന ശ്രീകുമാർ തീയേറ്ററിൽ ഇരുവരും പോകുമായിരുന്നു. യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് കെമിസ്ട്രിയിലാണ് ഷാജി ബിരുദമെടുത്തത്. മിക്കപ്പോഴും ലൈബ്രറികളിൽ വായിച്ചിരിക്കുന്ന ഷാജിക്ക് പരിചയക്കാർ ഒരു ഇരട്ടപ്പേര് ഇട്ടിരുന്നു- 'ബ്രിട്ടീഷ് ലൈബ്രറിയിലെ മനുഷ്യൻ ' ! .

സിനിമയെ കുറിച്ചും കലയെ കുറിച്ചും ഒക്കെ ഷാജി ലൈബ്രറിയിൽ നിന്ന് വിജ്ഞാനം സമ്പാദിച്ചുകൊണ്ടേയിരുന്നു. ബി. എസ്. സിക്ക് ഷാജിക്ക് നല്ല മാർക്കുണ്ടായിരുന്നു . തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശനത്തിനുള്ള ആദ്യ ലിസ്റ്റിൽ ഷാജിയുടെ പേര് വന്നു. പക്ഷെ സിനിമയോടുള്ള താൽപ്പര്യം കാരണം പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അപേക്ഷ അയച്ചു. മദ്രാസിൽ വെച്ചായിരുന്നു എഴുത്തു പരീക്ഷ. അങ്ങനെ സിനിമാട്ടോഗ്രഫി പഠിക്കാൻ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തി .

ഷാജി ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന്



വരുമ്പോഴൊക്കെ വീട്ടിൽ ആഹ്ലാദമായിരുന്നു രുന്നു. ഷാജിക്ക് ഓർവോ സ്കോളർഷിപ്പ് കിട്ടിയപ്പോൾ ഞങ്ങൾ അത്യധികം ആഹ്ലാദിച്ചു. ഷാജിയുടെ ഡിപ്ലോമ ഫിലിമിന് മാത്തൂർ അവാർഡ് ലഭിച്ചു . സത്യജിത് റായിയുടെ കയ്യിൽ നിന്നാണ് അവാർഡ് വാങ്ങിയത് . സത്യജിത് റായി ആശംസിച്ചു : 'നിങ്ങൾക്ക് ശോഭനമായൊരു ഭാവിയുണ്ട് .'ഷാജിയുടെ ഡിപ്ലോമ ഫിലിമായ ' ജെനെസിസ് ' സത്യജിത് റായിക്ക് ഇഷ്ടപ്പെട്ടിരുന്നു .

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പാസ്സായ ശേഷം ഷാജി കുറച്ചുനാൾ ബോംബെയിൽ ജോലി ചെയ്തു . അത് തൃപ്തികരമായിരുന്നില്ല. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ സുഹൃത്ത് മധു അമ്പാട്ടിനൊപ്പം മദ്രാസിൽ കൂടി. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകാരെ അവഗണിക്കുന്ന ഒരു രീതി അക്കാലത്തു മദ്രാസിലെ ഫിലിം ഇൻഡസ്ട്രിയിൽ ഉണ്ടായിരുന്നു .

ഇതിനിടെ ബാബുവും ഷീലയും തമ്മിലുള്ള വിവാഹം ഉറപ്പിച്ചിരുന്നു. അച്ഛനമ്മമാരുടെ തീരുമാനപ്രകാരം എന്റെയും ഷാജിയുടെയും യുടെയും വിവാഹം കൂടി ഒരുമിച്ചു നടത്താൻ തീരുമാനമായി . അങ്ങനെ 1975 ജനുവരി ഒന്നാം തീയതി ഹസൻ മരയ്ക്കാർ ഹാളിൽ വെച്ച് ഇരുവിവാഹങ്ങളും ലളിതമായി നടന്നു .

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച അസീസിന് കുഞ്ഞുമുഹമ്മദ് എന്നൊരു നിർമ്മാതാവിനെ കിട്ടിയപ്പോൾ മധു അമ്പാട്ടിനെയും ഷാജിയേയും ക്യാമറ ചെയ്യാൻ ക്ഷണിച്ചു . മധു അമ്പാട്ടിന്റെ സഹോദരി വിധുബാലയായിരുന്നു നായിക. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്ന മോഹൻ ആയിരുന്നു നായകൻ . സിനിമയുടെ പേര് - ' ഞാവൽപ്പഴങ്ങൾ '.

പിന്നീട് തമിഴിലെ പ്രശസ്ത സിനിമാട്ടോ

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ഗ്രാഫറായ അശോക് കുമാറിന്റെ അസിസ്റ്റന്റ് ആയി ഷാജി നിന്നു. തമിഴിലും മലയാളത്തിലും ഒരേസമയം സിനിമ ചെയ്യാൻ സന്ദർഭം വന്നപ്പോൾ അശോക് കുമാർ മലയാള സിനിമയുടെ ക്യാമറ ചെയ്യാൻ ഷാജിയെ ഏൽപ്പിച്ചു. സിനിമ - ഓടക്കുഴൽ. കെ.പി.കുമാരൻ തന്റെ 'ലക്ഷ്മീവിജയം' എന്ന സിനിമയുടെ ക്യാമറാമാനായി ഷാജിയെ ക്ഷണിച്ചു. സിനിമാട്ടോഗ്രാഫർ എന്ന നിലയിൽ ഷാജിയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നുവത് .

ഞങ്ങളുടെ മൂത്തമകൻ അനിൽ 1976 ൽ ജനിക്കുന്നതിനു മുൻപ് തന്നെ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപറേഷനിൽ ക്യാമറാമാനായി ഷാജിക്ക് ജോലി ലഭിച്ചു. ലഭിച്ചു. മദ്രാസിലെ വടപളനിയിലുള്ള സ്റ്റുഡിയോയിൽ കെ.എസ്.എഫ്.ഡി .സിയ്ക്ക് വേണ്ടി ഒരു ഡോക്യുമെന്ററി ചെയ്യുന്ന സമയത്താണ് ഷാജി വീണ്ടും ജി.അരവിന്ദനെ കാണുന്നത് തന്റെ രണ്ടാമത്തെ സിനിമ - കാഞ്ചന സീതയുടെ ഛായാ ഗ്രാഹകനായി ഷാജിയെ ക്ഷണിച്ചു .

ജി. അരവിന്ദൻ - ഷാജി.എൻ.കരുൺ കൂട്ടുകെട്ട് അങ്ങനെ ആരംഭിച്ചു ; മലയാള സിനിമയെ ദേശീയ-അന്തർദ്ദേശീയ തലത്തിലേക്ക് ഉയർത്തിയ കെമിസ്ട്രി !

ഗോദാവരി തീരത്തായിരുന്നു ഷൂട്ടിങ്. അന്ന് ഷാജിക്ക് 26വയസ്സ്. ആർട്ടിസ്റ്റ് നമ്പൂതിരിയുമായുള്ള ബന്ധം ഉൾപ്പടെ നിരവധി പുതിയ സൗഹൃദങ്ങൾ ഷാജിക്കുണ്ടായി കാഞ്ചന സീതയ്ക്ക് ഒട്ടേറെ അവാർഡുകൾ



ലഭിച്ചു. സംസ്ഥാന സർക്കാരിന്റെ മികച്ച ഫോട്ടോഗ്രാഫിയ്ക്കുള്ള അവാർഡ് ഷാജിക്കായിരുന്നു.'എസ്തപ്പാൻ 'എന്ന സിനിമയ്ക്കും ഇതേ അവാർഡ് ലഭിച്ചു .' തമ്പ് 'എന്ന സിനിമയിലെ ഫോട്ടോഗ്രാഫിക്ക് ദേശീയ അവാർഡും കിട്ടി. ഷാജിയെ സ്നേഹിക്കുന്ന എല്ലാവർക്കും അത് മറക്കാനാവാത്ത സംഭവമാണ് .

പഞ്ചാഗ്നി, നഖക്ഷതങ്ങൾ, സർഗം (ഹരിഹരൻ), ഒന്ന് മുതൽ പൂജ്യം വരെ (രഘുനാഥ് പലേരി), മഞ്ഞ് (എം.ടി. വാസുദേവൻ നായർ), ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്ക് (കെ.ജി.ജോർജ്ജ് ), കൂടെവിടെ, അരപ്പട്ട കെട്ടിയ ഗ്രാമം (പദ്മരാജൻ), മംഗളം നേരുന്നു (മോഹൻ) , മീനമാസത്തിലെ സൂര്യൻ (ലെനിൻ രാജേന്ദ്രൻ) തുടങ്ങിയ ചിത്രങ്ങൾക്കും ഷാജി ഛായാഗ്രഹണം നിർവഹിച്ചു .

അപ്പുവും ചേർന്ന് ഷാജിയെ യാത്രയാക്കി. 1988 ൽ പിറവിയുടെ ആദ്യ ഷോട്ട്ജൂലൈ 14 നായിരുന്നു. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്ന സണ്ണി ജോസഫ് ആയിരുന്നു ക്യാമറാമാൻ. മഴ ഈ സിനിമയിലെ ഒരു കഥാപാത്രം തന്നെയായിരുന്നു. ഷൂട്ടിങ് തിരുവനന്തപുരത്തും ഉണ്ടായിരുന്നു. 1988 ൽ ഓഗസ്റ്റ് 8 ന് ഷൂട്ടിങ് പൂർത്തിയായി . മലയാള സിനിമയിൽ എന്നല്ല ഇന്ത്യൻ സിനിമയിൽ ഷാജിയുടെ അരങ്ങേറ്റം! കാൻ ഫിലിം ഫെസ്റ്റിവലിൽ മൂന്നു സിനിമകൾ തുടർച്ചയായി പ്രദർശിപ്പിച്ച ഒരേയൊരാൾ, ഒരു പക്ഷെ, ഷാജി.എൻ.കരുൺ ആയിരിക്കും. ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഷാജി.എൻ. കരുൺ അനുസ്മരണവും ചലച്ചിത്ര പ്രദർശനവും ഫിലിം മാഗസിൻ പ്രത്യേക പതിപ്പും ശ്രദ്ധേയമാവട്ടെ !



April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

filca



KFC Kerala Financial Corporation
we finance your dream

# FUNDING YOUR DREAMS

Kerala Financial Corporation Offers a diverse range of loan schemes, including **CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans**, and specialized schemes for sectors like Tourism, Agriculture, and Manufacturing.

- **Attractive interest rates starting from 5% facilitated by government subsidies and KFC rebates.**
- **Offers collateral-free loans of up to 2 crores for eligible startups**

## Kerala Financial Corporation

**Partnering with Kerala for Progress**

APPLY NOW


**Your business journey starts here**

0471 2737500
www.kfc.org

keralafinancialcorporation · krlfincorp · kerlafincorp · KeralaFinancialCorporation · www.kfc.org

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

# ഓർമ്മയുടെ വഴിത്താരയിൽ



**സണ്ണി ജോസഫ്**
(ഛായാഗ്രാഹകൻ, സംവിധായകൻ )



ഷാജി ചേട്ടനെ പരിചയപ്പെടുന്നതിനുമുമ്പ് ഞാൻ ആദ്യം പരിചയപ്പെടുന്നത് അരവിന്ദേട്ടനെയായിരുന്നു ( ജി.അരവിന്ദൻ ) . അദ്ദേഹത്തിന്റെ കൂടെ സംവിധാന സഹായിയായി പ്രവർത്തിക്കുക എന്നതായിരുന്നു എന്റെ ആഗ്രഹം . പൂനാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സിനിമാട്ടോഗ്രഫി പഠിച്ചു കഴിഞ്ഞ് മദ്രാസിൽ വന്നു. അവിടെ വിജയ് മേനോന്റെ നിലാവിന്റെ നാട്ടിൽ എന്നൊരു പടം ഷൂട്ട് ചെയ്യുന്നുണ്ടായിരുന്നു. മധു അമ്പാട്ടായിരുന്നു ക്യാമറാമാൻ. രാജീവ് വിജയരാഘവൻ ആയിരുന്നു അസോസിയേറ്റ്. അവിടെ അവരെ ഒന്ന് കണ്ടിട്ട് വരാനായിരുന്നു ഉദ്ദേശ്യം. പല കാരണങ്ങൾ കൊണ്ടും അവിടെ ഒരാഴ്ച കൂടെ നിൽക്കേണ്ടി വന്നു. ഒരു ഫ്ളാറ്റിൽ തന്നെയായിരുന്നു താമസം. അങ്ങനെയിരിക്കുമ്പോഴാണ് അരവിന്ദേട്ടന്റെ ഒരു വിളി വന്നത്. ഒരു ഡോക്യുമെന്ററി ചിത്രത്തിന്റെ ഷൂട്ടിങ്ങിന് കോട്ടയത്ത് ജോയിൻ ചെയ്യാനായിരുന്നു നിർദേശം .

മദ്രാസിൽ നിന്ന് നേരിട്ട് ബസ് കിട്ടിയില്ല. പല വണ്ടികൾ കയറിയിറങ്ങി കോട്ടയത്ത് എത്തിയപ്പോൾ പാതിരാത്രിയായി. അന്നേരം എന്ത് സംഭവിച്ചു എന്ന് പറഞ്ഞാൽ അവിടെ ഷാജി ചേട്ടനും ജയനും പഞ്ചവടി പാലത്തിന്റെ (കെ. ജി. ജോർജ്ജ്) ഷൂട്ടിങ്ങിന് താമസിക്കുന്നുണ്ടായിരുന്നു. പിറ്റേദിവസമാണ് പഞ്ചവടിപാലത്തിന്റെ ഷൂട്ടിംഗ്. ഞാൻ വരാൻ താമസിച്ചതുകൊണ്ട് ജയനെ വിളിച്ചുകൊണ്ട് അരവിന്ദേട്ടൻ തൃശ്ശൂർക്ക് ഷൂട്ടിങ്ങിനായിട്ട് പോയി. ഞാൻ പാതിരാത്രിക്ക് എത്തിച്ചേർന്നപ്പോൾ ഷാജി



April Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ചേട്ടന്റെ റൂമിന്റെ വാതിലിൽ മുട്ടി.അങ്ങനെ യാണ് ഞാൻ ഷാജി ചേട്ടനെ ആദ്യമായി കണ്ടുമുട്ടുന്നത് . പനി ബാധിതനായ ഷാജി ചേട്ടൻ തല്ക്കാലം ഷാജി ചേട്ടന്റെ മുറിയിൽ രാത്രി കഴിഞ്ഞുകൂടാൻ പറഞ്ഞു .

നേരം വെളുത്തപ്പോൾ, ഷാജി ചേട്ടൻ പറഞ്ഞു , ജയൻ അരവിന്ദന്റെ കൂടെ ഷൂട്ടി ങ്ങിനായി പോയതുകൊണ്ട് തന്റെ കൂടെ അസിസ്റ്റന്റ് ആയി ആരും ഇല്ലെന്നും ജയൻ തിരിച്ചു വരുന്നതുവരെ അസിസ്റ്റന്റ് ആയി കൂടെ നിൽക്കാനും പറഞ്ഞു . അങ്ങനെ യാണ് ഷാജി ചേട്ടന്റെ കൂടെ പഞ്ചവടി പാലത്തിൽ നാലഞ്ച് ദിവസം ഞാൻ ക്യാമറ അസിസ്റ്റന്റ് ആയിട്ട് വരുന്നത്.

പിന്നീട് നടന്ന ഷൂട്ടിംഗ് ചിദംബരമാണ്. ചിദംബരത്തിൽ ഞാൻ അരവിന്ദേട്ടന്റെ അസിസ്റ്റന്റ് ആയിട്ട് രാജീവിന്റെ കൂടെ നിൽക്കാൻ ആയിട്ടാണ് പോയത്. ഷാജി ചേട്ടനെ അസിസ്റ്റ് ചെയ്യേണ്ടിയിരുന്ന ജയൻ ഷൂട്ടിങ് തുടങ്ങിയ ദിവസം എത്തി യില്ല. വീണ്ടും, ജയൻ വരുന്നത് വരെ ഷാജി യുടെ കൂടെ നില്ക്കാൻ അരവിന്ദേട്ടൻ എന്നോട് പറഞ്ഞു. അങ്ങനെ ആ ചിത്രം മുഴുവൻ ഷാജി ചേട്ടന്റെ ഛായാഗ്രാഹക സഹായിയായി ഞാൻ നിന്നു .

പിന്നീട്, മീനമാസത്തിലെ സൂര്യൻ (ലെനിൻ രാജേന്ദ്രൻ)അരപ്പെട്ട കെട്ടിയ ഗ്രാമത്തിൽ (പി.പദ്മരാജൻ) , പ്രിൻസിപ്പൽ ഒളിവിൽ (ഗോപി കൃഷ്ണ) തുടങ്ങിയ സിനിമകളിൽ ഭാഗഭാക്കാകുവാനും എനിക്ക് സാധിച്ചു. ആ സമയത്താണ് കല്യാണം ഒക്കെ കഴിഞ്ഞു ഞാൻ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേക്ക് ജോലിയ്ക്കായി പോകുന്നത്. അവിടെ മെഡിക്കൽ എജ്യൂക്കേഷൻ പ്രോഗ്രാ മുകൾ ചെയ്യുകയായിരുന്നു എന്റെ ജോലി. ഒന്നൊന്നര കൊല്ലം കഴിഞ്ഞ് അത് വിട്ടിട്ട് മലയാളത്തിൽ തുടർന്ന് വർക്ക് ചെയ്യാമെന്ന് വിചാരിച്ച് തിരുവനന്തപുരത്ത് വന്നു .

അപ്പോൾ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഷാജി ചേട്ടനെ കാണാനായി ഞാൻ വീണ്ടും പോയി. അവിടെ ചെന്ന് കണ്ടപ്പോഴാണ് ഷാജി ചേട്ടൻ പറയുന്നത്, സണ്ണി ഇന്ന് വന്നത് നന്നായി , മറ്റന്നാൾ മുതൽ തൃശൂരിൽ ഒരു പടം ഷൂട്ടിംഗ് തുടങ്ങുകയാണ്. ഞാൻ ഷൂട്ട് ചെയ്യേണ്ട പടമായിരുന്നു, പക്ഷേ എനിക്ക് ഇവിടെ സ്റ്റുഡിയോയിൽ നിന്ന് പോവാൻ നിർവാ ഹമില്ല, അതുകൊണ്ട് സണ്ണി പോയി ഷൂട്ട് ചെയ്യൂ ... തീർത്ഥം (മോഹൻ) അതാണ് ഞാൻ ഇൻഡിപെൻഡന്റ് ആയിട്ട് ഛായാ ഗ്രാഹണം ചെയ്യുന്ന ആദ്യത്തെ സിനിമ.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

അവിടെ എനിക്ക് സംവിധായകൻ മോഹൻ സാറിനെ അന്ന് പരിചയമില്ല. സെവൻ ആർട്സിന്റെ ആദ്യത്തെ പടം. അവരെയും എനിക്ക് പരിചയമില്ല. ആകെ നായകവേഷം ചെയ്യുന്ന നെടുമുടി വേണുവിനെ മാത്രം അറിയാം. അരവിന്ദേട്ടന്റെ വീട്ടിൽ വച്ചു കണ്ട പരിചയം. പോകും മുമ്പ് ഷാജി ചേട്ടൻ പറഞ്ഞു, എന്റെ കൂടെ രണ്ടുപേരുണ്ട്, എം. ജെ. രാധാകൃഷ്ണനും പ്രതാപനും. എം. ജെ. രാധാകൃഷ്ണനെ വിളിച്ചുകൊണ്ടു പോയാ മതി, പ്രതാപൻ തൃശ്ശൂർ തന്നെയാണ്. വന്നോളും... അങ്ങനെ ഷാജി ചേട്ടന്റെ ഒരു സീക്കോണിക് ലൈറ്റ് മീറ്റർ കടം മേടിച്ച് ഞാൻ തൃശ്ശൂർക്ക് പോയി.

ഞങ്ങളവിടെ ചെന്നപ്പോൾ ചെറിയൊരു പ്രശ്നം. മെലിഞ്ഞുണങ്ങി മുടിയൊക്കെ




നീട്ടിവളർത്തിയ എന്നെയും ചുവന്ന കണ്ണുകളുള്ള രാധാകൃഷ്ണനെയും കണ്ടിട്ട് ഡ്രഗ്സ് ഉപയോഗിക്കുന്നവരാണെന്ന് ധരിച്ചിട്ട് ഞങ്ങളെ കൊണ്ട് വർക്ക് ചെയ്യിക്കാൻ അവർക്ക് ഒരു മടി. അതുകൊണ്ട് പ്രൊഡ്യൂസേഴ്സ് മധു അമ്പാട്ടിനെ ഫോണിൽ വിളിച്ചു... കുറച്ചുകഴിഞ്ഞപ്പോൾ എന്നെ പ്രൊഡ്യൂസറുടെ മുറിയിലേക്ക് വിളിപ്പിച്ചു. ഫോൺ എന്റെ കയ്യിൽ തന്നിട്ട് മധു അമ്പാട്ടിനോട് സംസാരിക്കുവാൻ പറഞ്ഞു. കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കിയ മധു അമ്പാട്ട് , പ്രൊഡ്യൂസേഴ്സി



നോട് സംസാരിക്കാമെന്ന് പറഞ്ഞു. ഫോൺ അവരുടെ കയ്യിൽ കൊടുക്കാൻ പറഞ്ഞു. ഫോൺ കൊടുത്തിട്ട് ഞാൻ തിരികെ പോന്നു.. ഞാൻ മനസ്സിലാക്കിയിടത്തോളം മധു അമ്പാട്ട് പ്രൊഡ്യൂസറോട് പറഞ്ഞത്, സണ്ണി ഉണ്ടെങ്കിൽ അവൻ ഷൂട്ട് ചെയ്തോളും, ഞാൻ വരേണ്ട കാര്യമില്ല എന്നാണ് . ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മുൻ പരിചയമുള്ള മധു അമ്പാട്ട് തന്റെ ആദ്യത്തെ പടം സണ്ണി ഷൂട്ട് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്ന സമയമായിരുന്നുവത്.

പിറ്റേദിവസം ഷൂട്ടിംഗ് തുടങ്ങി. പക്ഷേ അന്ന് പൂജ ഷോട്ട് മാത്രം എടുത്താൽ മതി. തൃശൂർ റൗണ്ടിലെ ശിവക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരത്തിന്റെ ഷോട്ട് .

അങ്ങനെ, ഞാൻ സ്വതന്ത്ര ഛായാഗ്രാഹകനായി തീർത്ഥം എന്ന സിനിമയിൽ വർക്ക് ചെയ്യുന്നതിൽ മധു അമ്പാട്ടിനും ഷാജി ചേട്ടനും വലിയ പങ്കുണ്ട്.

തീർത്ഥം മാനസികമായിഎന്നെ കുഴപ്പിച്ച ഒരു സിനിമയായിരുന്നു. രണ്ടാഴ്ചത്തെ ഷൂട്ടിങ്ങിനു ശേഷം,ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പ്രിന്റ് ചെയ്തുവന്ന റഷസ് കണ്ട് ഞാൻ ആകെ തകർന്നു. ഞാൻ ഭാവനയിൽ വിചാരിച്ചത് പോലെയൊന്നുമല്ല റഷസിൽ കണ്ടത്. ലൈറ്റിങ് ഒക്കെ എന്തോ ആയതുപോലെ. എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല. ഞാൻ ഷാജി ചേട്ടനെ



നാലാമത്തെ പടം ആയിരുന്നു പിറവി. എന്നെ സിനിമാട്ടോഗ്രാഫർ ആയിട്ട് ഏർപ്പെടുത്തുമെന്നു വിചാരിച്ചില്ല. മാക്സിമം ക്യാമറ ഓപ്പറേറ്റ് ചെയ്യാൻ എന്നോട് പറയും എന്ന് വിചാരിച്ചു. ലൊക്കേഷനിൽ വച്ചാണ് അദ്ദേഹം ചോദിച്ചത്,സണ്ണീ എന്നാൽ തുടങ്ങുകല്ലേ ? എന്ന് . അപ്പോൾ ഞാൻ ഒന്ന് കൺഫ്യൂസ്ഡ് ആയി. എന്നെ തന്നെ യാണോ ഉദ്ദേശിച്ചത് എന്ന് ?. അപ്പോൾ ഷാജി ചേട്ടൻ പറഞ്ഞു, ലെറ്റ് അസ് സ്റ്റാർട്ട് . ലൈറ്റ് അപ്പ് തുടങ്ങിക്കോളൂ എന്ന് !

ഞാൻ സജീവമായിട്ട് സ്ക്രിപ്റ്റ് ഡിസ്കഷനിൽ പങ്കെടുക്കുന്നുണ്ടായിരുന്നു.അതിന്റെ കൂടെ ടെക്നിക്കൽ ആയിട്ടുള്ള ചില കാര്യങ്ങളും സംസാരിക്കും. പിറവി മഴക്കാലത്ത് തന്നെ ഷൂട്ട് ചെയ്യണമെന്നൊരു തീരുമാനം എടുത്തിരുന്നു. ആദ്യത്തെ രണ്ട് സീസണിൽ മഴ ഉണ്ടാകില്ല എന്ന് കരുതി. ഞങ്ങൾ പിന്നീട് ഒക്ടോബർ - നവംബർ സമയത്തുള്ള ഒരു മഴക്കാലത്താണ് അത് ഷൂട്ട് ചെയ്തത് എന്നാണ് എന്റെ ഓർമ്മ. ഈ ഷൂട്ടിങ്ങിന് പോകുന്നതിന് രണ്ടു മൂന്ന് ആഴ്ച മുമ്പ് തിയേറ്റർ റിലീസിന് വേണ്ടി കലാഭവൻ തീയേറ്ററിൽ തർക്കോവ്സ്കിയുടെ സാക്രിഫൈസിന്റെ ഒരു പ്രിന്റ് ഉണ്ടായിരുന്നു. അപ്പോൾ ഷാജി ചേട്ടൻ പറഞ്ഞു , നമുക്ക് ഇതൊന്നു കാണാമെന്ന്. അങ്ങനെ ഞങ്ങൾ ഒരുമിച്ചിരുന്ന് വിളിച്ചിട്ട് പറഞ്ഞു , ഞാൻ ആകെ പെട്ടു, ഞാൻ ഇനി ചെയ്താൽ ശരിയാകുമോ എന്ന് സംശയം. ഷാജി ചേട്ടൻ തന്നെയാണ് അതിന് ധൈര്യം തന്നത്. നീ തുടങ്ങിയതാണ് , അത് തീർക്കാതെ പോകാൻ പറ്റില്ല എന്ന്. അപ്പോഴാണ് അറിയുന്നത് അത് കസ്റ്റംസിൽ നിന്നും പിടിച്ചെടുത്ത പഴയ യെല്ലോ സ്റ്റോക്ക് എന്നറിയുന്ന ഒരു ഫിലിമിലാണ് റഷസ് എടുത്തതെന്ന്. എന്തായാലും റഷസ് കണ്ടത് കൊണ്ട് അതിനു അനുസരിച്ചു എന്റെ ലൈറ്റിങ് ശൈലി ഒന്നും മാറ്റിയില്ല. എങ്ങനെ ഷൂട്ട് ചെയ്തോ അതുപോലെ തന്നെയാണ് വീണ്ടും ഷൂട്ട് ചെയ്തത്. പിന്നീട് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വച്ച് ഈ ചിത്രത്തിന്റെ റഷസ് കാണാനിടയായിരുന്ന അടൂർ ഗോപാലകൃഷ്ണൻ സാർ സണ്ണിയുടെ ഫോട്ടോഗ്രാഫി നന്നായിരിക്കുന്നു എന്ന് പറയുകയുണ്ടായി .

അതു കഴിഞ്ഞാണ് ഈണം മറന്ന കാറ്റ് (തോമസ് ഈശോ), ഒരേ തൂവൽ പക്ഷികൾ (രവീന്ദ്രൻ) എന്ന സിനിമകൾ ഞാൻ ചെയ്യുന്നത്. തീർത്ഥത്തിലെന്ന പോലെ ഈ രണ്ടു ചിത്രങ്ങളും ഷാജി ചേട്ടൻ ചെയ്യേണ്ട സിനിമകളായിരുന്നു. അങ്ങനെ എന്റെ ആദ്യത്തെ മൂന്നു സിനിമകളും ഷാജി ചേട്ടൻ എന്നെ ഏൽപ്പിച്ചതാണ്.



സാക്രിഫൈസ് കണ്ടു . അതിനെപ്പറ്റി വേറെ സംസാരം ഒന്നും ഉണ്ടായില്ല. എങ്കിലും പിറവിയുടെ ഛായാഗ്രഹണ ശൈലിയിൽ സാക്രിഫൈസിന്റെ സിനിമാട്ടോഗ്രഫി (സ്വെൻ നിക്ക് വിസ്റ്റ്) എന്നെ സ്വാധീനിച്ചിട്ടുണ്ടാവാം .

ലൊക്കേഷൻ കാണാനൊക്കെ ഞാൻ പോയിരുന്നു. പിറവിയിലെ വീട് തിരഞ്ഞെടുക്കാനാണ് ഏറെ പണിപ്പെട്ടത്. പഴയ ഒരു ഇല്ലം ഒത്തു കിട്ടിയതാണ് ആ സിനിമയുടെ വിജയത്തിന് ഒരു പ്രധാന കാരണം. ഞാൻ ലൈറ്റിംഗ് ചെയ്യും എന്ന് എനിക്കൊരു ധാരണ ഉണ്ടായിരുന്നില്ല. പക്ഷേ എന്നോട് ഷാജി ചേട്ടൻ മുന്നേ അത് പറഞ്ഞിരുന്നെങ്കിൽ ഞാൻ അതിനു വേണ്ടി കണക്കുകൂട്ടിയിട്ട് പല മുന്നൊരുക്കങ്ങൾ ചെയ്യുമായിരുന്നു. അതൊരു പക്ഷേ എന്റെ ടെൻഷൻ കൂട്ടിയേനെ. ഒട്ടും നിനച്ചിരിക്കാതെ പിറവിയുടെ ലൈറ്റിങ് തുടങ്ങിയതുകൊണ്ട് പിറവിയുടെ ലൈറ്റിങ് സ്വാഭാവികമായ ജൈവിക വളർച്ചയിലേക്കെത്തി. അതെന്റെ ഭാഗ്യം! വളരെ കുറച്ചു ലൈറ്റുകൾ ഉപയോഗിച്ചു ഷൂട്ട് ചെയ്ത ഒരു സിനിമയായിരുന്നു പിറവി .

ആ വീടും ബാക്കി പശ്ചാത്തലവും ഒക്കെ കേന്ദ്ര പ്രമേയത്തിന് ചേരുന്ന രീതിയിൽ ആയിരുന്നു. അന്തരീക്ഷവും കൃത്യമായ പാകത്തിൽ രൂപപ്പെട്ടു വന്നു. ഇതിൽ പ്രകൃതിയുടെ കനിവ് ഒക്കെയുണ്ട് .മഴ എപ്പോൾ പെയ്യുമെന്നു നമുക്കറിയാൻ പറ്റില്ല. പക്ഷെ മഴയെ സിനിമയ്ക്ക് അനുയോജ്യമായ രീതിയിലാക്കി ഞങ്ങൾ ചിത്രീകരണം തുടർന്നു. ശരിക്കും മഴയിലുള്ള രംഗങ്ങൾ കുറച്ചേ ഉള്ളൂ. ചില സമയത്ത് വീടിന് വെളിയിൽ മഴ പെയ്യുന്നുണ്ടാവും. മഴയുടെ ഒരന്തരീക്ഷം ചിത്രത്തിലാകെ തളംകെട്ടി നിൽക്കുന്നുണ്ട് . മഴയുടെ ഏറ്റവും വലിയ ആവശ്യം ഉണ്ടായിരുന്നത് ചിത്രത്തിന്റെ ക്ളൈമാക്സ് രംഗത്തിലായിരുന്നു. ഒരു ദിവസം മുഴുവൻ കാത്തിരുന്നിട്ട് മഴ പെയ്തില്ല. അതുകൊണ്ട് ഒരു അഗ്രികൾച്ചറൽ പമ്പ് വെച്ചിട്ട് വീടിന്റെ മേൽക്കൂരയിലേക്ക് വെള്ളം പമ്പ് ചെയ്തു. ഷൂട്ട് ചെയ്തത് വീടിന്റെ ഉള്ളിൽ നിന്ന് വീടിന്റെ പുറത്തേക്കാണ്. അങ്ങനെ പുറത്തേക്ക് നോക്കുമ്പോൾ നല്ല കോരിച്ചൊരിയുന്ന മഴ പോലെ തോന്നും. ഈ രംഗം നട്ടുച്ചയ്ക്കാണ് ഷൂട്ട് ചെയ്യാൻ സാധിച്ചത്. പക്ഷെ അന്തരീക്ഷം ക്ലൗഡി ആയി നിന്നതു കൊണ്ട് മുന്നേയുള്ള സീനുമായി കണ്ടിന്യൂയിറ്റി ഉണ്ടായി .

വീട്ടിലേക്ക് വരുന്ന അച്ഛനും വള്ളക്കാരനും വൈകിട്ട് ആറുമണി സമയത്താണ് ഷൂട്ട് ചെയ്തത് . എന്നാൽ തുടർന്ന് വരുന്ന ക്ളൈമാക്സ് രംഗം ഷൂട്ട് ചെയ്തത് നട്ടുച്ച സമയത്തും! ഈ രണ്ടു രംഗങ്ങളും മാച്ച് ചെയ്യുന്നതിന് നട്ടുച്ചയ്ക്കെടുത്ത സീൻ അണ്ടർ എക്സ്പോസ് ചെയ്യണമായിരുന്നു. പക്ഷെ, പ്രിന്റ് എടുത്തപ്പോൾ അത് ഞാൻ മനസ്സിൽ വിഭാവനം ചെയ്തത് പോലെത്തന്നെ കിട്ടി. പിറവിയുടെ ഫസ്റ്റ് കോപ്പി ചിത്രാഞ്ജലിയിൽ തന്നെ ഇട്ടു കണ്ടു. ഫോട്ടോഗ്രാഫി നന്നായിരിക്കുന്നു എന്ന് ഷാജി ചേട്ടനും മറ്റെല്ലാവരും അഭിപ്രായം പറഞ്ഞു .

ഒരു സിനിമ ഏത് രീതിയിൽ മുന്നോട്ടു പോകുമെന്ന് അതിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ നമുക്ക് അറിയാൻ പറ്റത്തില്ല. ഷൂട്ടിങ്ങിന്റെ അവസാന ദിവസം ജയചന്ദ്രൻ സാർ എന്നോട് ചോദിച്ചു, പടം തീയേറ്ററിൽ ഓടുമോ എന്ന്.ഞാൻ പറഞ്ഞു, അത് അറിയാമായിരുന്നെങ്കിൽ ഞാനൊരു പ്രൊഡ്യൂസർ ആകുമായിരുന്നു ... പക്ഷേ പിറവി ആരെയും ആകർഷിക്കുന്ന സിനിമ ആയിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ആ വർഷത്തെ ഫിലിം ഫെസ്റ്റിവൽ കൽക്കട്ടയിൽ വെച്ചായിരുന്നു. എന്റെ ഗുരുനാഥൻ കൂടിയായ സുബ്രതോ മിത്രയെ പിറവി കാണിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തിന് മാത്രമായിട്ട് ഒരു സ്ക്രീനിങ് നടത്തി. അത് കണ്ടുകഴിഞ്ഞതിനുശേഷം അന്ന് മുഴുവൻ അദ്ദേഹം എന്റെ കൂടെ നടന്ന് പിറവിയെ പറ്റി ചർച്ച ചെയ്തു. പിറവിയും പിറവിയുടെ സിനിമാട്ടോഗ്രഫിയും അദ്ദേഹത്തിന് ഇഷ്ടപ്പെട്ടുവെന്ന് മനസ്സിലായപ്പോൾ എനിക്ക് വലിയ സന്തോഷമായി. എന്റെ പല സിനിമകളും കണ്ടുകഴിഞ്ഞപ്പോൾ സുബ്രതോ മിത്ര എന്നോട് ചോദിച്ചു : ഡു യൂ നോ വൈ



ഐ ലൈക് യുവർ സിനിമോട്ടോഗ്രാഫി? അപ്പോൾ ഞാൻ പറഞ്ഞു, യൂ ടെൽ മി ദാദാ ...അദ്ദേഹം പറഞ്ഞു, ബികോസ് യുവർ ലൈറ്റിംഗ് ഡസ് നോട്ട് ലുക്ക് ലിറ്റ് അപ്. അദ്ദേഹം പറഞ്ഞത്, ഇതിൽ ലൈറ്റ് ചെയ്തിട്ടുണ്ടെന്ന് തോന്നുന്നില്ല എന്നാണ്. അത്രയ്ക്കും നാച്യുറാലിറ്റിയും ആംബിയൻസും ലൈറ്റിങ്ങിലൂടെ കൊണ്ടുവരാൻ എന്റെ സിനിമകളിൽ ഞാൻ ശ്രമിക്കാറുണ്ട്. പിറവിക്ക് ഒരുപാട് സ്ഥലങ്ങളിൽ അവാർഡുകളും കിട്ടി. കാനിൽ വരെ പ്രദർശിപ്പിച്ച് അംഗീകാരങ്ങൾ നേടി .

ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പോകുന്നതിനു മുമ്പ് തന്നെ അരവിന്ദനാണ് എന്റെ ഗുരു. എന്റെ ശ്രദ്ധ മുഴുവൻ സംവിധാനത്തിൽ ആയിരുന്നു. ഫോട്ടോഗ്രാഫി എനിക്കറിയാം. ഓളവും തീരവും പോലുള്ള സിനിമകൾ കണ്ടത് എന്നിൽ ഫോട്ടോഗ്രാഫിയിൽ താല്പര്യമുണ്ടാക്കിയിരുന്നു. ചെറുപ്പത്തിൽ എന്റെ ചിറ്റപ്പന്റെ ഒരു ബോക്സ് ക്യാമറയിലാണ് ഞാൻ ആദ്യമായിട്ട് ഫോട്ടോ എടുത്തു തുടങ്ങിയത്. അങ്ങനെയൊരു താല്പര്യം ഉള്ളതുകൊണ്ട് സിനിമയുടെ ടെക്നിക്കൽ സൈഡ് ഞാൻ നോക്കും. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂ



ട്ടിൽ എത്തിയപ്പോൾ സംവിധാനം പഠിക്കണമെന്നുള്ളത് മാറ്റി. എഡിറ്റിംഗ് ആണ് ഫോക്കസ് ചെയ്തത്. ഒടുവിൽ സിനിമാട്ടോഗ്രഫിയും.

പിറവിയെ കുറിച്ച് പറയുമ്പോൾ കാഞ്ഞങ്ങാട് ഷൂട്ടിങ് പതിന്നാല് ദിവസം. തിരുവനന്തപുരത്ത് പന്ത്രണ്ട് ദിവസവും. രാത്രി അധികം ഷൂട്ടിംഗ് ഇല്ലായിരുന്നു. ഒരു ഫ്രെയിം വച്ചു കഴിഞ്ഞാൽ നമ്മൾ അത് സാധാരണ പോലെ റിഹേഴ്സൽ കാണും. പിന്നെ മൂന്ന് ടേക്കിനകത്ത് ഷോട്ട് തീർക്കും. അതിനകത്ത് നമുക്ക് വേണ്ടതുപോലെ കിട്ടുമ്പോൾ ഒരു സന്തോഷം. ലൈറ്റിങ് ആണ് വേണ്ടത്ര ശ്രദ്ധിക്കുന്നത്. പിന്നെ പശ്ചാത്തലവും.

സാധാരണ ഒരു സിനിമ ചെയ്യുമ്പോൾ പശ്ചാത്തലം മിക്കവാറും വൈറ്റ് വാഷ് ചെയ്ത ഒരു ഭിത്തിയായിരിക്കും. അപ്പോൾ ആ സീനുകളിലെ ലൈറ്റിങ് അത്ര ശ്രദ്ധിച്ചു എന്ന് വരില്ല. പക്ഷെ പിറവിയിൽ അങ്ങനെയല്ല. ലൈറ്റിങ് നമുക്ക് കൃത്യമായി മനസ്സിലാകുന്ന രീതിയിലാണ് ചെങ്കല്ലു കൊണ്ട് നിർമ്മിച്ച വീടിന്റെ പശ്ചാത്തലം .

ചിദംബരത്തിനു ശേഷം രണ്ടു സിനിമയേ അരവിന്ദേട്ടൻ ചെയ്തുള്ളൂ. ഉണ്ണിയും വാസ്തുഹാരയും . ഉണ്ണി ഹാർഡ് വാർഡ് യൂണിവേഴ്സിറ്റി സ്റ്റുഡൻസിന്റെ ഒരു വർക്ഷോപ് ഫിലിം ആയിരുന്നു. അരവിന്ദേട്ടൻ ഡയറക്ട് ചെയ്തത് മാത്രമേ ഉള്ളൂ. സ്ക്രിപ്റ്റ് എഴുതിയിരുന്നത് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരാണ്. ഡോക്യൂമെന്ററി രീതിയെന്ന് പറയാം. അതിനുശേഷം വാസ്തുഹാരയിലും വർക്ക് ചെയ്യാൻ ഇടയായി . വാസ്തുഹാര എന്ന സിനിമ പ്ലെയ്സ് ചെയ്തിരിക്കുന്നത് ഒരു ഡോക്യു ഫിക്ഷൻ തലത്തിലാണ്. വളരെ നാളുകൾക്ക് ശേഷം മലയാള സിനിമയിൽ സിംക്രണൈസ് സൗണ്ട് റെക്കോർഡിങ് ചെയ്ത ഒരു സിനിമയായിരുന്നു വാസ്തുഹാര .

ഷാജി ചേട്ടന്റെ കൂടെ വർക്ക് ചെയ്തപ്പോഴും വേണുവിന്റെ കൂടെ വർക്ക് ചെയ്തപ്പോഴും നമ്മളെക്കാളും ക്രാഫ്റ്റ് അറിയുന്നവർ ഉള്ളതുകൊണ്ട് ഞാൻ ഇത്തിരി എക്സ്പിരിമെന്റ് നടത്തും. അതിലെന്തെങ്കിലും തെറ്റുപറ്റിയാൽ തിരുത്താൻ ഒരാൾ ഉള്ളതുകൊണ്ട് ധൈര്യമുണ്ടാകും. നമ്മുടെ തന്നെ പോസിബിലിറ്റികൾ കുറെക്കൂടെ എക്സ്റ്റന്റ് ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. അല്ലെങ്കിൽ, ഇതു മതി ഇതിൽ കൂടുതൽ വേണ്ട എന്ന് പറഞ്ഞിട്ട് അത് നമ്മൾ തന്നെ നിർത്തി കളയും .





ഒരു ഡയറക്ടറും ഒരു സിനിമോട്ടോഗ്രാഫറും തമ്മിലുള്ള ഒരു കെമിസ്ട്രി ഉണ്ടാകുന്നതും പലപ്പോഴും ലോക സിനിമയിൽ തന്നെ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതും നമുക്ക് പരിചിതമാണ് . ഇന്ത്യയിൽ സംവിധായകനും സിനിമാട്ടോഗ്രാഫറും തമ്മിലുള്ള കലാപരമായ അടുപ്പത്തിന് സത്യജിത്റായിയും സുബ്രതോ മിത്രയും ഒരു ഉദാഹരണമാണ് .

അതുപോലെതന്നെ വളരെ ദൃഢമായിട്ടുള്ള, പരസ്പരം പൂരകം ആയിട്ടുള്ള ഒരു ബന്ധമായി ഉണ്ടായിരുന്നത്. ഷാജി ചേട്ടന്റെ വിഷൽ സെൻസിബിലിറ്റിയും അരവിന്ദന്റെ വൈവിധ്യമാർന്ന പ്രമേയങ്ങളുടെ ദർശനവും ഒന്നുചേർന്നപ്പോൾ കൊടുക്കൽ വാങ്ങലുകൾ രണ്ടിടത്തും രണ്ടുപേരിലും ഉണ്ടായി. അരവിന്ദൻ ഷാജിയെ ഇൻഫ്ളുവൻസ് ചെയ്തിട്ടുണ്ട് അതുപോലെ ഷാജി അരവിന്ദനെയും. അത് നല്ലതിനാണ്. അത്തരത്തിൽ വളരെ യുണീക്കായിട്ടുള്ള ഒരു കെമിസ്ട്രിയായിരുന്നു അവർ തമ്മിലുള്ളത്. വ്യത്യസ്തമായ രീതിയിൽ സിനിമ ചെയ്യാൻ ഷാജി ചേട്ടന് സാധിച്ചു .ഷാജിചേട്ടനും അരവിന്ദനും തമ്മിലുള്ള കൂട്ടുകെട്ട് ആരംഭിച്ചത് കാഞ്ചന സീതയിലാണ്. ഇന്ത്യൻ സിനിമയിൽ അപൂർവ്വമായൊരു വിഷൽ ഗ്രാമർ കാഞ്ചന സീതയിൽ കാണാം. തമ്പിലും കുമ്മാട്ടിയിലും എസ്തപ്പാനിലും പോക്കുവെയിലിലും സിനിമാട്ടോഗ്രഫി ഒന്നിനൊന്ന് വ്യത്യസ്തമാണ്. പ്രമേയത്തിലും ആഖ്യാനത്തിലും പരീക്ഷണം തന്നെ. അത് മലയാള സർഗ്ഗാത്മക സിനിമയുടെ സുവർണ്ണകാലമായിരുന്നു .





www.ksfe.com
??KSFE ( adv)
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



# ഷാജി .എൻ .കരുൺ, സ്മരണകളിൽ എന്നുമെന്നും



**ടി . കൃഷ്ണനുണ്ണി**
( സൗണ്ട് ഡിസൈനർ )



ഷാജി എൻ. കരുണിനെ ഞാൻ പരിചയപ്പെടുന്നത് 1973 ലാണ് . ഫിലിം ഇൻസ്റ്റിറ്റ്യൂ ട്ടിൽ ചേരുന്നതിന് മുമ്പ് തന്നെ. എന്റെ സിനിമാ കരിയറിന് അദ്ദേഹത്തിന്റെ ചെറിയ പ്രോത്സാഹനവും കാരണമായി എന്നർത്ഥം.

പിന്നീട് 1980 ൽ ഞാൻ ചിത്രാഞ്ജലി സ്റ്റുഡിയോവിൽ ചേരുന്നതിനും അദ്ദേഹം നിമിത്തമായി എന്ന് പറയാം . ബോംബെ യിൽ നിന്ന് ഏകദേശം ഒരു മണിക്കൂർ നീണ്ട ഒരു ഫോൺ കോൾന് ശേഷമായി രുന്നു അത്. അദ്ദേഹം അന്ന് അവിടെ സ്റ്റുഡിയോ മാനേജർ ആയിരുന്നു .

ഒരു സുഹൃത്തിനെ പോലെയോ സഹ പ്രവർത്തകനെ പോലെയോ ഷാജിയെ കണക്കാക്കിയിരുന്ന ഞാൻ വേറൊരു വ്യക്തിയെയാണ് അവിടെ കണ്ടത്. ഏറ്റവും നല്ല മാനേജർ. കാര്യങ്ങൾ വിജയകരമായി നടത്താൻ ഏതറ്റം വരെയും പോകാൻ ഉറച്ച ഒരാൾ. പിന്നീടുണ്ടായ ചിത്രാഞ്ജലിയുടെ വളർച്ചക്കുള്ള അടിത്തറ ശക്തമാക്കിയത് അദ്ദേഹം തന്നെ എന്ന് നിസ്സംശയം പറയാം.

പിറവി എന്ന പടത്തിന്റെ ആശയം പിറന്ന കാലം തന്നെ അതിന്റെ ശബ്ദരേഖയുടെ രൂപരേഖയും അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു . ദുഃഖം ആയിരുന്നു പ്രമേയം. പുത്രദുഃഖം. മഴ കോരിച്ചൊരിയുന്ന വടക്ക ൻ കേരളത്തിൽ മഴക്കാലത്ത് തന്നെ ചിത്രീ



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

കരണം തീർച്ചപ്പെടുത്തിയതും അത് കൊണ്ടു തന്നെ ആയിരിക്കണം. ശബ്ദരേഖയിലും മഴ തന്നെ മുഖ്യം . പലതരം മഴശബ്ദങ്ങൾ ലേഖനം ചെയ്തെടുക്കുക ഒരു വെല്ലുവിളി തന്നെ ആയിരുന്നു.

തന്റെ സിനിമയുടെ ശബ്ദരൂപകല്പനയെ പറ്റി പൂർണമായും ഉറപ്പിച്ചിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ. അതെന്നെ അത്ഭുതപ്പെടുത്തി. അക്കാലത്ത് മലയാള സിനിമയിൽ പല സംവിധായകരും ചിന്തിക്കുക പോലും ചെയ്യാത്ത ഒരു കാര്യം. പിറവിയുടെ ശബ്ദരേഖഇന്നും മലയാള സിനിമാ ശബ്ദരേഖകളിൽ മുൻ പന്തിയിൽ തന്നെയാണ്. സംവിധായകന്റെ ശബ്ദരേഖയെ കുറിച്ചുള്ള മുൻ ധാരണ തന്നെയാണ് അതിന് കാരണം.



നിലപാടുകളിൽ ഉറച്ചു നിൽക്കുകയെന്ന തായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം . ആരെ തിർത്താലും അതിൽ മാറ്റം വരുത്തുന്ന പ്രശ്നമില്ല . ജെ. സി. ഡാനിയൽ അവാർഡ് മുഖ്യമന്ത്രിയിൽ നിന്ന് വേദിയിൽ വച്ച് സ്വീകരിക്കണം എന്ന് അദ്ദേഹത്തിന്റെ ഉറച്ച നിലപാട് തന്നെയായിരുന്നു രോഗബാധി തനായിരുന്നെങ്കിലും അത് അദ്ദേഹത്തിന് നിർവ്വഹിക്കാൻ കഴിഞ്ഞു .

അദ്ദേഹത്തിന്റെ പല സിനിമകളുടെ വിജയ ത്തിന്റെ പിന്നിലും ഇത്തരം ഉറച്ചനിലപാടു കൾ തന്നെ ആയിരുന്നു. സോപാനം എന്ന സിനിമയിൽ ചെണ്ടമേളം തുറസ്സായ സ്ഥല ത്ത് വച്ച് തന്നെ റിക്കോർഡ് ചെയ്യണം എന്ന നിർബന്ധം എന്നെ അത്ഭുതപ്പെടുത്തി . കാരണം ഞാനും അത് പോലെ തന്നെയാ ണ് ചിന്തിച്ചത് . ഒരു സ്റ്റുഡിയോയ്ക്കകത്ത് റിക്കോർഡ് ചെയ്താൽ ചെണ്ടയുടെ ഒറി ജിനൽ ടോൺ കിട്ടില്ലെന്ന് എന്നെ പോലെ അദ്ദേഹത്തിനും അറിയാമായിരുന്നു.പഠി ച്ചത് സിനിമാട്ടോഗ്രഫി ആയിരുന്നെങ്കിലും സിനിമയുടെ എല്ലാ വിഭാഗത്തെ പറ്റിയും അദ്ദേഹത്തിനുള്ള അവഗാഹം വിസ്മയി പ്പിക്കുന്നതായിരുന്നു.

കുട്ടിസ്രാങ്ക് ആണ് അദ്ദേഹം ശബ്ദ രൂപ കൽപന കൊണ്ടും എഡിറ്റിംഗ് കൊണ്ടും പ്രേക്ഷകരെ വിസ്മയിപ്പിച്ച മറ്റൊരു ചിത്രം. ഒരു പ്രൊട്ടഗണിസ്റ്റിന്റെ മൂന്ന് വ്യത്യസ്ത ഭാവങ്ങൾ മമ്മുട്ടി എന്ന അഭിനയപ്രതിഭയുടെ അനായാസ പ്രകടനം .അപ്രതീക്ഷിതവും അതേ സമയം സ്വതസ്സിദ്ധവുമായ ശബ്ദ പശ്ചാത്തലം. അത്തരം ഒരു ചലച്ചിത്രം മല യാളത്തിൽ വേറെ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്.

അദ്ദേഹത്തിന്റെ സുഹൃദ് വലയം വിശാലമാ യിരുന്നു. ചലച്ചിത്രരംഗത്തിന് പുറത്ത് രാഷ്ട്രീയ രംഗത്തും സാമൂഹിക രംഗത്തും



അന്താരാഷ്ട്ര ചലച്ചിത്ര പ്രതിഭകളിലേക്കും ആ സുഹൃദ് വലയം എത്തിച്ചേർന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സ്ഥാപക ചെയർമാൻ എന്ന നിലയിൽ പിന്നീടുണ്ടായ എല്ലാ ഫിലിം ഫെസ്റ്റിവലുകളുടെയും വിജയകരമായ നടത്തിപ്പിന് പിന്നിൽ ഷാജി. എൻ. കരുണിന്റെ ഇച്ഛാശക്തിയും നിലപാടുകളും അന്തർദേശീയ ചലച്ചിത്ര ബന്ധങ്ങളും തന്നെയായിരുന്നുവെന്ന് തീർച്ചയാണ് .

ചലച്ചിത്രത്തിലെ സംഗീത രേഖ, അത് ഗാനമായാലും പശ്ചാത്തല സംഗീതമായാലും, ദൃശ്യങ്ങളോട് ഒത്തു തന്നെ പോകണം എന്ന് നിർബന്ധമായിരുന്നു, അദ്ദേഹത്തിന് . സംഗീതത്തിൽ നല്ല അവഗാഹമുണ്ടായിരുന്നു, പ്രത്യേകിച്ചും ക്ലാസിക്കൽ സംഗീതത്തിൽ.

അത് കൊണ്ട് തന്നെ മികച്ച സംഗീത പ്രതിഭകൾ അദ്ദേഹത്തിന്റെ ചിത്രങ്ങൾക്ക് സംഗീതം നൽകി. ഐസക് തോമസും ഷാജി. എൻ. കരുണും തമ്മിലുള്ള ഗാഢബന്ധം സംഗീതത്തിലൂന്നിയതായിരുന്നു. അത്യുച്ചത്തിലുള്ള സംഗീത സന്നിവേശം രണ്ടു പേരും ഇഷ്ടപ്പെട്ടില്ല. ശബ്ദമിശ്രണ വേളയിൽ ഈ വിഷയത്തെ പറ്റി അവർ തമ്മിലുള്ള ചർച്ചകൾ സജീവമായിരുന്നു.

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീനവൽക്കരണമായിരുന്നു കെ എസ് എഫ് ഡി സി ചെയർമാനായിരുന്ന അദ്ദേഹത്തിന്റെ മനസ്സിൽ മുഴുവനും. പലകാരണങ്ങളാലും അത് നീണ്ടുപോയികൊണ്ടിരുന്നു. ഒടുവിൽ ആ സ്വപ്നം ബാക്കി വച്ച് അദ്ദേഹം മടങ്ങി.

മരിക്കുന്നതിന് രണ്ടാഴ്ചയോളം മുൻപ് വീട്ടിൽ പോയി കണ്ടപ്പോഴും ചിത്രാഞ്ജലി മോഡണൈസേഷനായിരുന്നു സംസാരവിഷയം .

ഏകദേശം ഒരു മാസം മുൻപ് ഇപ്പോഴത്തെ കെ. എസ് എഫ് ഡി സി ചെയർമാൻ മോഡേണൈസേഷന്റെ ആദ്യ ഘട്ടം ഉദ്ഘാടനത്തിന് ക്ഷണിച്ചപ്പോൾ, ഷാജി.എൻ. കരുൺ ഉണ്ടായിരുന്നെങ്കിൽ എന്നാശിച്ച് പോയി.

നമ്മളെ വിട്ടു പോയെങ്കിലും എന്നുമെന്നും നമ്മുടെ സ്മരണകളിലെല്ലാം ജീവിച്ചു കൊണ്ടേയിരിക്കും ഷാജി സാർ.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# ഷാജി ; നിഴലിലും വെളിച്ചത്തിലും



ഡോ. എം .ജി . ശശിഭൂഷൺ



ഷാജി. എൻ. കരുണിനെ ആദ്യമായി പരിചയപ്പെടുമ്പോൾ ഞങ്ങൾ രണ്ടുപേരും സ്കൂൾ വിദ്യാർത്ഥികളായിരുന്നു. തിരുവനന്തപുരം നഗരത്തിലുള്ള വ്യത്യസ്തങ്ങളായ രണ്ട് സ്കൂളുകളിൽ പഠിക്കുന്നവർ .

അഖിലകേരള ബാലജനസഖ്യത്തിന്റെ തിരുവനന്തപുരം കോഓർഡിനേറ്റർ ആണ് ,ഞങ്ങളെ പരസ്പ്പരം ബന്ധപ്പെടുത്തിയത്. വൈ. എം. സി. എ യിൽ വച്ചുനടന്ന ബാലജനസഖ്യത്തിന്റ വാർഷിക സമ്മേളനം, എന്നെ തിരുവനന്തപുരം യൂണിയന്റെ പ്രസിഡന്റ് ആയും ഷാജിയെ സെക്രട്ടറി ആയും 1965 -66 ൽ തെരെഞ്ഞെടുത്തു .

അക്കാലത്തുതന്നെ ഷാജി ഞങ്ങൾക്കിടയിൽ അറിയപ്പെടുന്ന ഒരു ഫോട്ടോഗ്രാഫർ ആയിരുന്നു. പ്രസംഗ മത്സരങ്ങളിൽ പങ്കെടുത്തു സമ്മാനങ്ങൾ നേടണമെന്ന മോഹങ്ങളുമായി കഴിയുന്നവരിൽ ഒരാളായിരുന്നു ഞാൻ .

യൂണിവേഴ്സിറ്റി കോളേജിൽ വെച്ചാണ് ഷാജി യെ പിന്നീട് കാണുന്നത്. ഞങ്ങൾ ഞങ്ങൾ രണ്ടുപേരും ബി. എസ്. സി. വിദ്യാർത്ഥികളായിരുന്നു. ഞാൻ ബോട്ടണി പഠിക്കുമ്പോൾ, ഷാജി കെമിസ്ട്രി ആണ് തെരെഞ്ഞെടുത്തത്. ഇംഗ്ളീഷ് ക്ലാസിലും മലയാളം ക്ലാസിലും ഞങ്ങൾ ഒന്നിക്കാറുണ്ടായിരുന്നു. ഓ .എൻ .വി സാറിന്റെ ക്ളാസുകളിൽ അതീവ ശ്രദ്ധയോടെ മുൻബെഞ്ചിൽ ഇരിക്കാറുണ്ടായിരുന്ന ആ വിദ്യാർത്ഥിയെ ഞാനിപ്പോഴും ഓർക്കുന്നു .

ബി. എസ്. സി കഴിഞ്ഞപ്പോൾ, ഷാജി പൂനയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടത്തെ പഠനം പൂർത്തിയാക്കിയ ഉടനെ, ഐ.എസ്.ആർ.ഓ യുടെ ബോംബെ കേന്ദ്രത്തിൽ സയൻസ് ഫോട്ടോഗ്രാഫർ ആയി ചേർന്നു . കൃത്രിമ ഉപഗ്രഹങ്ങൾ എടുക്കുന്ന ഫോട്ടോഗ്രാഫുകൾ ലൈബ്രറി ആർകൈവ്സിനു വേണ്ടി തരം തിരിക്കുകയും മറ്റുമായിരുന്നു ഷാജിയുടെ ജോലി .

ആയിടെയാണ് ഷാജി , അരവിന്ദനെ ആദ്യമായി പരിചയപ്പെട്ടത് . മദിരാശിയിലെ സാമീസ് ലോഡ്ജിൽ , ഉത്തരായണത്തിന്റെ അവസാന ജോലികളുമായി കഴിഞ്ഞിരുന്ന ജി. അരവിന്ദനെ കാണാൻ, ഷാജി തന്റെ സുഹൃത്തിനൊപ്പം വരുമ്പോൾ ഞാനും അരവിന്ദന്റെ മുറിയിൽ ഉണ്ടായിരുന്നു. മദിരാശിയിലെ വാഹിനി സ്റ്റുഡിയോയിൽ

വെച്ച് പിറ്റേ ദിവസം നടന്ന ഉത്തരായണത്തിന്റെ പ്രിവ്യുവിനു ഞങ്ങളിരുവരും കാഴ്ചക്കാരായി ഉണ്ടായിരുന്നു .

ഷാജി പിന്നീട് അരവിന്ദന്റെ ഛായാഗ്രാഹകനായി ചേർന്നപ്പോൾ പലരും അത്ഭുതപ്പെട്ടു . കാഞ്ചന സീത, കുമ്മാട്ടി , തമ്പ് , എസ്തപ്പാൻ , പോക്കുവെയിൽ , ചിദംബരം , ഒരിടത്ത് തുടങ്ങിയ അരവിന്ദൻ സിനിമകളുടെ ക്യാമറാമാൻ ഷാജിയായിരുന്നു. സംഭാഷണങ്ങളിൽ അതീവ മിതഭാഷികളായിരുന്നു ഷാജിയും അരവിന്ദനും. അരവിന്ദൻ ഷൂട്ടിങ്ങിൽ ആഗ്രഹിക്കുന്നത് എന്താണെന്ന് തിരിച്ചറിയാൻ ഷാജിക്ക് അനായാസം കഴിഞ്ഞിരുന്നു . സ്റ്റാർട്ടും കട്ടും ഇല്ലാത്ത അരവിന്ദൻ സിനിമകളുടെ ചിത്രീകരണം കാഴ്ചക്കാരായ ഞങ്ങൾക്കെല്ലാം അത്ഭുതമായിരുന്നു .

ക്യാമറ എവിടെ വെയ്ക്കണമെന്ന് തീരുമാനിക്കുന്നത് എപ്പോഴും അരവിന്ദനാണ്. ഷോട്ട് എവിടെ നിർത്തണമെന്നും അരവിന്ദൻ ഒരു ആംഗ്യം കൊണ്ട് ചിലപ്പോൾ കാണിച്ചിരുന്നു. ഷാജിയുടെ സർഗ്ഗസ്വാതന്ത്ര്യങ്ങളിൽ അരവിന്ദൻ ഒരിക്കലും ഇടപെട്ടിരുന്നില്ല. നിഴലും വെളിച്ചവും എങ്ങനെ ഇടകലരണമെന്നു തീരുമാനിക്കുന്നത് ഷാജിയായിരുന്നു. ഫ്രെയിമുകളുടെ തുടർച്ച പോലും എങ്ങനെ വേണമെന്നു തീരുമാനിക്കാൻ ഷാജിയെ അനുവദിച്ചിരുന്നു. ഇവർ ഏതു ഭാഷയിലാണ് ആശയവിനിമയം നടത്തുന്നതെന്ന് ചിദംബരത്തിന്റെ ഷൂട്ടിങ് വേളയിൽ സ്മിത പാട്ടീൽ അത്ഭുതപ്പെട്ടത് ഓർക്കുന്നു .

അസാധാരണമായ ഒരു ഗുരു - ശിഷ്യ ബന്ധമെന്നാണ് , ഞങ്ങളെല്ലാം ഈ മനഃപൊരുത്തത്തെ വിശേഷിപ്പിച്ചത് . മലയാള ചലച്ചിത്ര ചരിത്രത്തിലെ ഉജ്വല അധ്യായമായി ആ ബന്ധം ഒരു വ്യാഴവട്ടത്തിലേറെക്കാലം തുടർന്നു .

പിറവിയുടെ ഷൂട്ടിങ് നടക്കുമ്പോഴാണ് ആ ബന്ധം ഉലഞ്ഞത്. സ്വതന്ത്രമായി ഒരു സിനിമ സംവിധാനം ചെയ്യുന്ന , തന്നോട് അരവിന്ദൻ കാണിച്ചത് ഒരു പെരുന്തച്ചൻ മനോഭാവമാണോ എന്ന് ഷാജി സംശയിച്ചു. അരവിന്ദന്റെ ഭാഗത്തുമുണ്ടായിരുന്നു ചില തെറ്റുകൾ. രവീന്ദ്രന്റെ ഒരേ തൂവൽ പക്ഷികളുടെ ചിത്രീകരണ സ്ഥലത്തേക്ക് പോകുവാൻ അരവിന്ദൻ കാണിച്ച ധൃതി ഷാജിയെ അസ്വസ്ഥനാക്കി. പുതിയ ഗുരുവായി എത്തിയ എസ്. ജയചന്ദ്രൻ നായർക്ക് അവരുടെ അകൽച്ച ഇല്ലാതാക്കാൻ കഴിഞ്ഞില്ല. ശ്രമിച്ചില്ലെന്നാണ് ഞാൻ പറയുക .

ഷാജി പിന്നീടൊരിക്കലും അരവിന്ദന് വേണ്ടി ക്യാമറ എടുത്തില്ല . സണ്ണി ജോസഫിനെ അരവിന്ദന്റെ ക്യാമറാമാനായി നിർദ്ദേശിച്ചത് ഷാജി തന്നെയായിരുന്നു. ഷാജി ഒരിക്കലും ഗുരുവിനെ തള്ളിപ്പറഞ്ഞില്ല. പരിഭവങ്ങൾ പ്രകടിപ്പിച്ചിരുന്നെങ്കിലും ഗുരുവും ശിഷ്യനെ ശപിച്ചില്ല . അവർ വഴിപിരിയുമ്പോൾ അവിടെ ഞങ്ങൾ ചിലർ ഉണ്ടായിരുന്നു. ' ഷാജി എനിക്ക് രാമുവിനെ പോലെയാണ് ' -അന്നൊരിക്കൽ അരവിന്ദൻ ചെറിയൊരു സങ്കടത്തോടെ എന്നോട് പറഞ്ഞു. അച്ഛനും മകനും തമ്മിലുള്ള പിണക്കങ്ങൾ ശാശ്വതമാവില്ലെന്ന് ഞങ്ങളും വിശ്വസിച്ചു. അരവിന്ദന്റെ അപ്രതീക്ഷിതമായ മരണം, പക്ഷെ എല്ലാത്തിനും പൂർണ്ണ വിരാമമിട്ടു ...

2024 ലെ വിജയദശമി ദിവസമാണ് ഞാൻ ഷാജിയെ അവസാനമായി കണ്ടത്. രോഗവിവരം അപ്പോഴും എന്നോട് പറഞ്ഞില്ല. കഠിനംകുളം മഹാദേവ ക്ഷേത്രത്തിലെ അക്ഷര ഗുരുക്കന്മാരായി എത്തിയതായിരുന്നു ഞങ്ങൾ ഇരുവരും . ●

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



# ലോകചലച്ചിത്രോത്സവ ഭൂപടവും ഐ എഫ് എഫ് കെ യുടെ സങ്കൽപവും

**ഷാജി എൻ കരുൺ**

( 01 Jan 1952 - 28 Apr 2025 )



**സാബു ശങ്കർ**
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ , സംവിധായകൻ )

## ഷാജി എൻ കരുണുമായി സാബു ശങ്കർ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

സിനിമകളുടെ പ്രദർശനമേള എന്നതിനപ്പുറം മികച്ച സിനിമകളുടെ രാജ്യാന്തര മത്സര വേദി എന്നത് കൂടി ലക്ഷ്യമിട്ടു കൊണ്ടാണ് ചലച്ചിത്ര അക്കാഡമി ഐഎഫ്എഫ്കെ ആരംഭിച്ചത് കേരള ജനതയെ സംബന്ധിച്ച് കല, സാഹിത്യം, ചലച്ചിത്രം, സംസ്കാരം, പ്രസിദ്ധീകരണം, മാധ്യമം, ശാസ്ത്രവിഷയങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ആധുനി കമായ, ഏകതാനമായ അറിവും മുന്നേറ്റവും ഉള്ളവരാണ്. ഇന്ത്യയിൽ ഏറ്റവും ഭേദപ്പെട്ട സിനിമകൾ ഉണ്ടാക്കുന്ന രണ്ട് സംസ്ഥാനങ്ങളാണ് ബംഗാളും കേരളവും . ഈ രണ്ട് സ്ഥലങ്ങളിൽ നിന്നുള്ള ഫിലിം മേക്കേഴ്സ് അത് തെളിയിച്ചിട്ടുണ്ട്. 1950-കളിലും 60-കളിലും മലയാള സിനിമയിൽ ഉണ്ടായ മാറ്റങ്ങൾ എഴുപതുകൾ പിന്നിട്ടപ്പോൾ കുറെ കൂടി വികസിച്ചു. നവസിനിമ എന്നത് മറ്റു പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവരുടേത് കൂടിയായി മാറി . ചിത്രകാരന്മാരും സാഹിത്യകാരന്മാരും സ്വതന്ത്ര പത്രപ്രവർത്തകരും വിവിധ സാംസ്കാരിക പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരും ഒക്കെ നല്ല അറിവോടു കൂടി ഈ നവസിനിമ നിർമ്മാണ മേഖലയിലേക്ക് കടന്നു വന്നു. 1975-ൽ ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ വന്നതോടെ മലയാള സിനിമയിൽ സ്വതന്ത്രസിനിമയ്ക്കുള്ള സാധ്യത കൂടി വികസിച്ചു .തിരുവനന്തപുരം ഫിലിം മേക്കേഴ്സിന്റെ കേന്ദ്രമായി മാറി . അവരുടെ ചിത്രങ്ങൾ ഇന്ത്യൻ പനോരമയിൽ വരിക



April Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL




യും ദേശീയ അംഗീകാരങ്ങൾ നേടുകയും ചെയ്തു . അങ്ങനെ 1990 -കളിൽ ഒരു ചലച്ചിത്ര അക്കാദമിയെ കുറിച്ചുള്ള ചിന്തകൾ പ്രബലമായി. മലയാള സിനിമയുടെ സാംസ്കാരിക സംവേദന തലങ്ങൾ വികസിക്കുന്നത് ലോകം ശ്രദ്ധിക്കണമെന്നതും ആവശ്യമായി വന്നു . അതിന് ഒരു രാജ്യാന്തര ഫെസ്റ്റിവൽ വേണം. ആ ഫെസ്റ്റിവൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മികച്ച സിനിമകളുടെ മത്സരവേദി കൂടിയാവണം. ലോകത്തിലെ ഏറ്റവും മികച്ച സിനിമകൾ പ്രദർശനത്തിന് എത്തുന്ന അല്ലെങ്കിൽ മത്സരത്തിന് എത്തുന്ന സ്ഥലമായി കേരള ഫെസ്റ്റിവൽ മാറണം. അങ്ങനെ കേരള ഫെസ്റ്റിവൽ ലോകത്ത് ശ്രദ്ധിക്കപ്പെടണം. അതു വഴി മികച്ച മലയാള സിനിമയ്ക്കും രാജ്യാന്തര വേദികളിലേക്കുള്ള വഴി തുറന്നു കിട്ടണം . ആ ലക്ഷ്യത്തോടെയാണ് ഐ.എഫ്.എഫ്.കെ രൂപപ്പെട്ടത്.

ഇന്റർനെറ്റും ഡിജിറ്റൽ സാങ്കേതികതയും വന്നതോടെ ലോകത്ത് രാജ്യാന്തര മേളകളുടെ എണ്ണം വർദ്ധിച്ചു. ചലച്ചിത്ര അക്കാദമിയുടെ ആദ്യ ചെയർമാൻ ആകും മുൻപേ, ഞാൻ ലോകത്തിലെ പ്രധാനപ്പെട്ട ഫിലിം ഫെസ്റ്റിവിലുകളിൽ പോയിട്ടുണ്ട്. അവിടെ നിന്നുള്ള അനുഭവങ്ങൾ പുതിയ കാഴ്ചപ്പാടിന് രൂപം നൽകി

പല ഫെസ്റ്റിവലുകളും മികച്ച സിനിമകളുടെ വരുമാന മാർഗങ്ങൾക്കുള്ള വേദിയുമായി മാറിയിട്ടുണ്ട്. അവ മാർക്കറ്റിംഗ് ഏരിയ ആയും വികസിച്ചു . മാർക്കറ്റിംഗ് എന്നത് കൂടാതെ ഒരു കൾച്ചറൽ പ്ലാറ്റ്ഫോം കൂടിയായി ഫെസ്റ്റിവലിനെ വളർത്തിയെടുക്കുക എന്നത് തുടക്കത്തിൽ തന്നെ ചലച്ചിത്ര അക്കാദമിയുടെ വീക്ഷണമായിരുന്നു .

മറ്റു രാജ്യങ്ങളിൽ നിന്ന് മാത്രമല്ല കേരളത്തിൽ നിന്നുമുള്ള പ്രതിഭകൾക്കും സൃഷ്ടികൾക്കും ലോകത്ത് അറിയപ്പെടാനും അങ്ങനെ വിവിധമേളകളിലേക്ക് പ്രവേശിക്കാനും സൗകര്യമൊരുക്കുക എന്നതും ഐഎഫ്എഫ്കെയുടെ സങ്കല്പമായിരുന്നു .

ഒരു ഫിലിംമേക്കർ എന്ന നിലയിൽ ഒരാൾക്ക് ഇവിടന്നു തന്നെ തുടക്കം കുറിക്കാൻ കഴിയണം. അത് എത്രമാത്രം സാധിച്ചു എന്നതും സങ്കൽപത്തിൽ നിന്ന് എത്ര മാത്രം പിന്നോട്ട് പോയി എന്നതും പരിശോധിക്കേണ്ടിയിരിക്കുന്നു .

ജനകീയ പുരോഗമന കലാസാംസ്കാരിക പ്രസ്ഥാനങ്ങൾ ധാരാളമുള്ള ലാറ്റിനമേരി



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ക്കൻ, ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഫിലിംമേക്കേഴ്സിന് പ്രാധാന്യം കൊടുക്കുക എന്നതും നമ്മുടെ ചലച്ചിത്ര മേളയുടെ പ്രത്യേകതയാവണമായിരുന്നു.

എന്നാൽ കുറച്ചു വർഷങ്ങളായി യൂറോപ്യൻ രാജ്യങ്ങളിലെ പ്രമുഖ മേളകളിൽ പങ്കെടുത്ത് ശ്രദ്ധേയമായ സിനിമകളാണ് ഡിസംബർ മാസത്തോടെ ഇവിടെ കൂടുതലായിഎത്തുന്നത്. അവ പ്രേക്ഷകർക്ക് കാണാൻ സാധിക്കുമെങ്കിലും മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾക്കും കേരളത്തിൽ നിന്നുള്ളവയ്ക്കും വേണ്ടത്ര പരിഗണന ലഭിക്കാതെ പോകുന്നുണ്ട്.

ലോക വേദിയിൽ കേരളസിനിമ എന്ന സങ്കൽപ്പത്തിന് പ്രാമുഖ്യം കിട്ടാൻ വേണ്ടിയാണ് ട്രിവാൻഡ്രം എന്ന പേര് ഒഴിവാക്കി കേരള എന്ന ചേർത്തത്. മുംബൈ, ബാംഗ്ലൂർ, കൽക്കട്ട,ജയ്പൂർ,ചെന്നൈ എന്നിങ്ങനെ നഗരത്തിന്റെ പേരുകൾ ഫിലിം ഫെസ്റ്റിവലിന് ചേർക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഉദ്ദേശമാണിത്.

ചലച്ചിത്രമേളയിൽ പങ്കെടുക്കുന്നവരിൽ യഥാർത്ഥ കാണികളുടെ എണ്ണംവർധിക്കണം. അതിന് ജനങ്ങളിലേക്ക് മേളയിലെ സിനിമകൾ പലയിടങ്ങളിലായി ഇറങ്ങി ച്ചെല്ലണം. അങ്ങനെയാണ് ചലച്ചിത്ര സാക്ഷരത വളർത്തിയെടുക്കാനാവുക. മുൻകാലങ്ങളിൽ ചലച്ചിത്ര മേളയോടൊപ്പം നല്ല ഫിലിം മേക്കേഴ്സിന്റെയും ചലച്ചിത്ര കലയെ കുറിച്ച് അറിവുള്ളവരുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. അവർക്ക് അവിടെ പ്രാധാന്യം ഉണ്ടായിരുന്നു. പരിഗണനയുണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഇപ്പോൾ അതില്ല. അവരുടെ അസാന്നിധ്യം ഒരു ഫിലിം ഫെസ്റ്റിവലിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കും .

വാസ്തവത്തിൽ മേളയിൽ സജീവ പങ്കാളിത്തം ഉറപ്പിക്കേണ്ടവരല്ല എത്തുന്നത്, മറിച്ച് സിനിമയ്ക്ക് പുറമെ നിന്നുള്ളവരാണ്. അതുപോലെ തന്നെ ഫിലിം സൊസൈറ്റികളുടെ പങ്കാളിത്തവും വിപുലമാക്കേണ്ടിയിരിക്കുന്നു .

1970-കളിലും 80-കളിലും 100- ലേറെ ഫിലിം സൊസൈറ്റികൾ കേരളത്തിൽ ഉണ്ടായിരുന്നു. അവ മികച്ച ചലച്ചിത്ര സാക്ഷരത പകർന്ന്, അറിവുള്ള പ്രേക്ഷകരെ വളർത്തിയെടുത്തിരുന്നു. എന്നാൽ 1990-കളിൽ സാംസ്കാരിക വകുപ്പ് 50 ലക്ഷം രൂപയോളം ഫിലിം സൊസൈറ്റികളുടെ വളർച്ചയ്ക്കായി ഗ്രാൻഡ് അനുവദിച്ച് തുടങ്ങിയപ്പോൾ ഫിലിം സൊസൈറ്റികളുടെ എണ്ണം കുറയുകയാണ് ചെയ്തത്. ഈ ഗ്രാൻഡ് തുക വഴി മാറിപ്പോ



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca




കുന്നു. ഫിലിം സൊസൈറ്റികളുടെ വളർച്ചയ്ക്കായിട്ടല്ല ഈ ഗ്രാൻഡ് ഉപയോഗിക്കുന്നത്. ഇപ്പോൾ 100 നിന്ന് വെറും 50 സൊസൈറ്റികൾ എന്ന നിലയിലേക്ക് ഫിലിം സൊസൈറ്റി പ്രസ്ഥാനം ശോഷിച്ചു പോയിരിക്കുന്നു. ഫിലിം പ്രൊഫഷണലുകളെയും യഥാർത്ഥ പ്രേക്ഷകരെയും വളർത്തിയെടുക്കുന്ന ഫിലിം സൊസൈറ്റികൾ തളർന്നു പോയതും അവയ്ക്ക് വിതരണം ചെയ്യേണ്ട ഗ്രാൻഡ് വഴി മാറി പോകുന്നതും കേരള ചലച്ചിത്രമേള ലക്ഷ്യമാക്കിയ ജനപങ്കാളിത്ത സദ്ഫലങ്ങൾക്ക് പ്രതിബന്ധമാണ്. ഈ വൈരുദ്ധ്യം ഉടനെ പരിഹരിക്കപ്പെടണം.

ഐഎഫ്എഫ്കെ എന്നത് പ്രൊഫഷണലുകളുടെയും യഥാർത്ഥ കാണികളുടേതുമായ അക്കാഡമിക് അന്തരീക്ഷം ഉള്ള ഇടമാകണം .

ലോക ചലച്ചിത്ര കലയുമായും സിനിമ വിജ്ഞാനവുമായും യാതൊരുബന്ധവുമില്ലാത്തവരുടെ ഒരു ഷോ ബിസിനസ് വേദിയായി, ഒരു ഉത്സവപ്പറമ്പായി, ഫെസ്റ്റിവൽ മാറിയാൽ, എണ്ണം കൂട്ടാം എന്നല്ലാതെ ഗുണപരമായ മെച്ചം കേരള സിനിമയ്ക്ക് ഉണ്ടാകില്ല.

ചുരുക്കിപ്പറഞ്ഞാൽ ഐഎഫ്എഫ്കെ കൺവെൻഷണൽ ആവരുത്, മറിച്ച് പ്രൊഫഷണൽ ആവണം .

ഐഎഫ്എഫ്കെ യെ നയിക്കുന്നവർക്ക് സോഷ്യോ-കൾച്ചറൽ കമ്മിറ്റ്മെൻറ് ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയുള്ളവർ വളരെ കുറച്ചു പേർ മാത്രം .

കഴിഞ്ഞ 10 വർഷത്തെ അവസ്ഥ പരിശോധിച്ചാൽ സ്വാഭാവികമായും ഉണ്ടാകേണ്ട വളർച്ച ഈ ചലച്ചിത്രമേളയ്ക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഉണ്ടാവാൻ പാടില്ല. കാരണം സിനിമ ഡിജിറ്റലായതിനു ശേഷം വളരെയേറെ സൗകര്യങ്ങൾ വർദ്ധിച്ചു. ശാസ്ത്ര - സാങ്കേതിക സൗകര്യങ്ങൾ പുരോഗമിക്കുന്തോറും സിനിമയുടെ സ്വഭാവത്തിനും ഘടനക്കും വ്യത്യാസം വന്നു. അതൊക്കെ കാലത്തിനൊപ്പം തിരിച്ചറിയേണ്ടിയിരിക്കുന്നു .



പത്തു വർഷം പിന്നിടുമ്പോൾ അക്കാദമി തുടങ്ങിയപ്പോഴുള്ള ലക്ഷ്യത്തിലെത്താൻ സാധിക്കാതെ പോയതിന് പിന്നിലുള്ള കാരണങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഉത്തരവാദികൾ ആരൊക്കെയാണ് ?

പക്വമായ രീതിയിലുള്ള അറിവിന് നാം പ്രാധാന്യം കൊടുത്തുവോ?

സാക്ഷരത എന്നാൽ അക്ഷരം കൂട്ടി വായിക്കുക എന്നതല്ല. അറിവും സെൻസും കൈവരിക്കുക എന്നതാണ്. ചലച്ചിത്ര സാക്ഷരത

എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. നമ്മുടെ മലയാള ഭാഷയിൽ തന്നെ പുതിയ വാക്കുകൾ ഓരോ വർഷവും കണ്ടുപിടിക്കുന്നതുപോലെ , സിനിമയുടെ ഭാഷയിലും പുതിയ കണ്ടെത്തലുകൾ ഉണ്ടാവണം. തീമാറ്റിക് അച്ചീവ്മെന്റ് ഉണ്ടാവണം. അങ്ങനെ യൊക്കെ സൗന്ദര്യ ശാസ്ത്ര പരമായി പരിപോഷിക്കപ്പെടുമ്പോൾ കേരള സിനിമയ്ക്ക് വളർച്ചയുണ്ടാകും. ഭാവിയിൽ ലോകസിനിമയ്ക്ക് ഒപ്പം എത്താനും കഴിയും. നമ്മുടെ ഐഎഫ്എഫ്കെ മറ്റു പ്രധാന ഫെസ്റ്റിവൽ പോലെ ശ്രദ്ധേയമാവും .

വിദേശങ്ങളിലുള്ള ഫെസ്റ്റിവൽ ക്യുറേറ്റർമാർക്ക് ഏറ്റവും നൂതനമായ സിനിമകൾ കണ്ടെത്താനുള്ള ഒരു വേദിയായി ഐ.എഫ്.എഫ്.കെ മാറണം .

എന്നാൽ അങ്ങനെയൊന്നും പത്തുവർഷം പിന്നിടുമ്പോൾ സംഭവിക്കാത്തത് എന്തുകൊണ്ടാണ്? ലോകത്തിനൊപ്പം കാലത്തിനൊപ്പം നാമും സഞ്ചരിക്കേണ്ടതല്ലേ?

ഇപ്പോൾ തന്നെ കേരളത്തിലെ ഫിലിം ഇൻഡസ്ട്രിയിലുള്ള ഏറെ പേരും ഈ ചലച്ചിത്ര മേളയിൽ നിന്ന് വിട്ടു നിൽക്കുകയാണ്. നോക്കൂ, കാൻ ഫെസ്റ്റിവൽ നടക്കുമ്പോൾ ഫ്രാൻസിലെ ഫിലിം ഇൻഡസ്ട്രിക്ക് 10



ദിവസം അവധിയാണ്. അതു പോലെ ഇവിടെ നടക്കുന്നുണ്ടോ?

ഇറ്റലിയിലെ വെനീസ് ഫെസ്റ്റിവൽ മത്സരിക്കുന്നത് ഫ്രാൻസിലെ കാൻ ഫെസ്റ്റിവലുമായിട്ടാണ്. ഏറ്റവും മികച്ച പാക്കേജ് ഉള്ള മേളയാക്കാനുള്ള മത്സരത്തിലാണവർ. ജർമ്മനിയിലെ ബർലിൻ ഫിലിം ഫെസ്റ്റിവൽ മികച്ച സിനിമകളുടെ ആദ്യ പ്രദർശനവുമായി മറ്റ് രണ്ട് ഫെസ്റ്റിവലുകളോടും മത്സരിക്കുന്നു .

നമ്മുടെ ഐഎഫ്എഫ്കെ എങ്ങനെ വളരണം?

കേരളത്തിലെ സാഹിത്യകാരന്മാരും കലാകാരന്മാരും നാടകക്കാരും അഭിനേതാക്കളും സാങ്കേതിക വിദഗ്ധരും സംഗീതജ്ഞരും സഹായികളും ഒക്കെ അവധിയെടുത്ത് ഈ മേളയിൽ പങ്കെടുത്തെങ്കിൽ മാത്രമേ നമ്മുടെ സിനിമയിൽ ഗുണപരമായ മുന്നേറ്റം ഉണ്ടാക്കാനാവൂ. ഉന്നതമായ കാര്യങ്ങൾ മനസ്സിലാക്കാനാണ് ഇത്തരം ഒരു ചലച്ചിത്രമേള സംഘടിപ്പിക്കുന്നത്. മറ്റ് കലാരംഗങ്ങളിലുള്ളവരും ഇവിടെ ഒരുമിച്ച് നിൽക്കണം . കാരണം സിനിമ എന്നത് ബഹുമുഖ പ്രതിഭകളുടെ കൂട്ടായ സംരംഭമാണ്. അതു മനസ്സിലാക്കിയില്ലെങ്കിൽ ഈ മേള കൺവെൻഷണൽ ആയി മാറിപ്പോകും, ക്രിയേറ്റീവ് ആകുകയില്ല. ഇത് ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട വിഷയമാണ്. കൺവെൻഷണൽ ആവാൻ എളുപ്പമാണ്. പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. പക്ഷേ ക്രിയേറ്റീവ് ആവാൻ യോഗ്യരായവർ തന്നെ വേണം .

നിലവിലുള്ള അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ മാറ്റം ആവശ്യമായി വരുമ്പോഴാണ് മനുഷ്യന്റെ ബുദ്ധി ചോദ്യങ്ങൾ

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

ഉന്നയിക്കുന്നത്. നാളെയെകുറിച്ചുള്ള നമ്മുടെ ബോധം രൂപപ്പെടുന്നത്. അങ്ങനെ ചിന്തിക്കുമ്പോഴാണ് ഐഎഫ്എഫ്കെ കൺവെൻഷണൽ ആയിപ്പോകുന്നതായി ബോധ്യപ്പെടുക. പകരം ക്രിയേറ്റീവ് ആകണമെന്ന ആവശ്യം സർക്കാരിന് കൂടി ഉണ്ടാവണം .സർക്കാരിന് ഇക്കാര്യത്തിൽ തുറന്ന



മനസ്സോടെയുള്ള സമീപനമാണുള്ളത്. പക്ഷേ ഒരു മാർഗദർശനം ഉണ്ടാവണം. അങ്ങനെ ആശയ - ലക്ഷ്യങ്ങൾ ഉള്ളവരെയാണ് ചലച്ചിത്ര അക്കാദമിക്ക് വേണ്ടത്. ഓരോ അക്കാദമിക്കും നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. അത് അതിജീവിക്കുന്നവരെയാണ് അക്കാദമിക്ക് യഥാർത്ഥത്തിൽ ആവശ്യമായിട്ടുള്ളതും . പക്ഷേ അതുണ്ടാവുന്നില്ലെങ്കിൽ അവിടെ വൈരുധ്യമാണ് ഉണ്ടാവുക.

ആ വൈരുധ്യം അക്കാദമിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കും. ചലച്ചിത്ര അക്കാദമി രൂപീകരിച്ചിട്ട് ഇപ്പോൾ 25 വർഷം പിന്നിട്ടു. ഇനിയൊരു 25 വർഷം എങ്ങനെയാവണമെന്ന് വ്യക്തമായ ധാരണ വേണം. അതിനുള്ള ചോദ്യങ്ങൾ ഉയരുമ്പോൾ സ്വാഭാവികമായും നമ്മൾ ഉത്തരങ്ങൾ കണ്ടെത്തും. അതിനെ നയിക്കേണ്ടവർ ആരൊക്കെയാണെന്ന് തിരിച്ചറിയേണ്ടതുമുണ്ട്.

ആ പുരോഗതി കൈവരിക്കാനുള്ള രീതി എന്താണെന്ന് മനസ്സിലാക്കണം.വഴി ഇല്ലെങ്കിൽ വഴി വെട്ടിത്തെളിയ്ക്കണം. ഇങ്ങനെ ഇപ്പോൾ തന്നെ ആലോചിച്ചെങ്കിൽ മാത്രമേ രാജ്യാന്തര ചലച്ചിത്രമേളയുടെ പക്വതയിലേക്ക് നമുക്ക് എത്തിപ്പെടാനും ലോകചലച്ചിത്രോത്സവ ഭൂപടത്തിൽ നമ്മുടെ മേളയെ അടയാളപ്പെടുത്താനുമാവൂ . അതു കൊണ്ട് നമ്മുടെ ഐഎഫ്എഫ്കെയ്ക്ക് ആൾക്കാരുടെ എണ്ണമല്ല പ്രധാനം . ആൾക്കാരുടെ എണ്ണം എന്നത് ഫെസ്റ്റിവൽമൂഡ് ആണ്. പ്രൊഫഷണൽ മൂഡ് അല്ല. നമുക്ക് പ്രൊഫഷണൽ ക്വാളിറ്റിയെ അഭിസംബോധന ചെയ്യും വിധമുള്ള പ്രൊഫഷണൽസിന്റെ ഇടപെടലുകൾ ഉള്ള, പങ്കാളിത്തമുള്ള, രീതിയിലേക്ക് മാറേണ്ടിയിരിക്കുന്നു .ഓപ്പൺ ഫോറം നോക്കുക. കഴിഞ്ഞ 10 വർഷമായി ഒരേ രീതിയിൽ യാന്ത്രികമായി ചടങ്ങ് നടക്കുന്നു. തീമാറ്റിക്ക് എക്സലൻസ് ഇല്ലാതെ പഴയ രീതിയിൽ കുരുങ്ങിക്കിടക്കുന്നു . അത് നിർജീവമായ അവസ്ഥയാണ്. ഇങ്ങനെയുള്ള പല വിപരീതങ്ങളും നാം കാണേണ്ടതുണ്ട്.

സാങ്കേതികത എന്നത് സിനിമയുടെ ഉപകരണ ഉപയോഗവശമാണ്. എന്നാൽ അതിന്റെ സൗന്ദര്യ ശാസ്ത്രപരമായ വശത്തിന് വളർച്ച വേണം. ഇതിന് ക്രിയേറ്റീവ് സൈഡിലുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കണം . വിഷ്വൽ മീഡിയായുടെ പ്രതിഭാപരമായ വശത്തെ കുറിച്ച് മാധ്യമങ്ങൾക്കും മികച്ച ധാരണ വേണം . വെറുതെ കുറേ ഉത്സവ വാർത്തകൾ പ്രസിദ്ധീകരിച്ചിട്ട് കാര്യമില്ല. മാധ്യമങ്ങൾ കേവലം പ്ലെയേഴ്സ് മാത്രമാവാതെ ഫ്യൂച്ചർ പ്ലെയേഴ്സ് കൂടിയാവണം .

ഐഎഫ്എഫ്കെ എന്നത് വെറും ഒരു ഉത്സവ കാഴ്ചയായി മാത്രം കണ്ടാൽ പലവിധ കോമാളിത്തരത്തിനുള്ള വേദിയായി തെറ്റിദ്ധരിക്കപ്പെടും. മേളയെ വെറും ഒരു ഷോ

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca




ബിസിനസ് ആയി തരം താഴ്ത്താൻ എളുപ്പമാണ്. കാൻ പോലുള്ള ചലച്ചിത്രമേളകളിൽ കോമാളിത്തരങ്ങളൊന്നും കാണാൻ കഴിയില്ല. ഉള്ളടക്കം ഇല്ലാത്തവരുടെ ബാഹുല്യവും കാണാൻ കഴിയില്ല. കാണികളുടെ എണ്ണം പെരുപ്പിക്കുന്നതിലല്ല മേളകളുടെ മൂല്യം .

മികച്ച രാജ്യാന്തര ചലച്ചിത്ര മേളകളുടെ പ്രത്യേകത എന്തെന്നാൽ അവിടെ പങ്കെടുക്കുന്നവർ സിനിമയുമായി ഏതെങ്കിലും രീതിയിൽ ബന്ധമുള്ള പ്രൊഫഷണലുകളായിരിക്കും എന്നതാണ്. അങ്ങനെയുള്ളവർക്കേ പ്രവേശനമുള്ളൂ . അതിനാൽ സിനിമയുടെ സൗന്ദര്യശാസ്ത്രപരമായ വശങ്ങൾ പരിപോഷിപ്പിക്കുന്നതിന് വേണം കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത്. അത് നഷ്ടപ്പെടുന്ന ഡിക്ലയിൻ സ്റ്റേജിൽ നിന്നും ഐ.എഫ്.എഫ്.കെ യെ തിരിച്ചുകൊണ്ടുവരണം. ചലച്ചിത്ര കലയുടെ സാക്ഷരത വർധിപ്പിക്കാനുള്ള വേദിയാക്കണം. ആരൊക്കെയാണ് സ്വദേശത്തു നിന്നും വിദേശത്തു നിന്നും ചലച്ചിത്രമേള കാണാൻ വരേണ്ടത്?

അതിനെ കുറിച്ചുള്ള അവ്യക്തത ആദ്യം മാറ്റണം. യോഗ്യതയുള്ളവർ എത്തിയെങ്കിൽ മാത്രമേ സദ്ഫലങ്ങൾ ഉണ്ടാവൂ. ചലച്ചിത്ര സാക്ഷരത ഉള്ളവർക്ക് ഒരു കൾച്ചറൽ സ്പെയ്സ് ഉണ്ടാക്കിയെടുക്കാൻ ശരിയായൊരു മാർഗരേഖ രൂപപ്പെടുത്തിയില്ലെങ്കിൽ നാം പിന്നോട്ട് പോകും .

ചലച്ചിത്ര ധാരണകളെ വളർത്തിയെടുക്കുക, ലോക ചലച്ചിത്രഭൂപടത്തിൽ മികവുറ്റ ചലച്ചിത്ര സംരംഭങ്ങളെ അടയാളപ്പെടുത്തുക, അവയ്ക്ക് ലോക വേദികളിലേക്കുള്ള വാതിൽ തുറന്നു കൊടുക്കുക എന്നതാവണം ഐ.എഫ്.എഫ്.കെ യുടെ സങ്കല്പം .




**സാബു ശങ്കർ രചിച്ച , തർക്കോവ്സ്കിയുടെ സ്റ്റോക്കർ – തിരക്കഥ : മലയാള പുനരാവിഷ്കാരം ഷാജി എൻ കരുൺ, IFFK കുറേറ്റർ ഗോൾഡ സെല്ലം എന്നിവർ പ്രകാശനം ചെയ്യുന്നു.**

EXPLORE UNTOUCHED TRAILS & TRANQUIL STAYS WITH

ThinkTrawell



## Introducing Your Quiet Escape Home at Edava, Varkala

Sindooram ECO STAY

### WHAT TO EXPECT ?

- 2 bedrooms (a/c) with washroom attached +1 bedroom (a/c) with adjacent washroom.
- Free WiFi
- Car Parking
- Washing Machine
- Refrigerator
- Kitchen Facility
- 24*7 CCTV surveillance
- Inverter Backup
- Large terrace area

**Address:-**Sindooram Eco Stay,
Opposite Thakadi temple,
Venkulam, Edava P.O, Varkala,
Trivandrum - 695311

### WHY CHOOSE US ?

- A quiet residential location
- Eco-friendly, premium interiors
- Ideal for families, long-term workations & corporate get-togethers
- Safe, calm, and close to major attractions at Varkala
- We promote responsible tourism

### HOW TO REACH ?

- Varkala - 3 km
- Kollam - 23 km
- Trivandrum - 47 km
- Trivandrum - 44 km
- Varkala Cliff - 4.4 km
- Edava beach - 1.2 km
- Kappil beach - 2.3 km
- Jadayupara - 30 km

Scan for location

AVAIL LAUNCHING OFFERS!

BOOK NOW

connect@thinktrawell.com

thinktrawell.com

CONTACT DETAILS

+91 97452 26945

?? HLL ( adv.)


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# ഒഴുക്കിനെതിരെ നീന്തിയ ഒരാൾ



**ഡോ. പി. അജികുമാർ**
(ഫിൽക്ക)



ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രേമികളെ ആകർഷിച്ച കലാസൃഷ്ടിയായിരുന്നു പിറവി. കാൻ ഉൾപ്പെടെ വിവിധ പുരസ്കാരങ്ങൾ നേടിയ ആ ചിത്രം ഒരു വിസ്മയമാണ്. ഇതിനു കാരണമായത് കലാസ്നേഹിയും സർവ്വോപരി മനുഷ്യസ്നേഹിയുമായ ഷാജി. എൻ. കരുൺ എന്ന സംവിധായകനായിരുന്നു.

വിരലിലെണ്ണാവുന്ന സിനിമകൾ വളരെയേറെ ഇടവേളകൾ എടുത്ത് പുറത്തിറക്കിയ ആ മഹാപ്രതിഭയുമായി നടത്തിയ ചില ചാനൽ ഇന്റർവ്യൂകളിൽ നിന്നുള്ളകുറച്ചു കാര്യങ്ങളാണ് ഇവിടെ കുറിക്കുന്നത്.

കലയെയും കലാകാരനെയും, സമൂഹത്തെയും രാഷ്ട്രീയത്തെയും അധികാരത്തെയുമെല്ലാം കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഇവിടെ കാണാൻ കഴിയും.

എന്റെ സിനിമകളാണ് എന്നെ ഞാനാക്കിയത്. വളരെ സാധാരണക്കാരനായ എന്നെ നല്ല സിനിമകൾക്കു വേണ്ടി തപസ്സിരിക്കുന്ന ഒരാൾ എന്ന് സമൂഹം അടയാളപ്പെടുത്തിയാൽ അതുതന്നെയാണ് എന്റെ എറ്റവും വലിയ സന്തോഷം.

കേരളം, അതിലെ ജനത, ജീവിതം, അവരുടെ സ്നേഹം, കാഴ്ചപ്പാടുകൾ ഇവ അന്വേഷിച്ചുള്ള യാത്രകളാണ് ഷാജി. എൻ. കരുണിന്റെ ഓരോ ചലച്ചിത്രവും. ഒരു ജനതയുടെ ഹൃദയം അടുത്തറിയാനുള്ള ശ്രമം. അതിന് ഒരുപാട് സമയം ആവശ്യമാണ്.ക്ഷമയോടെ കാത്തിരിക്കണം. അങ്ങനെ ദീർഘനാളത്തെ കാത്തിരിപ്പിനൊടുവിലാണ് പിറവി ജനിച്ചത്.

ഇരുപത്തിമൂന്നാം വയസ്സിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫോട്ടോഗ്രഫിയിൽ സ്വർണ്ണ മെഡലോടെ പാസ്സായ ഈ അതുല്യ പതിഭ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ അരവിന്ദന്റെ ക്ലാസ്സിക്കായ തമ്പിന് ക്യാമറ ചലിപ്പിച്ചു. നാഷണൽ അവാർഡ് നേടി. ആ പ്രശസ്തി ഹിന്ദിയിലുൾപ്പെടെ ധാരാളം അവസരങ്ങൾ തേടിയെത്തി. എന്നാൽ കേവലം ധനസമ്പാദനമല്ല തന്റെ ലക്ഷ്യമെന്നും തന്റെ തട്ടകം ഇതല്ലെന്നും അദ്ദേഹം തിരിച്ചറിഞ്ഞു.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



കല കാലാതിവർത്തിയാകണം. കലാകാരൻ വ്യത്യസ്തനായിരിക്കണം വ്യത്യസ്തമായി ചിന്തിക്കുന്നവനും വേറിട്ട വഴിയിലൂടെ സഞ്ചരിക്കുന്നവനുമായിരിക്കണം. എത്ര കൊല്ലം കഴിഞ്ഞാലും അതിന്റെ പുതുമ നിലനിൽക്കണം. തലമുറകളെ പ്രചോദിപ്പിക്കണം. മരണ ശേഷവും അത് നിലനിൽക്കണം. പേരും പ്രശസ്തിയും ഒരുപക്ഷേ മരണാനന്തരമായിരിക്കും ലഭി



ക്കുന്നത്. മനുഷ്യനെ ഏറ്റവും നല്ല മനുഷ്യനാക്കി മാറ്റുക എന്ന ധർമ്മമാണ് കലയ്ക്കും കലാകാരനും വേണ്ടത്. ഷാജി. എൻ. കരുൺ അഭിപ്രായപ്പെട്ടു.

കഥകളി ,സംഗീതം, ചിത്രകല തുടങ്ങിയ മേഖലകളിലെ കലാകാരൻമാരെ നോക്കുക. എത്രനല്ല സാൻമാർഗ്ഗിക ജീവിതമാണ് അവർ നയിക്കുന്നത്. കലയെ എത്ര അമൂല്യമായാണ് അവർ ഉപാസി ക്കുന്നത് . എന്നാൽ സിനിമാ മേഖലയിൽ ഇന്ന് ക്രിമിനൽ പശ്ചാത്തലം കടന്നു കൂടിയിരിക്കുന്നു. ഇത് കലയുടെ അപചയമാണ്.

തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെയത്ര സിനിമാചരിത്രമില്ലാത്ത ഇന്തോനേഷ്യൻ, തായ്‌ലന്റ്, ലാറ്റിനമരിക്കൻ സിനിമകൾ എത്രമാത്രം മുന്നോട്ടു സഞ്ചരിച്ചതായി കാണാം. നമ്മൾ ഇപ്പോഴും ചില മാർക്കറ്റിംഗ് തന്ത്രങ്ങളിലും ചില ജനകീയ പ്രശ്നങ്ങളിലും കുടുങ്ങി കിടക്കുന്നു. ഇത്തരം സിനിമകൾ തികഞ്ഞ പരാജയമാണ്.

ഒന്നുമില്ലായ്മയിൽ നിന്നാണ് ഇവിടം വരെ എത്തിയത്. ഒരു ഫിലിം മേക്കർ എന്ന നിലയിൽ പിടിച്ചു നിൽക്കാനുള്ള ധൈര്യം തന്നത് ജനതയുടെ പ്രോത്സാഹനങ്ങളും വിമർശനങ്ങളുമാണ്. മലയാളികളായ നിർമ്മാതാക്കളോ, വിതരണക്കാരോ എന്നെ തേടി വന്നിട്ടില്ല. എന്നിട്ടും ഈ ഫീൽഡിൽ പിടിച്ചു നിന്നു .അതിന് നല്ല ധൈര്യം തന്നെ വേണം.

കലയെ മനസ്സിലാക്കുന്നവർ മനസ്സിലാക്കും. അല്ലാത്തവർ വിഡ്ഢിയെന്നു വിധിയെഴുതും. സിനിമ സംസ്കാരത്തിന്റെ കൂടെ ഭാഗമാണ്. ഭാഷയെ സംസ്കാരം വളർത്താനും അസഭ്യം പറയാനും ഉപയോഗിക്കാം. കലാസൃഷ്ടിയുടെ കാര്യവും അതുതന്നെ.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ഒരു രാഷ്ട്രീയ പാർട്ടിയെ നിലനിർത്തുന്നത് അതിനെ നയിക്കുന്ന ലീഡറിന്റെ കഴിവാണ്. അക്കാദമിയുടെയും സിനിമാ സംഘടന കളുടെയും കാര്യവും അങ്ങനെ തന്നെ. നയിക്കുന്ന വ്യക്തിയുടെ അറിവും സംസ്കാ രവും വിവേകവുമാണ് അതിന്റെ നിലവാരം നിശ്ചയിക്കുന്നത്.ഒരു രാഷ്ട്രീയക്കാരൻ അടുത്ത ഇലക്ഷൻ മുന്നിൽ കാണുന്നു. രാഷ്ട്രതന്ത്രജ്ഞൻ അടുത്ത തലമുറയെ കാണുന്നു.

സംവിധാനം ചെയ്ത മൂന്നു ചിത്രങ്ങൾ (പിറവി, സ്വം, വാനപ്രസ്ഥം) തുടർച്ചയായി കാൻ ഫെസ്റ്റിവലിൽ ഉൾപ്പെടുത്തി എന്നത് ചില്ലറക്കാര്യമല്ല. സംസ്ഥാനം തിരസ്കരിച്ച കുട്ടി സ്രാങ്കിന് ഏഴ് നാഷണൽ അവാർഡു കൾ കിട്ടി. എന്നാൽ ഈ വിജയങ്ങളും പ്രശസ്തിയും പുതിയ സിനിമയ്ക്കായി മറന്നേ പറ്റൂ.ലോക രാജ്യങ്ങളിൽ ഈ സിനിമകൾ ആസ്വദിക്കുമ്പോൾ, ആഘോ ഷിക്കപ്പെടുമ്പോൾ അതാണ് ഏറ്റവും വലിയ സന്തോഷവും സംതൃപ്തിയും എന്ന് ഷാജി . എൻ. കരുൺ മനസ്സ് തുറന്നിട്ടുണ്ട്.

ഇടതുപക്ഷ ചായ്‌വുള്ള ഒരാൾ റിലയൻസ് പോലൊരു സ്ഥാപനത്തിന്റെ സഹായ ത്താൽ സിനിമ ചെയ്തതിന് (കുട്ടി സ്രാങ്ക്) വിമർശനം വന്നു. എന്നാൽ വാസ്തവ ത്തിൽ സിനിമ ക്യാപ്പിറ്റലിസത്തിന്റെ കണ്ടു പിടിത്തമാണ്. നല്ലൊരു സിനിമ ചെയ്യാൻ ഒരാൾ പശ്ചാത്തല സൗകര്യമൊരുക്കുന്ന തിൽ എന്താണ് തെറ്റ് ?

ഗിരീഷ് കാസറവള്ളി, ബുദ്ധദേവദാസ് ഗുപ്ത, ഋതു പർണ്ണ ഘോഷ് , മണിരത്നം തുടങ്ങി പലരും ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ടല്ലോ.

ഏറ്റവും കൂടുതൽ രാജ്യാന്തര പുരസ്കാര ങ്ങൾ നേടിയ ഇന്ത്യൻ സിനിമയാണ് പിറവി. പക്ഷേ ഇപ്പോഴും മലയാളത്തിലെ മികച്ച ചിത്രങ്ങൾ പറയുമ്പോൾ ചെമ്മീനും എലിപ്പത്തായവും നിർമ്മാല്യവുമൊക്കെ യാണ് ജനമനസ്സിൽ.അതിന്റെ കാരണം പ്രേക്ഷകർക്കിടയിലേക്ക്, ജനതയിലേക്ക് ചിത്രം വേണ്ടത്ര കടന്നു ചെല്ലാത്തതാണ്. നൈരന്തര്യമില്ലായ്മയാണ്.

ഡി.വി.ഡി പോലും ലഭ്യമല്ലാതിരിക്കുന്ന സ്ഥിതി ഉണ്ടായിരുന്നു. ചലച്ചിത്ര മേളകളിൽ. ഷാജി റെട്രോസ്പെക്ടീവുകൾ ഉൾപ്പെടുത്തി യിട്ടില്ല. ഒരു കലാകാരന് ഏതു മേഖലയിൽ നിന്നായാലും ലഭിക്കുന്ന സപ്പോർട്ട് വലിയ കാര്യം തന്നെയാണ്.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



ഒരു കാലത്ത് നല്ല രീതിയിൽ ആരോഗ്യപരമായ റോൾ ചെയ്തിരുന്നവരായിരുന്നു ഫിലിം ക്രിട്ടിക്കുകൾ സംസ്കാര സമ്പന്നരും ധാർമ്മികതയുമുള്ളവരായിരുന്നു അവർ. സിനിമ എന്ന കലയുടെ വികാസത്തിനും വളർച്ചയ്ക്കും അവർ അനിവാര്യമായിരുന്നു. ഇക്കാലത്ത് അത് കോക്കസ്സുകളാൽ ദുഷിച്ചു പോയിരിക്കുന്നു.സിനിമയെക്കുറിച്ചല്ല സിനിമാക്കാരന്റെ ദോഷവശങ്ങളെയാണ് അവർ ഫോക്കസ് ചെയ്യുന്നത്. സ്ഥാനമാനങ്ങളാണ് അത്തരക്കാരുടെ ലക്ഷ്യം.

ടെക്നോളജി വളരെയധികം മാറിയിരിക്കുന്നു. ഇന്ന് ആർക്കും സിനിമ പിടിക്കാം. ഒരു ബട്ടൺ ക്യാമറ മാത്രം മതി. മുൻപ് സെൻസർ ബോർഡിലുള്ളപ്പോൾ ബട്ടൺ ക്യാമറയാൽ ഒരാൾ ഒരു കൊച്ചു പെൺകുട്ടിയെ അവളറിയാതെ ലൈംഗികചൂഷണം ചെയ്യുന്ന ഷോട്ട്ഫിലിം കണ്ടു. സത്യത്തിൽ ഇത്തരം ടെക്നോളജികളാൽ മാത്രം കലാപ്രവർത്തനത്തിന് ഇറങ്ങുന്നവർ കലാകാരൻമാരല്ല കൊലയാളികളാണ്.

മലയാളത്തിലെ രണ്ട്മഹാനടൻമാരാണ് മമ്മൂട്ടിയും ലാലും. രണ്ട് പേരോടുമൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞു. കലാകാരൻമാരെന്ന നിലയിൽ നല്ല സഹകരണമാണ് അവർ തന്നത്. ഇവരിൽ ആരാണ് മികച്ചത് എന്ന ചോദ്യം വിഷമം പിടിച്ചതാണ്. അനായാസ ഭാവമാറ്റമാണ് ലാലിന്റേത്. മുഖത്ത് കരിവാരി തേച്ചാലും കാണാൻ ചേലുള്ള പുരുഷ സൗന്ദര്യമാണ് മമ്മൂട്ടിയുടേത്. ഷാജി. എൻ. കരുൺ ഒരാരോപണങ്ങൾക്കും അധിക്ഷേപങ്ങൾക്കും അവഗണനകൾക്കും എതിരെ വാളുയർത്തിയില്ല, ശബ്ദമുയർത്തിയിട്ടില്ല. മറിച്ച് ഒരു നിശ്ശബ്ദ ചിത്രം പോലെ തന്റെ വഴിയിലൂടെ തന്റെ കലയെ അന്വേഷിച്ച് ഉപാസിച്ച് ഏകാന്ത പഥികനായി സൗമ്യനായി നടന്നു...



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# ഷാജി. എൻ. കരുണിന്റെ ഹ്രസ്വചിത്രങ്ങളും ടെലിഫിലിമുകളും



പ്രൊഫ. ബേബി പോൾ
( ഫിൽക്ക )



മലയാള സിനിമയുടെ കലാപരമായ ചരിത്രത്തിൽ തനതായ സ്ഥാനം നേടിയ സംവിധായകരിൽ പ്രമുഖനാണ് ഷാജി എൻ. കരുൺ. ദൃശ്യഭാഷയുടെ കവിതാസ്വഭാവം, നിശ്ശബ്ദതയുടെ സൃഷ്ടിപരമായ ഉപയോഗം, മനുഷ്യജീവിതത്തിന്റെ ആന്തരിക വേദനകളും പ്രതീക്ഷകളും ഏകാന്തതകളും അന്വേഷിക്കുന്ന അവതരണശൈലി എന്നിവയാണ് അദ്ദേഹത്തിന്റെ സിനിമകളെ വേറിട്ട് നിർത്തുന്നത്.

ഫീച്ചർ സിനിമകളിലൂടെ അദ്ദേഹം അന്താരാഷ്ട്ര ശ്രദ്ധ നേടിയെങ്കിലും, അദ്ദേഹത്തിന്റെ ഹ്രസ്വചിത്രങ്ങളും ടെലിഫിലിമുകളും അതേ കലാപരമായ ആഴവും മാനവികതയും നിറഞ്ഞവയാണ്. പ്രത്യേകിച്ച് Waiting, The Poet of Visions, Yathrakkidayil എന്നീ സൃഷ്ടികൾ അദ്ദേഹത്തിന്റെ സിനിമാഭാഷയെ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാന കൃതികളാണ്.

ഷാജി എൻ. കരുണിന്റെ സിനിമകളുടെ ഏറ്റവും വലിയ പ്രത്യേകത, അവ പരമ്പരാഗത കഥാസന്ദർഭങ്ങളെ ആശ്രയിക്കുന്നില്ല എന്നതാണ്. പകരം, അവ പ്രേക്ഷകനെ ഒരു വികാരാനുഭവത്തിലേക്ക് നയിക്കുന്നു. കഥ, സംഭവവികാസം, സംഭാഷണം എന്നിവയ്ക്ക് പകരം സമയം, ഓർമ്മ, നിശ്ശബ്ദത, കാത്തിരിപ്പ്, ഏകാന്തത, ആത്മപരിശോധന എന്നിവയാണ് അദ്ദേഹത്തിന്റെ സിനിമകളുടെ കേന്ദ്രം. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ സിനിമകൾ കാണുന്നത് ഒരു കഥ അറിയുന്നതിനേക്കാൾ, ഒരു മാനസികാവസ്ഥയെ അനുഭവിക്കുന്നതു പോലെയാണ്.





ഈ സിനിമാ ഭാഷയുടെ ശക്തമായ ഉദാഹരണമാണ് Waiting എന്ന ഹ്രസ്വചിത്രം. മനുഷ്യജീവിതത്തിലെ ഏറ്റവും സാധാരണവും അതേസമയം ഏറ്റവും ആഴമുള്ളതുമായ ഒരു അനുഭവമായ കാത്തിരിപ്പ് ആണ് ഈ ചിത്രത്തിന്റെ പ്രമേയം. ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിലുള്ള പല തരത്തിലുള്ള ആളുകളെയാണ് കാണിക്കുന്നത്. ഓരോരുത്തരും വ്യത്യസ്ത കാരണങ്ങൾക്കായി കാത്തിരിക്കുമ്പോഴും, അവരെ ഒന്നിപ്പിക്കുന്നത് കാത്തിരിപ്പ് എന്ന പൊതുവായ മനുഷ്യാനുഭവമാണ്. ഇവരിൽ ആരും വ്യക്തമായ പ്രധാന കഥാപാത്രമല്ല. ചിത്രത്തിലെ യഥാർത്ഥ നായകൻ സമയം തന്നെയാണ്. കാരണം, ഓരോ മനുഷ്യനും ഇപ്പോഴുള്ള നിമിഷത്തിനും വരാനിരിക്കുന്ന ഭാവിക്കും ഇടയിൽ കുടുങ്ങിക്കിടക്കുകയാണ്.



ഇങ്ങനെ, ചിത്രത്തിൽ ഓരോ വ്യക്തിയും വേറിട്ട ജീവിതാനുഭവങ്ങളെ പ്രതിനിധീകരിക്കുന്നു. എന്നാൽ അവരൊക്കെയും ഇപ്പോഴുള്ള നിമിഷത്തിനും വരാനിരിക്കുന്ന ഭാവിക്കും ഇടയിൽ നിൽക്കുന്ന മനുഷ്യരുടെ പ്രതീകങ്ങളാണ്. അതിനാൽ Waiting എന്ന ചിത്രം ചില വ്യക്തികളുടെ കഥയല്ല; മുഴുവൻ മനുഷ്യസമൂഹത്തിന്റെ കാത്തിരിപ്പിന്റെ കഥയാണ്.

Waiting ഒരു സാധാരണ കഥ പറയുന്നില്ല. പകരം, മുഖഭാവങ്ങൾ, നിശ്ശബ്ദ ചലനങ്ങൾ, ആശങ്ക നിറഞ്ഞ കണ്ണുകൾ, വീണ്ടും വീണ്ടും



വഴിയിലേക്കു നോക്കുന്ന കാഴ്ചകൾ എന്നിവയിലൂടെ കാത്തിരിപ്പിന്റെ മനശ്ശാസ്ത്രം ചിത്രം അവതരിപ്പിക്കുന്നു. ഇവിടെ പുറംലോകത്തെ സംഭവങ്ങളെക്കാൾ ഉള്ളിലെ അസ്വസ്ഥതകളാണ് പ്രധാന്യം. ചിലർ പ്രതീക്ഷയോടെ കാത്തിരിക്കുന്നു; ചിലർ ഭയത്തോടെയാണ്; ചിലർക്കോ എന്തിനാണ് തങ്ങൾ കാത്തിരിക്കുന്നതെന്നറിയാത്ത അവസ്ഥയുമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ, കാത്തിരിപ്പ് ഒരു ഏകാനുഭവമല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ വിവിധ മാനസികാവസ്ഥകളുടെ സമാഹാരമാണ്.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



ഈ ചിത്രം വ്യക്തമാക്കുന്നത് കാത്തിരിപ്പ് ജീവിതത്തിന് പുറത്തുള്ള ഒരു ഇടവേളയല്ല; ജീവിതത്തിന്റെ തന്നെ ഭാഗമാണ് എന്ന സത്യമാണ്. ബാല്യം, വളർച്ചയ്ക്കായി കാത്തിരിക്കുന്നു. വിദ്യാർത്ഥി,വിജയത്തി നായി കാത്തിരിക്കുന്നു. മനുഷ്യൻ, സ്നേഹ ത്തിനും അംഗീകാരത്തിനും നീതിക്കും മാറ്റ ത്തിനും വേണ്ടി കാത്തിരിക്കുന്നു. ഒടുവിൽ മരണംപോലും ഒരിനം കാത്തിരിപ്പായി മാറുന്നു. അതിനാൽ മനുഷ്യജീവിതം മുഴുവനും പലതരം കാത്തിരിപ്പുകളാൽ നിറഞ്ഞിരിക്കുന്നു. മനുഷ്യൻ ജീവിക്കു



ന്നത് ഇപ്പോഴുള്ള നിമിഷത്തിൽ മാത്രമല്ല, വരാനിരിക്കുന്ന നാളിന്റെ പ്രതീക്ഷയിലും ഭയത്തിലും കൂടിയാണ്.

ഈ സിനിമയിൽ സമയം വെറും ഘടികാര ത്തിന്റെ അളവല്ല; അത് ഒരു മാനസിക അനുഭവം ആണ്. ആശങ്കയും അനിശ്ചിതത്വ വും നിറഞ്ഞ ഒരാൾക്ക് കുറച്ചുസമയം പോലും അനന്തമായി തോന്നാം. സന്തോഷത്തിലും തിരക്കിലും കഴിയുന്ന ഒരാൾക്ക് വർഷങ്ങൾ പോലും അറിയാതെ കടന്നുപോകാം. അതിനാൽ സമയം ഇവിടെ യാന്ത്രികമല്ല; അത് വികാരങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു. ഷാജി എൻ. കരുൺ ഈ മാനസികസമയ ത്തെ നിശ്ശബ്ദതയിലും ഇടവേളകളിലും മുഖഭാവങ്ങളിലുമുള്ള ആശങ്കയിലും ദൃശ്യ വൽക്കരിക്കുന്നു.

കാത്തിരിപ്പിന്റെ അനുഭവത്തിൽ ഒരേസമയം നിലനിൽക്കുന്ന രണ്ട് പ്രധാന വികാരങ്ങളെ കൂടി ചിത്രം മുന്നോട്ടുവയ്ക്കുന്നു: പ്രതീക്ഷ യും നിരാശയും. ലഭിക്കാത്ത സ്നേഹവും വരാത്ത വാർത്തയും കൈവരിക്കാത്ത വിജയവും മനുഷ്യനിൽ നിരാശ സൃഷ്ടി ക്കുന്നു. എന്നാൽ അതേ സമയം, ഒരുനാൾ മാറ്റം വരുമെന്ന വിശ്വാസമാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. അതിനാൽ കാത്തി രിപ്പ് വേദനയുടെ മറ്റൊരു രൂപമാകുമ്പോഴും, അത് പ്രത്യാശയുടെ അടയാളവുമാണ്. ഈ നിലയിൽ Waiting മനുഷ്യജീവിതത്തിന്റെ തന്നെ ദാർശനിക പ്രതീകമായി മാറുന്നു.

ഈ ചിത്രം Samuel Beckett ന്റെ Waiting for Godot നുമായി ആശയപരമായി ബന്ധി പ്പിക്കാവുന്നതാണ്. രണ്ടിടത്തും കാത്തിരിപ്പ് , മനുഷ്യന്റെ നിലനിൽപ്പ്, ഏകാന്തത, അനി ശ്ചിതത്വം, അർത്ഥാന്വേഷണം എന്നിവയുടെ പ്രതീകമായി മാറുന്നു. എന്നാൽ ഷാജി. എൻ. കരുണിന്റെ ചിത്രം വാചകചിന്തയി ലല്ല, ദൃശ്യങ്ങളിലും നിശ്ശബ്ദതയിലുമാണ് ഈ ആശയം അവതരിപ്പിക്കുന്നത്. അതു കൊണ്ട് Waiting ഒരു ഹ്രസ്വചിത്രമെന്നതി ലുപരി മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ഗൗരവമായ സിനിമാനുഭവമാണ്.

ഷാജി എൻ. കരുണിന്റെ മറ്റൊരു പ്രധാന കൃതി The Poet of Visions ആണ്. മലയാള

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



സിനിമയിലെ ദാർശനിക സംവിധായകനായ ജി. അരവിന്ദനെക്കുറിച്ച് അദ്ദേഹം ഒരുക്കിയ ഈ ഡോക്യുമെന്ററി ഒരു സാധാരണ ജീവചരിത്രരേഖയല്ല. മറിച്ച്, ഒരു കലാകാരന്റെ ദർശനത്തെയും വ്യക്തിത്വത്തെയും പാരമ്പര്യത്തെയും ആദരവോടെ അവതരിപ്പിക്കുന്ന സൃഷ്ടിയാണ്. അരവിന്ദനെ ഒരു സംവിധായകനെന്നതിലുപരി ഒരു ബഹുമുഖപ്രതിഭയുള്ള കലാകാരൻ എന്ന നിലയിലാണ് ചിത്രം അവതരിപ്പിക്കുന്നത്.

ജി. അരവിന്ദൻ സംവിധായകൻ മാത്രമല്ല, കാർട്ടൂണിസ്റ്റ്, ചിത്രകാരൻ, സംഗീതജ്ഞൻ, ചിന്തകൻ എന്നിവയുമായിരുന്നു. Utarayanam, Kummatty, Thampu, Esthappan, Pokkuveyil, Chidambaram തുടങ്ങിയ അദ്ദേഹത്തിന്റെ സിനിമകൾ മലയാള ആർട്ട് സിനിമയുടെ അമൂല്യസമ്പത്തുകളാണ്. അവ കഥ പറയുന്നതിന് വേണ്ടിയുള്ള സിനിമകളല്ല; ജീവിതം, പ്രകൃതി, ആത്മീയത, മനുഷ്യബന്ധങ്ങൾ, നിശ്ശബ്ദത എന്നിവയെ ദൃശ്യഭാഷയിലൂടെ അന്വേഷിക്കുന്ന കലാസൃഷ്ടികളാണ്. ഈ ദർശനത്തെ മനസ്സിലാക്കാനാണ് The Poet of Visions സഹായിക്കുന്നത്.

ഈ ശീർഷകം വളരെ പ്രസക്തമാണ്. അരവിന്ദൻ വാക്കുകളുടെ കവിയല്ല, ദൃശ്യങ്ങളുടെ കവിയായിരുന്നു. അദ്ദേഹത്തിന്റെ സിനിമകൾ പലപ്പോഴും സംഭാഷണങ്ങളെക്കാൾ ചിത്രങ്ങളിലൂടെ സംസാരിച്ചു. ഓരോ ഫ്രെയിമും ഒരു കവിതപോലെയും ഓരോ നിശ്ശബ്ദതയും അർത്ഥസമ്പന്നമായ ഒരു വാക്കുപോലെയും അനുഭവപ്പെടുന്നു. Visions എന്നത് അദ്ദേഹത്തിന്റെ കലാപരമായ കാഴ്ചപ്പാടിനെയും അന്തർദർശനത്തെയും സൂചിപ്പിക്കുന്നു. അതിനാൽ ഈ ഡോക്യുമെന്ററി ഒരു ജീവിതരേഖയല്ല; ഒരു കലാദർശനത്തെ പരിചയപ്പെടുത്തുന്ന ആദരാഞ്ജലിയാണ്.

ഈ ഡോക്യുമെന്ററി അരവിന്ദന്റെ സിനിമകളെ വിനോദമാധ്യമം എന്ന നിലയിൽ കാണിക്കുന്നില്ല; മറിച്ച്, ജീവിതത്തെക്കുറിച്ചുള്ള കവിതാപരമായ അന്വേഷണം എന്ന നിലയിലാണ് അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സിനിമകളിൽ മനുഷ്യജീവിതത്തിന്റെ ആഴങ്ങൾ, ഏകാന്തത, പ്രകൃതിയുമായുള്ള ബന്ധം, ആത്മീയത എന്നിവ ദൃശ്യങ്ങളിലൂടെ വെളിവാകുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ ലാളിത്യവും വിനയവും ചിത്രത്തിൽ പ്രധാനമായി ഉയർന്നുവരുന്നു. പ്രശസ്തനായ കലാകാരനായിരുന്നു എങ്കിലും, അദ്ദേഹം അതീവ ശാന്തനും ലളിതസ്വഭാവിയുമായിരുന്നു. ഈ മനുഷ്യസാന്നിധ്യമാണ് ചിത്രത്തെ കൂടുതൽ ഹൃദയസ്പർശിയാക്കുന്നത്.



ഷാജി. എൻ. കരുണിന്റെ ദൃശ്യഭാഷയും ഇവിടെ വ്യക്തമാണ്. പഴയ ചിത്രങ്ങൾ, സിനിമാ ദൃശ്യങ്ങൾ, ഓർമ്മക്കുറിപ്പുകൾ, സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും അഭിമുഖങ്ങൾ എന്നിവയെ മന്ദഗതിയിലുള്ള വികാരപൂർണ്ണ അവതരണത്തിലൂടെ അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പ്രേക്ഷകൻ അരവിന്ദന്റെ ലോകത്തിലേക്ക് പതുക്കെ കടക്കുന്നു. മുഴുവൻ ചിത്രത്തിലും ഗുരുവിനോടുള്ള ആദരവും സ്നേഹവും നിറഞ്ഞ സമീപനം കാണാം. അതുകൊണ്ട് The Poet of Visions ഒരു ഡോക്യുമെന്ററിയെന്നതിലുപരി മലയാള സിനിമയിലെ മഹാനായ കലാകാരനോടുള്ള ഒരു ദൃശ്യ സ്മാരകമായി നിലകൊള്ളുന്നു.

ഈ പഠനത്തിലെ മൂന്നാമത്തെ പ്രധാന കൃതി Yathrakkidayil ആണ്. ഷാജി .എൻ. കരുൺ സംവിധാനം ചെയ്ത ഈ ടെലിഫിലിം മനുഷ്യജീവിതത്തെ ഒരു ദീർഘയാത്രയായി കാണുന്ന ദാർശനിക അവതരണമാണ്. യാത്രക്കിടയിൽ എന്ന ശീർഷകം തന്നെ ചിത്രത്തിന്റെ ആശയകേന്ദ്രം വ്യക്തമാക്കുന്നു. ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് പോകുന്ന ഒരു കേന്ദ്ര കഥാപാത്രത്തിന്റെ യാത്രയോടെയാണ് ചിത്രം മുന്നോട്ട് പോകുന്നത്. എന്നാൽ ഇത് വെറും ഭൗതികയാത്രയല്ല; ഓർമ്മകളുടെയും ആത്മ പരിശോധനയുടെയും ഏകാന്തതയുടെയും പ്രതീക്ഷയുടെയും അന്തർയാത്ര കൂടിയാണ്.

ഈ ചിത്രത്തിൽ വലിയ നാടകീയ സംഭവങ്ങളില്ല.വഴിയരികിലെ കാഴ്ചകൾ, ചെറിയ കണ്ടുമുട്ടലുകൾ, അന്യരോടുള്ള സംഭാഷണങ്ങൾ, യാത്രാമധ്യേയുള്ള നിശ്ശബ്ദ ഇടവേളകൾ എന്നിവ ചേർന്നാണ് ചിത്രത്തിന്റെ ഭാവം രൂപപ്പെടുന്നത്. പുറമേ കാണുമ്പോൾ സാധാരണ യാത്രയായിരിക്കാം; എന്നാൽ ഉള്ളിൽ അത് മനുഷ്യജീവിതത്തിന്റെ സഞ്ചാര സ്വഭാവത്തെക്കുറിച്ചുള്ള ധ്യാനമാണ്. മനുഷ്യൻ ജനനം മുതൽ മരണത്തോളം ഒരുനിമിഷവും നിൽക്കാതെ മുന്നോട്ട് പോകുന്ന സഞ്ചാര ജീവിയാണെന്ന സത്യത്തെ ചിത്രം പ്രതീകാത്മകമായി അവതരിപ്പിക്കുന്നു.

Yathrakkidayil എന്ന ചിത്രത്തിലെ പ്രധാന ആശയങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ജീവിതം തന്നെ ഒരു യാത്രയാണ് എന്ന ഉപമയാണ്. ചിത്രത്തിലെ റോഡുകളും വാഹനങ്ങളും ഇടവേളകളും ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. വഴിത്തിരിവുകളും തടസ്സങ്ങളും വിശ്രമ നിമിഷങ്ങളും ജീവിതത്തിലെ അനുഭവങ്ങളുമായി ബന്ധിപ്പിക്കപ്പെടുന്നു. അതോടൊപ്പം, മനുഷ്യന്റെ ഏകാന്തത എന്ന വികാരവും ചിത്രം ആഴത്തിൽ അവതരിപ്പിക്കുന്നു. ജനക്കൂട്ടത്തിനിടയിലും മനുഷ്യൻ ഒറ്റപ്പെടാം; പുറമേ ആളുകളാൽ ചുറ്റപ്പെട്ടാലും ഉള്ളിൽ ശൂന്യത അനുഭവപ്പെടാം. ഈ സത്യം കഥാപാത്രത്തിന്റെ യാത്രയിലൂടെ വെളിവാകുന്നു.

യാത്രയ്ക്കിടെ പഴയ ഓർമ്മകൾ കഥാപാത്രത്തിന്റെ മനസ്സിലേക്ക് മടങ്ങിവരുന്നു. നഷ്ടങ്ങളും സന്തോഷങ്ങളും പഴയ അനുഭവങ്ങളും ഇപ്പോഴത്തെ യാത്രയുടെ ഭാഗമാകുന്നു. ഇങ്ങനെ ഓർമ്മകൾ ആത്മപരിശോധനയിലേക്ക് നയിക്കുന്നു. എന്നാൽ ചിത്രം ദുഃഖത്തിൽ അവസാനിക്കുന്നില്ല. ജീവിതത്തിൽ വേദനയും അനിശ്ചിതത്വവും ഉണ്ടായാലും യാത്ര തുടരുമെന്ന ആശയമാണ് ഇത് ഉയർത്തുന്നത്. അതിലൂടെ പ്രതീക്ഷയും മുന്നേറ്റവും ശക്തമായി ചൂണ്ടിക്കാട്ടപ്പെടുന്നു. മനുഷ്യൻ എത്ര പ്രതിസന്ധികൾ നേരിട്ടാലും മുന്നോട്ട് പോകേണ്ടതുണ്ട്; അതാണ് ജീവിതത്തിന്റെ സ്വഭാവം.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

ഈ ടെലിഫിലിമിന്റെ സിനിമാറ്റിക് അവതരണത്തിലും ഷാജി .എൻ. കരുണിന്റെ തനതായ ശൈലി കാണാം. പ്രകൃതി, മഴ, റോഡ്, ശൂന്യമായ ഇടങ്ങൾ എന്നിവ വെറും പശ്ചാത്തലമല്ല; വികാരങ്ങളുടെ ദൃശ്യഭാഷയാണ്. ചിത്രത്തിൽ നിശ്ശബ്ദതയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ചിലപ്പോൾ സംഭാഷണങ്ങളെക്കാൾ മുഖഭാവങ്ങളും ഇടവേളകളും കൂടുതൽ അർത്ഥം നൽകുന്നു. മന്ദഗതിയിലുള്ള അവതരണം പ്രേക്ഷകനെ ചിന്തിക്കാനും അനുഭവിക്കാനും പ്രേരിപ്പിക്കുന്നു. അതോടൊപ്പം, സാധാരണ ജീവിതത്തിൽ കാണുന്ന കഥാപാത്രങ്ങളും യഥാർത്ഥ ഇടങ്ങളും ഉപയോഗിക്കുന്നതിനാൽ ചിത്രത്തിന് ശക്തമായ യാഥാർത്ഥ്യബോധം ലഭിക്കുന്നു. ഇതെല്ലാം ചേർന്ന് Yathrakkidayil നെ ഒരു ചിന്താപരമായ കലാസൃഷ്ടിയാക്കി മാറ്റുന്നു.

ഈ മൂന്ന് സൃഷ്ടികളെയും ഒരുമിച്ച് നോക്കുമ്പോൾ, ഷാജി എൻ. കരുണിന്റെ സിനിമാഭാഷയുടെ ചില സ്ഥിരസ്വഭാവങ്ങൾ വ്യക്തമായി കാണാം. ഒന്നാമതായി, നിശ്ശബ്ദത അദ്ദേഹത്തിന്റെ സിനിമയിൽ ശൂന്യതയല്ല; അത് അർത്ഥസമ്പന്നമായ ഭാഷയാണ്. രണ്ടാമതായി, മന്ദഗതി ഒരു സ്റ്റൈൽ മാത്രമല്ല; പ്രേക്ഷകനെ അനുഭവത്തിലേക്ക് ആഴത്തിൽ കൊണ്ടുപോകുന്ന മാർഗമാണ്. മൂന്നാമതായി, അദ്ദേഹം പുറംലോകത്തിലെ സംഭവങ്ങളെക്കാൾ ആന്തരിക വികാരാനുഭവങ്ങൾ മുൻനിർത്തുന്നു. നാലാമതായി, പ്രകൃതി, മഴ, റോഡ്, കാത്തിരിപ്പിടങ്ങൾ, ശൂന്യസ്ഥലങ്ങൾ തുടങ്ങിയ സാധാരണ ഘടകങ്ങൾ അദ്ദേഹത്തിന്റെ സിനിമയിൽ പ്രതീകാത്മക ഘടകങ്ങളായി മാറുന്നു. അഞ്ചാമതായി, മനുഷ്യജീവിതത്തിലെ ഏകാന്തത, ഓർമ്മ, പ്രതീക്ഷ, അനിശ്ചിതത്വം, ആത്മപരിശോധന എന്നിവയാണ് അദ്ദേഹത്തിന്റെ കലാലോകത്തിന്റെ കേന്ദ്രം.

അതുകൊണ്ടുതന്നെ ഷാജി .എൻ. കരുണിന്റെ സിനിമകളെ വെറും കഥാപരമായ മാനദണ്ഡങ്ങളിൽ വിലയിരുത്താനാവില്ല.അവ പ്രത്യേകമായ ഒരു സിനിമാനുഭവം സൃഷ്ടിക്കുന്ന കൃതികളാണ്. Waiting കാത്തിരിപ്പിനെ മനുഷ്യാവസ്ഥയുടെ പ്രതീകമാക്കുന്നു. The Poet of Visions ഒരു മഹത്തായ കലാകാരന്റെ ദർശനത്തെയും പാരമ്പര്യത്തെയും ആദരവോടെ രേഖപ്പെടുത്തുന്നു. Yathrakkidayil ജീവിതത്തെ ഒരു യാത്രയായി കണ്ടുകൊണ്ട് ഓർമ്മ, ഏകാന്തത, പ്രതീക്ഷ എന്നിവയെ ദാർശനികമായി പരിശോധിക്കുന്നു. ഈ മൂന്ന് കൃതികളും വ്യത്യസ്ത രൂപങ്ങളിലുള്ളതായിരുന്നാലും, അവയെ ഒന്നിപ്പിക്കുന്നത് മനുഷ്യജീവിതത്തെക്കുറിച്ചുള്ള ആഴമുള്ള ചിന്തയും ദൃശ്യങ്ങളുടെ കവിതാസ്വഭാവവുമാണ്.

ഉപസംഹാരമായി പറയുമ്പോൾ,ഷാജി. എൻ. കരുണിന്റെ ഹ്രസ്വചിത്രങ്ങളും ടെലിഫിലിമുകളും മലയാള സിനിമയുടെ വിലമതിക്കാനാവാത്ത കലാസമ്പത്തുകളാണ്. അവ വിനോദത്തിനുള്ള സൃഷ്ടികളല്ല; ജീവിതത്തെ തിരിച്ചറിയാനും അനുഭവിക്കാനും സഹായിക്കുന്ന കലാനുഭവങ്ങളാണ്. Waiting കാത്തിരിപ്പിന്റെ ദാർശനികതയെ തുറന്നു കാണിക്കുന്നു. The Poet of Visions ഒരു മഹത്തായ കലാകാരന്റെ ലോകത്തെ പ്രേക്ഷകർക്കു പരിചയപ്പെടുത്തുന്നു.Yathrakkidayil ജീവിതത്തിന്റെ സഞ്ചാരസ്വഭാവത്തെ ഓർമ്മിപ്പിക്കുന്നു. ഇങ്ങനെ ഷാജി. എൻ. കരുണിന്റെ സിനിമകൾ കഥകൾ പറയുന്നില്ല; അവ ജീവിതത്തെ ആഴത്തിൽ അനുഭവിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഈ സൃഷ്ടികൾ മലയാള സിനിമയുടെ കലാപരമായ പാരമ്പര്യത്തിൽ ദീർഘകാലം നിലനിൽക്കുന്ന, മഹത്തരമായ രേഖകളായി തുടരും.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# പിറവി



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
(ബീം ഫിലിം സൊസൈറ്റി)



മലയാള സിനിമയ്ക്ക് ലോക സിനിമാ ചക്രവാളത്തിൽ ഇരിപ്പിടം നേടി ക്കൊടുക്കുന്നതിൽ തന്റേതായ പങ്കു വഹിച്ച ചലച്ചിത്രകാരനാണ് ഷാജി.എൻ. കരുൺ.

ഛായാഗ്രാഹകൻ എന്ന നിലയിൽ നിരവധി സിനിമകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഷാജി.എൻ. കരുണിന്റെ ആദ്യ സംവിധാന സംരംഭമാണ് 1989 ജനുവരിയിൽ പുറത്തി റങ്ങിയ പിറവി.

പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം കാണാതായ മകനെത്തേടിഅല യുന്ന വൃദ്ധനായ ഒരച്ഛന്റെയും കുടുംബ ത്തിന്റെയും ഋജുവായ ദുരന്ത കഥയാണ് പിറവി പറയുന്നത്. എന്നാൽ, കേരള രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും ദുരന്ത കഥയായി ഇന്നും അവശേഷിക്കുന്ന, ഒരു സമീപകാല സംഭവവുമായി പ്രമേയത്തി നുള്ള താദാത്മ്യം പിറവി എന്ന സിനിമയെ കഥയ്ക്കും മുകളിൽ വല്ലാതെ ഉയർത്തി നിറുത്തുന്നുണ്ട്.

കോളേജ് അദ്ധ്യാപകനായ രാഘവ പിഷാരടിയുടെ മകൻ എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്. പരീക്ഷ കഴിഞ്ഞ്, അമ്മയ്ക്കുള്ള മരുന്നും വാങ്ങി വീട്ടിലേക്ക് വരുന്ന മകനെയും കാത്ത് അവസാന ബസ്സും പ്രതീക്ഷിച്ചു
നിൽക്കുന്ന അച്ഛന്റെ സംഘർഷം നിറഞ്ഞ മുഖഭാവങ്ങളിലേയ്ക്കാണ് ആദ്യ സീക്വൻ സിൽ ക്യാമറ നമ്മളെ കൊണ്ടെത്തിക്കുന്നത്.

തുടക്കത്തിൽ എഴുതി കാണിക്കുന്ന കൗഷിതകി ഉപനിഷത്തിൽ നിന്നുള്ള പിതൃ-പുത്ര സംഭാഷണ ശകലങ്ങൾ മുന്നോട്ടുവയ്ക്കുന്ന അച്ഛനും മകനും തമ്മിലുള്ള പാരസ്പര്യം സിനിമയുടെ പ്രമേയവുമായി ചേർന്നു നിൽക്കുന്നത് തന്നെയാണ്.

വികസനം എത്തിച്ചേർന്നിട്ടില്ലാത്ത ഗ്രാമീണ പശ്ചാത്തലം തനി ഗ്രാമീണനായ ഒരച്ഛന്റെ നന്മ മാത്രമുള്ള മനസ്സിന്റെ പ്രതീകമായി

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



അവതരിപ്പിക്കുന്നതിൽ, സ്വയം ഒരു നല്ല ഛായാഗ്രഹകൻ കൂടിയായ സംവിധായകൻ സൂക്ഷ്മത കാണിക്കുന്നുണ്ട് , ഒട്ടും വാചാല മാകാതെ തന്നെ.

കണ്ണിന് കാഴ്ചക്കുറവുള്ള, രോഗിയായ അമ്മയും വരാനിരിക്കുന്ന തന്റെ നല്ല ഭാവിയെപ്പോലും അനിയനു വേണ്ടി ഉപേ ക്ഷിക്കാൻ തയ്യാറാകുന്ന അദ്ധ്യാപികയായ യായ ചേച്ചിയുമാണ് അച്ഛനോടൊപ്പം രഘു വിനെ കാത്ത് വീട്ടിലുള്ളത്.

അച്ഛന്റെ ചോദ്യങ്ങൾക്ക് മുന്നിൽ ഒഴിഞ്ഞു മാറിയ സഹപാഠിയെ ക്ഷേത്രമുറ്റത്തു വച്ച്, യാദൃച്ഛയാ കണ്ടുമുട്ടുമ്പോഴാണ് ചേച്ചി അനിയന്റെ തിരോധാന വിവരം അറിയുന്നത്. എന്നാൽ, പരീക്ഷ തീരുന്നതിന് രണ്ടു ദിവസം മുൻപ് രഘുവിനെ പോലീസ് മുൻപ് രഘുവിനെ പോലീസ് പിടിച്ചു കൊണ്ടു പോകുകയായിരുന്നു എന്നും അതിനു ശേഷം അവനെ മറ്റാരും കണ്ടിട്ടില്ലെന്നുമുള്ള വാർത്ത പത്രത്തി ലൂടെ അച്ഛൻ നേരത്തെ അറിഞ്ഞിരുന്നു എന്ന് മകൾ പോലും പിന്നീടാണറിയുന്നത്. അപ്പോൾ മാത്രമാണ്, പ്രേംജി എന്ന മഹാ നടനിലൂടെ,ആ അച്ഛന്റെ മുഖത്ത് നിറഞ്ഞു നിന്നിരുന്ന ഭയം കലർന്ന പ്രതീക്ഷയുടെ അർത്ഥം പ്രേക്ഷകർക്കും മനസ്സിലാകുക.

പിന്നീടങ്ങോട്ട് അടിയന്തിരാവസ്ഥാ കാല ഘട്ടത്തിലെ ഭരണകൂടാതിക്രമങ്ങളുടെ രാഷ്ട്രീയ സൂചനകളുമായാണ് സിനിമ മുന്നോട്ട് പോകുന്നത്. കോഴിക്കോട് റീജിയണൽ എൻജിനിയറിംഗ് കോളേജ് ഹോസ്റ്റലിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം കാണാതായ, കസ്റ്റഡിയിൽ കൊല ചെയ്യപ്പെട്ടു എന്ന് പിന്നീട് കണ്ടെത്തുകയും ചെയ്ത രാജനെ ഓർമ്മിപ്പിച്ചു കൊണ്ടാണ് രഘുവിനെ തേടിയുള്ള അച്ഛന്റെ യാത്ര തുടരുന്നത്.

നാട്ടുകാരൻ കൂടിയായ ആഭ്യന്തര മന്ത്രിയെ കാണാനെത്തുമ്പോഴുള്ള മറുപടി രഘു പോലീസ് കസ്റ്റഡിയിലില്ലെന്നായിരുന്നു. മന്ത്രിയുടെ കത്തുമായി പോലീസ് മേധാവിയെ കാണുമ്പോഴും അതു തന്നെയായിരുന്നു മറുപടി. മന്ത്രിയുടെയും പോലീസ് മേധാവി യുടെയും മുഖഭാവങ്ങളിൽ പതിയിരിക്കുന്ന ദുരന്തഭീകരതയുടെ നിഴൽ കാണാൻ തനി നാടനായ ആ പാവം വൃദ്ധന് കഴിയുന്നു മില്ല. ആശ്വാസവാനായി തിരിച്ചെത്തുന്ന രാഘവ പിഷാരടിയോട്, അവർ അച്ഛ നോട് കള്ളം പറഞ്ഞതാണെങ്കിലോ ? എന്ന അല്പമുറക്കെത്തന്നെയുള്ള മകളുടെ ചോദ്യത്തിനു മുന്നിൽ നിസ്സഹായനായി പോകുന്നുണ്ട് ആ വൃദ്ധൻ.



എന്നാൽ പോലീസ് മേധാവിയുടെ മറ്റൊരാളോടുള്ള സംഭാഷണത്തിൽ നിന്ന് രഘു കൊലചെയ്യപ്പെട്ടു എന്ന യാഥാർത്ഥ്യം പ്രേക്ഷകർ മനസ്സിലാക്കുന്നുണ്ട്.

സത്യമറിയാൻ അനിയന്റെ കൂട്ടുകാരെ ത്തേടിയുള്ള ചേച്ചിയുടെ യാത്രയും സത്യമറിഞ്ഞ ശേഷമുള്ള നിമിഷങ്ങളുമാണ് അവസാന രംഗങ്ങൾ. മകളുടെ ദൂരെ നിന്നുള്ള വരവിൽ തെളിയുന്ന അച്ഛന്റെ കണ്ണുകൾ മകൾ അടുത്തെത്തുന്നതോടെ ഇരുൾ മൂടി നിറയുന്നു.

അറിഞ്ഞ സത്യം പറയാനാവാതെ വിതുമ്പുന്ന മകളും പറയാതെ തന്നെ സത്യമറിയുന്ന അച്ഛനും അമ്മയും. എന്നാൽ പരസ്പരം അതംഗീകരിക്കാൻ അവർക്കാകുന്നില്ല. എപ്പോഴുമിങ്ങനെ കാത്തിരിക്ക എന്ന



മകളുടെ ഭംഗിവാക്കിനു മുന്നിൽ പൊട്ടിത്തെറിക്കുന്നുണ്ട് ആ അച്ഛൻ മനസ്സ്.

കാത്തിരിപ്പ് തുടരാൻ തന്നെയാണ് അച്ഛന്റെ തീരുമാനം. എന്നാൽ വീണ്ടും ബസ് സ്റ്റോപ്പിൽ പോയി അവസാന ബസ്സിനു ശേഷം മടങ്ങി വരുന്ന രാഘവ പിഷാരടിക്ക് പഴയ കരുത്തുണ്ടായിരുന്നില്ല. തീർത്തും തളർന്നു പോയിരുന്നു ; ശാരീരികമായും മാനസികമായും.

പ്രേംജി എന്ന മഹാനടന്റെ അതുല്യമായ നിരവധി അഭിനയ മുഹൂർത്തങ്ങൾ കൊണ്ട്



സമ്പന്നമാണ് ഈ സിനിമ. അവന്റെ പിറവിയുടെ വേദന അവർക്കറിയില്ലല്ലോ എന്ന് വിലപിക്കുന്ന അച്ഛന്റെ അന്ത:സംഘർഷങ്ങൾ എത്ര കയ്യൊതുക്കത്തോടെയാണ് പ്രേംജി അവതരിപ്പിക്കുന്നത് ! അവസാന ബസ്സിനായി കാത്തിരിക്കുമ്പോഴും യാത്രക്കാർ ഓരോന്നായി നടന്നു മറയുമ്പോഴും ഉള്ളിലെ വ്യഥ മുഴുവൻ നിശബ്ദമായി ആ മുഖത്ത് മിന്നി മറയുന്നത് കണ്ടു തന്നെ അറിയേണ്ടതാണ്.

പിറവി ഷാജി എന്ന സംവിധായകന്റെ തെന്ന പോലെ പ്രേംജി എന്ന നടന്റേതു കൂടിയാണ്. മികച്ച നടനുള്ള സംസ്ഥാന - ദേശീയ അവാർഡുകൾ തികച്ചും അദ്ദേഹം അർഹിക്കുന്നവ തന്നെയാണ്.

സ്വാഭാവികമായും ഛായാഗ്രഹണവും ഈ ചിത്രത്തിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷതയാണ്. ഗ്രാമീണതയുടെ



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



ലാളിത്യവും വശ്യതയും അതു നൽകുന്ന നൻമയുടെ സന്ദേശവുമെല്ലാം പ്രമേയത്തിന്റെ അനുഭവ തീവ്രത ചോർന്നു പോകാതെ ഒപ്പിയെടുക്കുന്നതിൽ സണ്ണി ജോസഫിന്റെ ക്യാമറ നന്നായി അദ്ധ്വാനിച്ചിട്ടുണ്ട്. ഒപ്പം ഗ്രാമീണരായ മറ്റു സഹകഥാപാത്രങ്ങളും.

കാത്തിരിപ്പിനും പ്രതീക്ഷയ്ക്കുമിടയിൽ ഒഴുകി നടക്കുന്ന മനസ്സുപോലെ ഓളത്തിലങ്ങോട്ടുമിങ്ങോട്ടും ഒഴുകി നടക്കുന്ന തോണിയും തോണിക്കാരനും ഈ സിനിമയിലെ പ്രധാന കഥാപാത്രങ്ങളാണ്. മിതത്വമാണ് എല്ലാ അഭിനേതാക്കളുടേയും മുഖമുദ്ര.

ദേശീയ - അന്തർദേശീയ തലങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയ സിനിമയാണ് പിറവി. 1989 ലെ ദേശീയ അവാർഡിൽ മികച്ച ചിത്രത്തിനും സംവിധായകനും നടനും ശബ്ദലേഖകനും ഉള്ള പുരസ്കാരങ്ങൾ പിറവിക്കായിരുന്നു.1989 ലെ തന്നെ കാൻ ഫെസ്റ്റിവലിലെ ജൂറി പ്രത്യേക പുരസ്കാരം ഉൾപ്പെടെനിരവധി വിദേശ ചലച്ചിത്രമേളകളിൽ നേടിയ സമ്മാനങ്ങൾ പിറവിയ്ക്ക് വിശ്വസിനിമാ പട്ടികയിൽ ഒരിടം നേടിക്കൊടുത്തിട്ടുണ്ട്.

ഷാജി. എൻ. കരുൺ എന്ന വിശ്വോത്തര ചലച്ചിത്ര സംവിധായകന്റെ പിറവിയും ഈ സിനിമയോടൊപ്പമായിരുന്നു.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

# സ്വം ദുരന്തം തകർത്തെറിഞ്ഞ കുടുംബജീവിത ചിത്രീകരണം



ജോൺ തോമസ്
(ഫിൽക്ക)

1994 ലാണ് ഷാജി തന്റെ അടുത്ത ഫീച്ചർ ചിത്രമായ സ്വം പുറത്തിറക്കിയത്. അഞ്ചു വർഷം എടുത്തു പൂർത്തീകരിച്ച സിനിമയെന്ന് ഷാജി തന്നെ സ്വമ്മിനെ വിശേഷിപ്പിക്കുന്നുണ്ട്.




പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തിയാക്കിയ ശേഷം അരവിന്ദൻ അടക്കം നിരവധി സംവിധായകരുടെ സിനിമകളെ ലോകോത്തരമാക്കുന്ന തരത്തിൽ ഛായാഗ്രഹണം നിർവഹിച്ച ഷാജി.എൻ.കരുൺ 1988 ൽ പിറവിയുമായി സംവിധായകന്റെ മേലങ്കിയണിഞ്ഞു കൊണ്ടുള്ള തന്റെ യാത്ര ആരംഭിക്കുന്നു. മടങ്ങിവരാത്ത മകനു വേണ്ടിയുള്ള പിതാവിന്റെ കാത്തിരിപ്പ് ചിത്രീകരിച്ച ആ സിനിമ 1970കളിലും 80കളിലും ലോക സിനിമാ ഭൂപടത്തിൽ ഇടം നേടിയ ഒരുപറ്റം മലയാള ചലച്ചിത്രകാരന്മാരുടെ ആദ്യ ചിത്രം പോലെ , ഗൗരവമായി സിനിമയെ സമീപിക്കുന്ന ചലച്ചിത്ര പ്രേക്ഷകരുടെ ഹൃദയം കവർന്ന സിനിമയായിരുന്നു.

ഒരു റെയിൽവേ സ്റ്റേഷൻ പരിസരം പശ്ചാത്തലമാക്കിയാണ് സിനിമ ആരംഭിക്കുന്നത്. ആളും ആരവവും അന്ന് കുറവായിരുന്ന തെന്മല റെയിൽവേ സ്റ്റേഷൻ ആണ് ഇതിനു വേണ്ടി തെരഞ്ഞെടുത്തത്. തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന കേരളത്തിന്റെ അതിർത്തിയായ ആര്യങ്കാവിന് അടുത്തുള്ള വൃക്ഷനിബിഡവും മലകൾ നിറഞ്ഞതുമായ ഭൂപ്രദേശം. കൂറ്റൻ പില്ലറുകളിൽ തീർത്തതും വളഞ്ഞുപുളഞ്ഞു നീങ്ങുന്നതും എൻജിനീയറിങ് മാർവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്നതുമായ റെയിൽവേ പാത. ഈ റെയിൽവേ സ്റ്റേഷനോട് ചേർന്ന് ചായക്കട നടത്തി വന്ന രാമയ്യർ എന്ന തമിഴ് ബ്രാഹ്മണ വിഭാഗത്തിൽ പെട്ട ആളാണ് സിനിമയുടെ ആരംഭത്തിലെ മുഖ്യ കഥാപാത്രം.

രാമയ്യരെ ചായക്കട നടത്തിപ്പിൽ സഹായിക്കാനായി കൂടുന്ന ഭാര്യ അന്നപൂർണ്ണിയും അവരുടെ പറക്കമുറ്റാത്ത രണ്ടു കുട്ടികളും - ഒരാണും ഒരു പെണ്ണും-അടങ്ങുന്നതാണ് സിനിമയിലെ കുടുംബം .പോർട്ടറന്മാർ അടക്കമുള്ള ചുരുക്കം റെയിൽവേ ജീവന

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL




ക്കാരുടെയും വല്ലപ്പോഴും വന്നു പോകുന്ന യാത്രക്കാരുടെയും വിശപ്പും ദാഹവും ശമിപ്പിക്കാനുള്ള ഏക ആശ്രയം ആയിരുന്നു ഈ ചായക്കട.

ചായക്കടയിൽ വിളമ്പുന്ന ഭക്ഷണത്തിന്റെ നിലവാരത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാട്ടാത്ത ആളായിരുന്നു സൗമ്യപ്രകൃതനായ രാമയ്യർ. വന്നു പോകുന്നവരോട് എല്ലാം സ്നേഹത്തോടെ പെരുമാറുന്നയാൾ.

സന്തുഷ്ടവും സംഭവരഹിതവുമായ ജീവിതം നയിച്ച ആ കുടുംബത്തിലെ കാരണവരായ രാമയ്യർ പൊടുന്നനെ അന്തരിക്കുന്നു. അത് ആ കുടുംബത്തിന്റെ മാത്രമല്ല ആ ചായക്കടയിൽ ആശ്വാസം കണ്ടെത്തിയിരുന്ന സകലമാന പേരുടെയും ദൈനംദിന ജീവിതതാളം തെറ്റിക്കുന്നതായി സിനിമയിൽ നമുക്ക് കാണാം.

ഒരു നല്ല മനുഷ്യന്റെ സാന്നിധ്യം അയാളെ വലയം ചെയ്തു നിൽക്കുന്ന മനുഷ്യരിലും പ്രകൃതിയിൽ ഒട്ടാകെ തന്നെയും പ്രഭ പരത്തുമെന്നും അയാളുടെ വിയോഗം ഇപ്പറഞ്ഞ അംശങ്ങളിലെല്ലാം ഗ്ലാനിയുണർത്തുമെന്നും ഉള്ള സന്ദേശം രാമയ്യർ എന്ന കഥാപാത്രത്തിലൂടെ ഷാജി അവതരിപ്പിച്ചിരിക്കുന്നു.

കൗമാരക്കാരായ രണ്ടു മക്കളോടൊപ്പം ആ ചായക്കട തുടർന്നു നടത്തിക്കൊണ്ടു പോകാനുള്ള പ്രാപ്തിയും സാമർത്ഥ്യവും ഇല്ലാത്തതിനാൽ ഭർത്താവിനെ ആശ്രയിച്ച് ജീവിച്ചിരുന്ന അന്നപൂർണ്ണി കട അവസാനിപ്പിച്ച് മക്കളെയും കൂട്ടി പട്ടണത്തിലേക്ക് പോകുന്നു.

അന്നപൂർണ്ണിയുടെ വീക്ഷണ കോണിലൂടെയാണ് ഈ സിനിമ അവതരിപ്പിച്ചിരിക്കുന്നത്. കുടുംബനാഥന്റെ സഹായമില്ലാതായ മകന്റെ വിദ്യാഭ്യാസം താറുമാറാകുന്നു. തുടർന്ന് അവനെ പട്ടാളത്തിൽ അയക്കാനുള്ള പരിപാടിയിടുകയാണ് അന്നപൂർണ്ണി. താൻ സ്വരുക്കൂട്ടിയ പണം ഒരു ഏജന്റിന് നൽകുന്നു. നിർഭാഗ്യകരം എന്ന് പറയട്ടെ, പട്ടാളത്തിലേക്കുള്ള റിക്രൂട്ട്മെന്റിന്റെ തിക്കിലും തിരക്കിലും പെട്ട് അന്നപൂർണ്ണിയുടെ മകൻ കൊല്ലപ്പെടുന്നു. അങ്ങനെ കുടുംബത്തിലെ അവശേഷിക്കുന്ന ആൺതരിയും ഇല്ലാതാവുന്നു.

കുടുംബത്തിന് സംഭവിച്ച നഷ്ടം പൂർണമായി ഉൾക്കൊള്ളാറായിട്ടില്ലാത്ത മകൾ, വിശന്നപ്പോൾ കിട്ടിയ വറ്റിനേക്കാൾ കൂടുതൽ വെള്ളമുള്ള കഞ്ഞി ശബ്ദമുണ്ടാക്കി വലിച്ചു കുടിക്കുന്നത് കണ്ട അമ്മ അവളെ ശാസി



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

ക്കുന്നിടത്ത് സിനിമ അവസാനിക്കുന്നു. വിയോഗവും വ്യഥയും കഥാപാത്രങ്ങളുടെ അസ്തിത്വത്തിനെ വരെ ബാധിക്കുന്ന അവസ്ഥ പ്രമേയമായിട്ടുള്ള സിനിമയാണിത്. സ്വം എന്നതിന്റെ ഇംഗ്ലീഷ് പരിഭാഷയ്ക്ക് തുല്യ മായ മലയാളം എന്റെ സ്വന്തം എന്നാണ്.

ഈ സിനിമയിലെ കഥ പറയുന്ന അന്നപൂർണ്ണി യുടെ ദുഃഖം പൂർണ്ണമായ അർത്ഥത്തിൽ അന്നപൂർണ്ണിക്ക് മാത്രമേ അനുഭവിച്ചറിയാൻ കഴിയു. ഒരു കുടുംബത്തിനുള്ളിൽ സംഭവി ക്കുന്ന വിയോഗവും വ്യഥയും അവരെ ചൂഴ്ന്നു നില്ക്കുന്ന സമൂഹത്തിലേക്കു കൂടി ഒരു ബിന്ദുവിൽ നിന്നുണ്ടാകുന്ന കാന്തിക വലയം പോലെ വ്യാപിച്ചു മുന്നേറു ന്നതായി നമുക്കീ സിനിമയിൽ കാണാം. ആ നാട്ടിൽ ഭിക്ഷ യാചിച്ചു ജീവിച്ചിരുന്ന ഒരാൾ ഒരു ലോറിയുടെ പുറകിൽ കയറി അന്യ സ്ഥലത്തേക്ക് മാറിപ്പോകുന്ന സിനിമ യിലെ കാഴ്ച നൽകുന്ന സന്ദേശവും ഇതു തന്നെയാണ്.

കാത്തിരിപ്പ് പ്രധാന പ്രമേയമായ പിറവി യിൽ മഴയുടെ ചിത്രീകരണം രംഗങ്ങളുടെ മൂഡ് നിശ്ചയിക്കുന്നതിൽ വലിയ പങ്കു വഹിച്ചു. അതിനു മുൻപ് അരവിന്ദൻ സിനിമകളുടെ ഛായാഗ്രാഹകൻ എന്ന നിലയിൽ, പുഴയും ഓടവും തമ്പും ഉള്ളിൽ തട്ടുംപടി ചിത്രീ കരിച്ച് തമ്പെന്ന സിനിമയെ അവാർഡിന് അർഹമാക്കി ഒരുക്കിയെടുത്ത ഷാജി, മലയും മരവും പൂക്കളും നിറഞ്ഞ ഭൂപ്രദേശത്തിന്റെ റൊമാൻറിക് അന്തരീക്ഷം ചിദംബരത്തി ലൂടെ ഒപ്പിയെടുത്ത ഷാജി, കായലും ആകാശ ത്തിലെ നിറച്ചാർത്തുകളും ബാംസുരി വാദനത്തിന്റെ പശ്ചാത്തലത്തിൽ സമ്മേളി ക്കുന്നത് പോക്കുവെയിലിൽ ചിത്രീകരിച്ച ഷാജി, കടലും രാത്രിയും പള്ളിപ്പരിസരവും ഒക്കെ ചേരുന്ന മാജിക്കൽ ആയ ഒരു അന്തരീക്ഷം എസ്തപ്പാനിൽ സൃഷ്ടിച്ചെടു ത്ത ഷാജി, ഗോദാവരി തീരത്തെ വന്യമായ ഭൂപ്രകൃതി കാഞ്ചന സീതയിലെ കഥാപാത്ര മാക്കിയ ഷാജി, അപ്രകാരമുള്ള ഷാജി യുടെ ഛായാഗ്രാഹകൻ എന്ന നിലയിലുള്ള കരവിരുത് ലോകം അംഗീകരിച്ചതാണ്.

സ്വമ്മിന്റെ ചിത്രീകരണത്തിലും സംവിധാ യകനായി മാറിയ, ഛായാഗ്രാഹകനായ ഷാജി ശ്രദ്ധ പുലർത്തിയിട്ടുണ്ട്. തങ്ങളുടെ ജീവിതത്തിലെ നല്ല കാലം ഓർമ്മിക്കുന്ന ഫ്ളാഷ് ബാക്ക് രംഗങ്ങൾ കളറിലും വർത്തമാനകാലത്തിലെ പരുപരുത്ത യാഥാർ ത്ഥ്യങ്ങൾ ബ്ലാക്ക് ആൻഡ് വൈറ്റിലും ആണ് ചിത്രീകരിച്ചിട്ടുള്ളത്. വെളിമ്പ്രദേശത്ത് ഇരുണ്ടു കൂടുന്ന മേഘങ്ങൾ മഴയായി പെയ്യുന്ന ദൃശ്യം ഈ സിനിമയിൽ നമുക്ക് അനുഭവിച്ചറിയാൻ കഴിയും. ശ്രദ്ധാപൂർവ്വം നിർവഹിച്ചതാണ് കാൻ ചലച്ചിത്രമേള യിൽ പാം ദ് ഓർ പുരസ്കാരത്തിനു വേണ്ടി യുള്ള എൻട്രിയായിരുന്ന ഈ സിനിമയിലെ പശ്ചാത്തല സംഗീതവും.

നല്ല മനുഷ്യരുടെ ജീവിതത്തിൽ എന്തു കൊണ്ട് മോശം കാര്യങ്ങൾ സംഭവിക്കുന്നു? നീതിമാന്മാരെയും സദ്ഗുണ സമ്പന്നരെയും വേദനയും തോരാത്ത കണ്ണീരും പിന്തുടരു ന്നത് എന്തുകൊണ്ട്? ഈ ശാശ്വത സത്യ ങ്ങളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഈ ചിത്രം.

മനുഷ്യജീവിതത്തെ പിഴിഞ്ഞാൽ ഊറി വരുന്നത് വേദന മാത്രം; ദുഖം പിരിയാത്ത ബന്ധക്കാരനും സുഖം വല്ലപ്പോഴും വരുന്ന അതിഥി മാത്രവും എന്നിത്യാദി ലോകോ ക്തികളിൽ വിശ്വസിക്കുന്നവർക്ക്, അനുഭവി ച്ചറിഞ്ഞവർക്ക് ഇതിലെ കഥാപാത്രങ്ങളുടെ ദുഃഖത്തോട് താദാത്മ്യപ്പെടാൻ കഴിയും.

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

# കുട്ടിസ്രാങ്ക്



**വിനോദ് കുമാർ. പി,**
(ഫിൽക്ക)



പ്രമുഖ എഴുത്തുകാരൻ ശ്രീ .പി. എഫ് മാത്യൂസിന്റെ ചെറുകഥയെ ആസ്പദമാക്കി വിശ്വവിഖ്യാത ചലച്ചിത്ര കാരൻ ഷാജി .എൻ . കരുൺ സംവിധാനം ചെയ്ത് 2010-ൽ പുറത്തിറങ്ങിയ സിനിമ യാണ് കുട്ടിസ്രാങ്ക്.

ഒരു പുരുഷന്റെ ജീവിതം മൂന്നു കാലങ്ങളി ലൂടെ മൂന്ന് സ്ത്രീകളിലൂടെ അനാവരണം ചെയ്യപ്പെടുകയാണ് കുട്ടിസ്രാങ്ക് എന്ന ഈ സാങ്കല്പിക കഥാചിത്രത്തിൽ.

അഴുകിയ നിലയിൽ ഒരജ്ഞാത മൃതദേഹം കടൽത്തീരത്ത് വന്നടിയുന്നതോടുകൂടിയാണ് ചിത്രം ആരംഭിക്കുന്നത്. മൃതദേഹം കുട്ടി സ്രാങ്കിന്റെയാണെന്ന് തിരിച്ചറിഞ്ഞ് അത് അവകാശപ്പെട്ട് ബുദ്ധസന്യാസിനിയായ രേവമ്മ പോലീസ് സ്റ്റേഷനിലേക്കെത്തുന്നു. തുടർന്ന് പോലീസ് അവർ തമ്മിലുള്ള ബന്ധം അന്വേഷിക്കുന്നു.

മലബാറിലെ ഒരു നാട്ടിലെ പ്രമാണിയാണ് രേവമ്മയുടെ അച്ഛൻ മൂപ്പൻ. മൂപ്പന്റെ വിശ്വ സ്ത സേവകനാണ് കുട്ടിസ്രാങ്ക്. വിദേശ പഠനത്തിനുശേഷം തിരിച്ചെത്തിയ രേവമ്മ താൻ ബുദ്ധമതം സ്വീകരിക്കാൻ പോകുന്നു വെന്ന് മൂപ്പനെ അറിയിക്കുന്നു. എന്നാൽ രേവമ്മയുടെ ഈ തീരുമാനത്തെ മൂപ്പൻ എതിർക്കുന്നു.

തുടർന്ന് കുട്ടിസ്രാങ്കിനെ ഉപയോഗിച്ച് അവളുടെ കാമുകനായ ബുദ്ധസന്യാസിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. എന്നാൽ കുട്ടിസ്രാങ്ക് അയാളെ രക്ഷപ്പെടുത്തുന്നു. ഒപ്പം അവളെയും. തുടർന്ന് കുട്ടിസ്രാങ്ക് ആ നാട്ടിൽ നിന്നും രക്ഷപ്പെടുന്നു.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL



പെമ്മാണ എന്ന മറ്റൊരു സ്ത്രീ കൂടി കുട്ടിസ്രാങ്കിന്റെ മൃതദേഹം തിരിച്ചറിയുന്നു. പോലീസ് അവളോടും കുട്ടിസ്രാങ്കിനെ കുറിച്ചുള്ള ബന്ധം അന്വേഷിക്കുന്നു. കുട്ടിസ്രാങ്ക് പെമ്മാണയുടെ ഗ്രാമത്തിൽ ഒരു ഫെറി ബോട്ട് ക്യാപ്റ്റനായി ജോലി ചെയ്തിരുന്ന കാലം. പെമ്മാണയുടെ സഹോദരൻ ലോനിയുമായി കുട്ടിസ്രാങ്ക് നല്ല ലോഹ്യത്തിലാവുകയും അയാളുടെ ചവിട്ടുനാടകങ്ങളിൽ പ്രധാന വേഷത്തിൽ അഭിനയിക്കുകയും ചെയ്യുന്നു.

അതേ സമയം മതമില്ലാത്ത കുട്ടിസ്രാങ്ക് നാടകത്തിൽ പങ്കെടുക്കുകയും പെമ്മാണ യുമായി അടുപ്പത്തിലാവുന്നതും ഗ്രാമത്തിൽ കലാപങ്ങൾക്ക് വഴിയൊരുക്കുകയും തുടർന്ന് ലോനിയുടെ കൊലപാതകത്തിൽ കലാശിക്കുകയും ചെയ്യുന്നു. അങ്ങനെ കുട്ടിസ്രാങ്ക് ആ നാട് ഉപേക്ഷിച്ചു പോകുന്നു.

അജ്ഞാത മൃതദേഹം തിരിച്ചറിയാൻ എത്തുന്ന മൂന്നാമത്തെ സ്ത്രീ ഊമയായ കാളിയാണ്. അവളോടൊപ്പം കൂടെ വന്ന പ്രായമായ സ്ത്രീ, കുട്ടിസ്രാങ്കിന്റെ ഗർഭി ണിയായ ഭാര്യയായി അവളെ പോലീസു കാർക്ക് പരിചയപ്പെടുത്തുന്നു. എന്നാൽ മൃതശരീരം തന്റെ ഭർത്താവിന്റെ അല്ല എന്നവൾ പറയുന്നു. പോലീസ് കുട്ടിസ്രാങ്കു മായുള്ള അവളുടെ ബന്ധം അന്വേഷിക്കുന്നു.



കഴിഞ്ഞ പത്ത് വർഷമായി ദുരന്തങ്ങൾ തുടരുന്ന ഒരസന്തുഷ്ട കുടുംബത്തിന്റെ നാഥനായ ഉണ്ണിത്താന്റെ സഹായിയാണ് കുട്ടിസ്രാങ്ക്. കാട്ടിൽ താമസിക്കുന്ന ഊമയായ കാളി കാരണമാണ് ഈ ദുർനിമിത്തമെല്ലാം ഉണ്ടാകുന്നുവെന്ന് ഉണ്ണിത്താൻ വിശ്വസി ക്കുന്നു. അവളെ ഇല്ലാതാക്കാൻ കുട്ടി



April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

filca



സ്രാങ്കിനെ ചുമതലപ്പെടുത്തുന്നുവെങ്കിലും പാമ്പ് കടിയിൽ നിന്നും തന്റെ ജീവൻ രക്ഷിച്ച കാളിയോട് അയാൾക്ക് അടുപ്പം തോന്നുകയും തുടർന്ന് അപകടം തിരിച്ചറിഞ്ഞ് അയാൾ അവളെയും കൊണ്ട് ആ നാട്ടിൽ നിന്നും ഓടി രക്ഷപ്പെടുകയും ചെയ്യുന്നു.മൂപ്പന്റെ പ്രതികാര നടപടിയുടെ ഭാഗമായി കുട്ടിസ്രാങ്ക് കടലിൽ വെടിയേറ്റ് മരണപ്പെടുന്നു. മൂപ്പൻ ആത്മഹത്യ ചെയ്യുന്നു. തന്റെ സഹോദരനെ വധിച്ച ജോപ്പനെ താൻ ഇല്ലാതാക്കിയെന്ന് പെമ്മാണ പോലീസിനോട് കുറ്റസമ്മതം നടത്തുന്നു.

പോലീസ് സ്റ്റേഷനിൽ നിന്നും കാളിയെ തന്റെയൊപ്പം കൊണ്ടുപോകുന്ന രേവമ്മ അവളുടെ നിറവയറിലെ കുഞ്ഞിന്റെ ഹൃദയമിടിപ്പിലേക്ക് ചെവി ചേർത്തു വയ്ക്കുന്ന രംഗത്തോടെ ചിത്രം അവസാനിക്കുന്നു. കുട്ടിസ്രാങ്കിനെ ഒരു പ്രതീകമായി മൂന്ന് കാലങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ എന്തിന്റെ പ്രതീകം അല്ലെങ്കിൽ പ്രതിരൂപം എന്നത് പ്രേക്ഷകന് തീരുമാനിക്കാം എന്ന് സംവിധായകൻ പരോക്ഷമായി സൂചിപ്പിക്കുന്നു.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# വാനപ്രസ്ഥം



പി. എസ്. ജ്യോതിഷ്കുമാർ
(ഫിൽക്ക)




മലയാള ചലച്ചിത്ര ചരിത്രത്തിലെ മികച്ച കലാസൃഷ്ടികളിലൊന്നായി കണക്കാക്കപ്പെടുന്ന ചിത്രമാണ് ഷാജി എൻ.കരുൺ സംവിധാനം ചെയ്ത വാനപ്രസ്ഥം.

ഈ ചിത്രം 1999-ൽ പുറത്തിറങ്ങി. കേരളത്തിന്റെ പരമ്പരാഗത കലാരൂപമായ കഥകളിയെ ആസ്പദമാക്കി നിർമ്മിച്ച ഈ ചിത്രം, ഒരു കലാകാരന്റെ ആത്മസംഘർഷവും സാമൂഹിക യാഥാർത്ഥ്യങ്ങളും അവതരിപ്പിക്കുന്നു.

കഥാപരമായ ആഴം, ദൃശ്യസൗന്ദര്യം, അഭിനയം എന്നിവ കൊണ്ട് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടിയ ചിത്രം കൂടിയാണിത്.

ഒരു താഴ്ന്ന ജാതിക്കാരനും കഥകളി നടനുമായ കുഞ്ഞിക്കുട്ടനും ( മോഹൻലാൽ ), അർജ്ജുനൻ എന്ന കഥാപാത്രത്തോട് മാത്രം പ്രണയം തോന്നുന്ന ക്ഷത്രിയ രാജകുടുംബക്കാരിയായ സുഭദ്രയും (സുഹാസിനി) തമ്മിലുള്ള സങ്കീർണ്ണമായ ബന്ധമാണ് സിനിമയുടെ പ്രമേയം.

കുഞ്ഞിക്കുട്ടന്റെ ജീവിതത്തിലൂടെയാണ് ചിത്രം വികസിക്കുന്നത്. കീഴ്ജാതിയിൽപ്പെട്ട സ്ത്രീക്ക് ഒരു നമ്പൂതിരിയിൽ ജനിച്ച മകനാണ് കുഞ്ഞിക്കുട്ടൻ. പക്ഷേ, അച്ഛൻ അവനെ മകനായി അംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഈ തിരസ്കരണം കുഞ്ഞിക്കുട്ടന്റെ മനസ്സിനെ ആഴത്തിൽ മുറിപ്പെടുത്തുന്നുണ്ട്.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca



അദ്ദേഹത്തിന്റെ കഥകളിയിലെ അർജുന വേഷം കണ്ട് ആരാധന തോന്നുന്ന സുഭദ്ര പ്രണയിക്കുന്നത് കുഞ്ഞിക്കുട്ടൻ എന്ന വ്യക്തിയെയല്ല, മറിച്ച് അദ്ദേഹം അരങ്ങിൽ അവതരിപ്പിക്കുന്ന അർജുനൻ എന്ന ബിംബത്തെയാണ്.

ഇവരുടെ ബന്ധത്തിൽ ഒരു കുട്ടി ജനിക്കുന്നുണ്ടെങ്കിലും, തന്റെ മകന്റെ അച്ഛൻ അർജുനൻ ആണെന്ന് വിശ്വസിക്കാനാണ് സുഭദ്ര ആഗ്രഹിക്കുന്നത്. കുഞ്ഞിനെ കാണാൻ പോലും അവൾ കുഞ്ഞിക്കുട്ടനെ അനുവദിക്കുന്നില്ല.

അച്ഛനാൽ ഉപേക്ഷിക്കപ്പെടുകയും മകനെ കാണാൻ വിലക്കപ്പെടുകയും ചെയ്യുന്ന ഒരു കലാകാരന്റെ ഏകാന്തതയും വേദനയുമാണ് വാനപ്രസ്ഥത്തിന്റെ കാതൽ. കലാരൂപത്തിനുള്ളിലെ മഹത്വവും ജീവിതത്തിലെ



യാഥാർത്ഥ്യവും തമ്മിലുള്ള വൈരുധ്യമാണ് ചിത്രത്തിന്റെ പ്രധാന വിഷയം. വ്യക്തിയും കലാകാരനും തമ്മിലുള്ള സംഘർഷങ്ങളെയും അസ്തിത്വ ദു:ഖങ്ങളെയും ആഴത്തിൽ സ്പർശിക്കുന്ന ഒരുസൈക്കോളജിക്കൽ ഡ്രാമയാണിത്.

മോഹൻലാലിന്റെ കരിയറിലെ ഏറ്റവും മികച്ച പ്രകടനങ്ങളിൽ ഒന്നാണിത്. കഥകളി കലാകാരന്റെ ശരീരഭാഷയും ഭാവങ്ങളും അദ്ദേഹം അസാമാന്യമായി കൈകാര്യം ചെയ്തു. വർഷങ്ങളോളം കഠിനാധ്വാനം ചെയ്ത് പഠിച്ചെടുക്കേണ്ട കഥകളി എന്ന കലാരൂപം കുറഞ്ഞ മാസങ്ങൾക്കുള്ളിൽ സ്വായത്തമാക്കിയാണ് മോഹൻലാൽ ഈ ചിത്രത്തിൽ അഭിനയിച്ചത്.



പ്രശസ്ത കഥകളി ആചാര്യൻ കീഴ്പ്പടം കുമാരൻ നായർ ആയിരുന്നു ചിത്രത്തിൽ അദ്ദേഹത്തിന്റെ ഗുരുവായി അഭിനയിച്ചത്. കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ ആണ് മോഹൻലാലിനെ കഥകളി അഭ്യസിപ്പിച്ചത്. പുലർച്ചെ നാല് മണിക്ക് എഴുന്നേറ്റ് അദ്ദേഹം നൃത്തം പഠിക്കുമായിരുന്നു. വെറും കുറഞ്ഞ മാസങ്ങൾക്കുള്ളിൽ ഒരു പ്രൊഫഷണൽ കഥകളി കലാകാരന്റെ ചലനങ്ങളും മുദ്രകളും അദ്ദേഹം വേദിയിൽ അനുകരിച്ചു. ചിത്രത്തിലെ പൂതനാമോക്ഷം രംഗം ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. മദ്ദളത്തിന്റെ താളം മുഖഭാവങ്ങളിൽ കൊണ്ടുവരാൻ 92 വയസ്സുകാരനായ കീഴ്പ്പടം കുമാരൻ നായർ നൽകിയ

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL




നിർദ്ദേശം ആ രംഗത്തെ അനശ്വരമാക്കി എന്ന് മോഹൻലാൽ പിന്നീട് പറഞ്ഞിട്ടുണ്ട്. പ്രശസ്ത കഥകളി കലാകാരനായ കലാമണ്ഡലം ഗോപി, മോഹൻലാലിന്റെ പ്രകടനത്തെ അഭിനന്ദിക്കുകയും അദ്ദേഹത്തെ മികച്ച നടനായി വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രശസ്ത കഥകളി കലാകാരന്മാരായ കലാമണ്ഡലം ഗോപി, മട്ടന്നൂർ ശങ്കരൻ കുട്ടിമാരാർ എന്നിവരുടെ സാന്നിധ്യം സിനിമയുടെ ആധികാരികത വർദ്ധിപ്പിക്കുന്നു. മോഹൻലാലിന്റെ അഭിനയജീവിതത്തിലെ നാഴികക്കല്ലായ ഈ ചിത്രം ഭാരതീയ കലയെയും ജാതിവ്യവസ്ഥയെയും കലാകാരന്റെ ആന്തരിക സംഘർഷങ്ങളെയും അത്യന്തം ഗൗരവകരമായി സമീപിക്കുന്നു.

സുഹാസിനിയുടെ സുഭദ്ര എന്ന കഥാപാത്രവും ഏറെ പ്രശംസ നേടി.സന്തോഷ് ശിവനും റെനാറ്റോ ബെർട്ടയും ചേർന്ന് നിർവ്വഹിച്ച ഛായാഗ്രഹണം ഓരോ ദൃശ്യത്തെയും ഒരു പെയിന്റിംഗ് പോലെ മനോഹരമാക്കി. പാനാ വിഷൻ ക്യാമറ ഉപയോഗിച്ച് ചിത്രീകരിച്ച ആദ്യ ഇന്ത്യൻ സിനിമയാണിത്. സന്തോഷ് ശിവന്റെ ക്യാമറ വർക്ക് ചിത്രത്തിന്റെ ഏറ്റവും വലിയ ശക്തികളിൽ ഒന്നാണ്. കഥകളി യുടെ നിറങ്ങളും ഭാവങ്ങളും ദൃശ്യങ്ങളിലൂടെ മനോഹരമായി പകർത്തിയിരിക്കുന്നു.പശ്ചാത്തലസംഗീതവും ചിത്രത്തിന്റെവികാര ഭാരം ഉയർത്തുന്നു. കഥകളിയിലെ വെളിച്ചവും നിഴലും അതിന്റെ തനിമയോടെ പകർത്തിയത് വലിയ ചർച്ചയായിരുന്നു.

വിശ്വപ്രസിദ്ധ തബല വാദകൻ സക്കീർ ഹുസൈൻ ആണ് ചിത്രത്തിന് സംഗീതം നൽകിയത്. പശ്ചാത്തല സംഗീതം ചിത്രത്തിന്റെ ഗൗരവത്തെയും വികാരങ്ങളെയും തീവ്രമായി പ്രതിഫലിപ്പിക്കുന്നു. സക്കീർ ഹുസൈന്റെ സംഗീതം വാനപ്രസ്ഥം എന്ന സിനിമയെ ഒരു ദൃശ്യ-ശ്രാവ്യ അനുഭവമാക്കി മാറ്റുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭാരതീയ ശാസ്ത്രീയ സംഗീതവും കഥകളി സംഗീതവും പാശ്ചാത്യ ശൈലിയോട് ഇണക്കിച്ചേർത്താണ് ഈ ചിത്രത്തിന് പശ്ചാത്തല സംഗീതം ഒരുക്കിയത്.

സിനിമയിലെ കഥകളി രംഗങ്ങൾക്കായി പരമ്പരാഗതമായ സോപാന സംഗീതമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനായി പ്രശസ്ത ഗായകരായ കലാമണ്ഡലം ഹൈദരാലി, കലാമണ്ഡലം ഹരിദാസ് എന്നിവരുടെ ശബ്ദം ഉപയോഗിച്ചത് കഥകളിയുടെ തനിമ നിലനിർത്താൻ സഹായിച്ചു.

കുഞ്ഞിക്കുട്ടൻ എന്ന കഥാപാത്രത്തിന്റെ ആന്തരിക സംഘർഷങ്ങളും ഒറ്റപ്പെടലും സംഗീതത്തിലൂടെ പ്രേക്ഷകരിലേക്ക് എത്തിക്കാൻ സക്കീർ ഹുസൈന് കഴിഞ്ഞു. വീണ, പുല്ലാങ്കുഴൽ തുടങ്ങിയ വാദ്യോപ





കരണങ്ങൾ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. കഥകളിയിലെ ചെണ്ട, മദ്ദളം എന്നിവയുടെ താളത്തിനൊപ്പം സക്കീർ ഹുസൈന്റെ പശ്ചാത്തല സംഗീതം വളരെ സ്വാഭാവിക മായി ഇഴചേർന്നു നിൽക്കുന്നു.

മോഹൻലാലും ഫ്രഞ്ച് നിർമ്മാതാവായ പിയറി അസ്സോലിനും ചേർന്നാണ് ഈ ഇന്തോ-ഫ്രഞ്ച് സംരംഭം നിർമ്മിച്ചത്. മോഹൻലാലിന്റെ ഉടമസ്ഥതയിലുള്ള പ്രണവം ആർട്സ്, ഫ്രഞ്ച് കമ്പനിയായ യൂറോ അമേരിക്കൻ മൂവീസ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിച്ചത്. മലയാള ത്തിൽ അക്കാലത്ത് പരീക്ഷിക്കാത്ത വലിയൊരു ബജറ്റിലായിരുന്നു നിർമ്മാണം. ലൂക്കാസ് ഫിലിംസിന്റെ സ്കൈവാക്കർ സൗണ്ട് ലബോറട്ടറിയിലാണ് ഇതിന്റെ സൗണ്ട് എഡിറ്റിംഗ് നടന്നത്. മലയാള സിനിമയിൽ ആദ്യമായാണ് ഇത്രയും വിപുലമായ സാങ്കേതിക വിദ്യ ഉപയോ ഗിക്കുന്നത്.

കഥകളിയിലെ കോപ്പുകളും ചായക്കൂട്ടു കളും വളരെ സൂക്ഷ്മമായി സിനിമയിൽ ഉപ യോഗിച്ചിട്ടുണ്ട്. കഥകളി കലാകാരന്മാരുടെ വേഷപ്പകർച്ചകൾ അത്യന്തം സ്വാഭാവിക മായാണ് അവതരിപ്പിച്ചിരിക്കുന്നത്.

അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തി ലും നിരവധി അംഗീകാരങ്ങൾ വാന പ്രസ്ഥത്തെ തേടിയെത്തി. മികച്ച ചിത്രം, മികച്ച നടൻ (മോഹൻലാൽ), മികച്ച എഡിറ്റിംഗ് എന്നിവയ്ക്ക് ദേശീയ ചലച്ചിത്ര പുരസ്കാരം, മികച്ച നടൻ, മികച്ച സംവിധാ യകൻ, മികച്ച എഡിറ്റിംഗ് എന്നിവയ്ക്ക് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം എന്നിവ നേടിയ വാനപ്രസ്ഥം നിരവധി അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രദർശി പ്പിക്കപ്പെട്ടു.

കാൻ ഫിലിം ഫെസ്റ്റിവലിൽ ഔദ്യോഗിക മായി പ്രദർശിപ്പിക്കപ്പെട്ട ആദ്യ മോഹൻ ലാൽ സിനിമയാണിത്. ഷാജിയുടെ മൂന്നാ മത്തെ സിനിമയും. 1999-ൽ അൺ സെർട്ടൻ റിഗാർഡ് വിഭാഗത്തിലേക്കാണ് ചിത്രം തിരഞ്ഞെടുക്കപ്പെട്ടത്.

സിനിമയുടെ പ്രദർശനത്തിന് ശേഷം കാണികൾ എഴുന്നേറ്റു നിന്ന് അഞ്ച് മിനി റ്റോളം കൈയടിച്ചാണ് മോഹൻലാലിന്റെ പ്രകടനത്തെയും സിനിമയെയും വരവേറ്റത്. അന്താരാഷ്ട്ര മാധ്യമങ്ങൾ മോഹൻലാലി ന്റെ അഭിനയത്തെ ഏഷ്യയിലെ മികച്ച പ്രകടനങ്ങളിലൊന്നായി വാഴ്ത്തുകയും അദ്ദേഹത്തിന് റെഡ് കാർപ്പറ്റ് സ്വീകരണം ലഭിക്കുകയും ചെയ്തു.

ഫ്രഞ്ച് ഛായാഗ്രാഹകൻ റെനാറ്റോ ബെർട്ട മോഹൻലാലിനെക്കുറിച്ച് പറഞ്ഞത്, അദ്ദേഹം ലോകത്തിന്റെ തെറ്റായ ഭാഗത്താണ് ജനിച്ചത്, അല്ലെങ്കിൽ അദ്ദേഹത്തിന് ഓസ്കാർ ലഭിക്കു മായിരുന്നു എന്നാണ്.

ജീവിതം ഒരു തീർത്ഥാടനമാണെന്നും, ലൗകിക ബന്ധങ്ങളിൽ നിന്നുള്ള മോചന മാണ് വാനപ്രസ്ഥം എന്നും ഈ ചിത്രം അടിവരയിടുന്നു. കലയും കലാകാരനും തമ്മിലുള്ള വേർതിരിക്കാനാവാത്ത ബന്ധ ത്തെയും, സമൂഹത്തിലെ ജാതീയമായ വേർതിരിവുകളെയും ഈ സിനിമ ചോദ്യം

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

ചെയ്യുന്നു. മലയാള സിനിമയിലെ ക്ലാസിക് എന്ന് വിശേഷിപ്പിക്കാവുന്ന വാനപ്രസ്ഥം ഇന്നും സിനിമാ പ്രേമികൾക്കിടയിൽ മായാതെ നിൽക്കുന്നു .

വാനപ്രസ്ഥം, ഒരു സിനിമ മാത്രമല്ല, കലയും ജീവിതവും തമ്മിലുള്ള സങ്കീർണ്ണ ബന്ധത്തിന്റെ ഗഹനമായ അവതരണമാണ്. ഷാജി. എൻ. കരുണിന്റെ ഈ ദൃശ്യകാവ്യം ഇന്നും പ്രേക്ഷകരുടെ മനസിൽ നില നിൽക്കുന്നു. മലയാള സിനിമയുടെ കലാസാംസ്കാരിക പാരമ്പര്യത്തിൽ ഈ ചിത്രത്തിന് പ്രത്യേക സ്ഥാനമുണ്ട്.

ഷാജി.എൻ.കരുണിന്റെ സംവിധാന ശൈലിയാണ് വാനപ്രസ്ഥത്തെ ഒരു ലോകോത്തര സിനിമയാക്കി മാറ്റിയത്. ഒരുഫ്രഞ്ച്-ഇന്ത്യൻ സംയുക്ത സംരംഭമായിട്ടാണ് ഷാജി. എൻ. കരുൺ ഈ ചിത്രം വിഭാവനം ചെയ്തത്. സംഭാഷണങ്ങളേക്കാൾ കൂടുതൽ ദൃശ്യങ്ങളിലൂടെയും നിശബ്ദതയിലൂടെയും കഥ പറയുന്ന രീതിയാണ് അദ്ദേഹം ഇവിടെ സ്വീകരിച്ചത്. കുഞ്ഞിക്കുട്ടന്റെ ഉള്ളിലെ ഏകാന്തതയും സംഘർഷവും പ്രേക്ഷകരിലേക്ക് എത്തിക്കാൻ ദീർഘമായ ഷോട്ടുകൾ അദ്ദേഹം ഉപയോഗിച്ചു. മോഹൻലാലിലെ മഹാനടനെ കൃത്യമായി ഉപയോഗപ്പെടുത്തിയ സംവിധായകനാണ് അദ്ദേഹം. മോഹൻലാലിന് പുറമെ കഥകളി ആചാര്യന്മാരെയും സുഹാസിനിയെയും മികച്ച രീതിയിൽ അദ്ദേഹം ഏകോപിപ്പിച്ചു.

സിനിമയിലെ വെളിച്ചവും ശബ്ദവും ഓരോ വികാരത്തെയും പ്രതിനിധീകരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് സന്തോഷ് ശിവനെയും സക്കീർ ഹുസൈനെയും പോലുള്ള പ്രതിഭകളെ അദ്ദേഹം ഈ ചിത്രത്തിന്റെ ഭാഗമാക്കിയത്.

കഥകളി എന്ന കലാരൂപത്തെ വെറുമൊരു പശ്ചാത്തലമായല്ല, മറിച്ച് സിനിമയുടെ ആത്മാവായിട്ടാണ് അദ്ദേഹം കൈകാര്യം ചെയ്തത്. കലാകാരന്റെ ആന്തരിക ജീവിതവും അരങ്ങിലെ ജീവിതവും തമ്മിലുള്ള അതിർവരമ്പ് മായുന്നത് സംവിധായകൻ മനോഹരമായി ചിത്രീകരിച്ചു.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

( കവിത )

# ജനിമൃതികൾക്കിടയിലെ ഓള്



രാജാംബിക
( വൈസ് പ്രസിഡന്റ്, ഫിൽക്ക )




ഓളൊരു മിത്താണ്.
ഓളിൽ സത്യം തിരയരുത്.
കഥയിൽ ചോദ്യമില്ലെന്നറിഞ്ഞീടണം
നാടോടിക്കഥയുടെ ചേലാസ്വദിച്ചീടുക
മാളോരേ.....

പത്തു പൗർണമിതൻ
വിശുദ്ധി
ആവാഹിച്ചു നിർവ്വാണം പൂകാനായി
ഒരു സഹസ്രാബ്ദം മുഴുവൻ
കാത്തിരുന്നോള്...

സ്വയം ശുദ്ധീകരിക്കുവാനായി
നിഷ്കളങ്ക പ്രണയത്തിന്
കാവലിരുന്നോള്..
പരിശുദ്ധ പ്രണയം കാഴ്ചവയ്ക്കാൻ
ഒരുങ്ങിയോള് ,
പരിപൂർണ്ണ അർപ്പണത്തിനായി
കാത്തു പോന്നോള്...

തുരുത്തിലെ ജനതയ്ക്ക്
പേടിസ്വപ്നമായി ,
കഥകൾ പലതുള്ള പിശാചിന്റെ
കരിനീല ദ്വീപ്...

ഇടവപ്പാതിക്കു മുമ്പുള്ള വാവിന്ന്
മുഴുത്ത ചന്തിരൻ മാനത്ത്
തെളിയുമ്പോൾ
സ്വർണ്ണ ചിറകുള്ള വെളുത്തപക്ഷി...
അത് വെള്ളത്തിൽ ഊളിയിട്ടേ
മീനെപ്പോലെ...പൊന്നോളേ..
നെഞ്ചിൽ നേരുള്ളവനേയത്
കാണാനാവൂ.. മായാ ഭഗവത്യേ ....

മിന്നാമിനുങ്ങുകൾ താരകളെപ്പോൽ
മിന്നി മിനുങ്ങണ കണ്ടേ..
ഏഴിലംപാല പൂവിൻ മദസുഗന്ധമുണ്ടേ..
ഓള് ചിരിച്ചപ്പോൾ വെള്ളാമ്പലുകൾ
ഓളപ്പരപ്പിൽ നിറഞ്ഞതു കണ്ടേ..
ഓള് പേയല്ലാ മാളോരേ...
പിശാചല്ലാ , പിഴയല്ലാ ,
ജനിമൃതികൾക്കിടയിലെ നേരും
വിശുദ്ധിയുമവൾ മാളോരെ ...

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL

പൂർവ്വസംസ്കൃതിയുടെ സുകൃത
ത്തിനുമേലാകെ നിണമൊഴുകുന്നു
അമാവാസിയുടെ കാളിമ
എവിടെയും ആമ്പൽമിഴിയോളേ..

ഘനശ്യാമ ജലാശയത്തിൽ
കല്ലു കെട്ടി താഴ്ത്തപ്പെടുന്നുവോ
നാടിന്റെ വിശുദ്ധ സംസ്കൃതി ,
വിടരുന്നോ ഇവിടെയൊരു
വിരുദ്ധ സംസ്കാരം ..

പേയ് പിടിച്ചോർ ഞെരിച്ചുടയ്ക്കുന്ന
കുപ്പിവളത്തുണ്ടുകൾ
അകലത്തെവിടെയോ ദുഃഖം
കിലുകിലു മണികൾ പൊഴിക്കുന്നോ,
കൊന്നിട്ടും തിന്നിട്ടും
ഇന്നും മതിവരണില്ലല്ലോ ദേവ്യേ....

പെണ്ണിനെ കണ്ടാലോ ഏനക്കേടുകൾ
കാട്ടണ കണ്ടാ...
ഏനക്കേടുകൾ
എല്ലിന്നിടയിൽ കുത്തണ കണ്ടാ...

നാഗഫണഗളം അരിഞ്ഞിടണമതാദ്യം
കുതിക്കരുതേ
മുകളിലേയ്ക്കാക്കതിരുകളിനിയും

തീയാടാൻ തിറയാടാൻ
തുള്ളിയുറഞ്ഞു വരുമോ നീ...
തങ്കത്തിരുമുടി ശിരസ്സേറ്റി
കളം കാക്കാൻ വരുമോ നീ....

തുരുത്ത് ബുദ്ധമതക്കാരുടേതാണ് .

സഹസ്രാബ്ദമായി മുഴങ്ങിയ മണി
ഓർമ്മതൻ ശവപ്പറമ്പിൽ
നിത്യ സ്മാരകമായി മരുവുന്നു .

ബോധിസത്വാ നീയെങ്ങാണ്ടെവിടാണ്...

പരിശുദ്ധമായ ആത്മാവിനെ
സംരക്ഷിക്കാൻ
അവളിൽ ബോധിമായയുടെ
സന്നിവേശം.
അറിവും ആത്മാവും
ശബ്ദവും ശക്തിയും നൽകി ഒന്നായി
ജീവിച്ചവർ .



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

പ്രണയസാഫല്യത്തിനായി
ഹനുമാൻ സ്വാമിയെ ,
തേവരെ വന്ദിപ്പൂ പ്രണയജോഡികൾ.
വെള്ളാമ്പൽ പൂവുകളോ
അർച്ചനാദ്രവ്യങ്ങൾ

ടൂറിസ്റ്റ് ഗൈഡ് ആയും
ചിത്രകാരനായും
ചിക്കിലി ഒപ്പിക്കുന്ന നായകൻ .

ചായക്കൂട്ടിൻ വരകൾ
തെളിയുന്നില്ലാ ചുവരുകളിൽ ,
നിരാശനായി ,
ഒരുവഴിയും കാണാതെ
പെരുവഴിയായേ ചിത്രകാരൻ...

കുലത്തൊഴിൽ ,
അല്ലെങ്കിൽ പഠിച്ചപണി
രണ്ടുമല്ലാതെ , പാഴായിപ്പോയല്ലോ
കുടുംബത്തിലെ ഏക ആൺതരി ,
വൃദ്ധപിതാവിന്റെ രോദനം...!

മാതൃക കണ്ടൊരു ചിത്രം
രചിക്കാനായി
തോണിയേറി
മായാദ്വീപിലേയ്ക്ക്..

പോകരുതേയെന്ന് ,
വിലക്കുകൾ വകവച്ചില്ലാ...

പൗർണമിപ്രഭ മറയ്കാതെ
തോണിമാറ്റുമോ
എന്നവളുടെ കിളിമൊഴി.
സങ്കൽപ്പത്തിലെ മായാ സുന്ദരി ,
കൈതപ്പൂവിന്റെ മണമുള്ള
പെണ്ണാണോള് .

മായക്ക് രൂപമില്ല ഭാവമേ ഉള്ളൂ ,
പ്രണയമെന്ന ഭാവം പൊന്നോൾക്ക്...

നേരിട്ട് കാണാതെ പ്രണയിച്ചു കൂടെ?

കാമുകി എന്നത് സങ്കല്പമല്ലേ ?

ആത്മാവുകൾ ലയിക്കുന്നതല്ലേ
പ്രണയം ?

ഹൃദയത്തിൽ പ്രണയം എവിടെ
ഒളിപ്പിച്ചു വക്കും ?

അവളുടെ സ്വപ്നങ്ങൾ അത്രയും
ചിത്രമാക്കിത്തരുവാൻ
തൊഴുതു നിന്നപ്പോൾ



അവന്റെ അംഗുലികളിലലിഞ്ഞ്
മിഴിവോടെ  മനമോടെ
കലയുടെ ചാരുത തെളിഞ്ഞു...ദേവ്യേ..

ചിത്രങ്ങൾ ചൂടപ്പം പോലെ
കടൽ കടന്നും പോയേ ,
ലക്ഷ്മീദേവി കുചേലനെ
കുബേരനാക്കിയല്ലോ ഹൊയ്...

പൂവ് പോലാണ് പെണ്ണ് ,
ഭാഗ്യമുണ്ടേലാരേലും
തലയിൽ ചൂടുമെന്ന്, ഇല്ലേലോ,
നിലത്ത് ചവിട്ടിത്തേച്ചേനേന്ന്
തുള്ളിയുറയണ്
തുരുത്തിന്റെ ശാപം പേറും ചിത്തരോഗി,
പെണ്ണൊരുത്തി...

മൈത്രേയി പട്ടുടുക്കണ് ,
വിളക്ക് തെളിയിക്കണ് ,
മന്ത്രം ചൊല്ലണ് ,
നീട്ടിയുഴിയണ് ,
തട്ടണ് , തടവണ് , പേയേ പോ...
ദേഹം വിട്ടേ പോ...ഹൊയ്..

പൗർണമി നാളിൽ വിടർന്ന കണ്ണുമായി
ഉദരത്തിലെ ജീവനെ
തൊട്ടു തലോടി കാത്തിരിക്കുന്നോള്
സ്നേഹ സാമീപ്യമില്ലാതെ
മൂക്കുത്തി തിളങ്ങുന്ന ശ്യാമ വദനം
വാടുന്നോള്...

പ്രണയത്തിന്റെ വിശുദ്ധി
അറിയാത്തവന്
പെണ്ണ് വെറും ശരീരമാണ് ,
കോരിത്തരിപ്പിക്കുന്ന  മാദകസൗന്ദര്യം
.ആർത്തിയും കാമവും സ്വാർത്ഥതയും
പൂകിയ സാധാരണ മനുഷ്യൻ ,
അവൻെറ കാമനകൾ
നിറവേറ്റുവാനൊരുവൾ ,
അവനെ ശുദ്ധീകരിക്കുകയസാധ്യം .

ഗരുഢമയൂര പെയിന്റിംഗ്  !
പ്രശസ്തിയിലേക്കുള്ള അടുത്ത ചുവട്
.

ബോധിമായയുടെ സഹായഹസ്തം
തേടി വീണ്ടും
സ്നേഹത്തിൻ ചുണ്ടുപലകയുമായി..



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

സൗന്ദര്യത്തെ അനുഭവിക്കാനേ കഴിയൂ
എന്നാണോ ബോധിസത്വാ...

മായയായി മനസ്സിൽ ഒരുവൾ ,
സൗന്ദര്യമായി സാമീപ്യമായി
മറ്റൊരുവൾ .

ഒരേസമയം രണ്ടുപേരെ
സ്നേഹിക്കാൻ കഴിയുമോ ..!

സത്യലംഘകരെ ഉപദ്രവിക്കുമ്പോള് ,
പേയും പിശാചുമായി മാറുന്നു ഓള്...
വിഭ്രാന്തിയുടെ ജൽപ്പനക്കാരിയിനിയില്ല ,
മായയായി മറഞ്ഞുവോ സോദരി...

ഡാകിനിയും താരയുമാണ് പൂമുത്തോള്...

വരകളൊഴിഞ്ഞ കളമായി മനസ്സ് ,
പ്രശസ്തിയുടെ കൊടുമുടിയിൽ നിന്ന്
വിഡ്ഢിയുടെ മടക്കയാത്ര,
വിളറി വെളുത്ത ശവം കണക്കവൻ..
ആകാശം നോക്കി മലർന്നു വെറുതെ..

മൈത്രേയി പട്ടുടുക്കണ് ,
വിളക്ക് തെളിയിക്കണ് ,
മന്ത്രം ചൊല്ലണ് ,
നീട്ടിയുഴിയണ് ,
തട്ടണ് , തടവണ് , പേയേ പോ...
ദേഹം വിട്ടേ പോ...ഹൊയ്..

ഗർഭച്ചരടുകളഴിയുന്നു
പൂമുഖപാളികളകലുന്നു
ആനന്ദത്തിൻ അശ്രുവിൻ നടുവിൽ
പുതുമൃദുനാമ്പു മുളയ്ക്കുന്നു

നിർവ്വാണം പ്രാപിക്കാനായി
സമയമിതായി പൂമകളേ ,
നിർവ്വാണം പ്രാപിക്കാനായി
സമയമിതായെടി പൂമകളേ...

ജലകന്യകയായോളേ
ജനിമൃതികൾക്കിടയിലെ പൂമോളേ...

സ്വർണ്ണച്ചിറകുള്ള വെളുത്ത പക്ഷി
അനന്തതയിൽ അലിഞ്ഞേപോയ്....
അനന്തതയിൽ അലിഞ്ഞേപോയ്....
ഹൊയ്




April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

# ഷാജി. എൻ. കരുൺ: നിഴലുകളുടെയും വെളിച്ചത്തിന്റെയും ദാർശനികൻ



ലീലാമ്മ തോമസ്
(ഫിൽക്ക)



ഷാജി. എൻ. കരുണിന്റെ സിനിമകളെക്കുറിച്ച് എഴുതുമ്പോൾ പലപ്പോഴും അത് ഒരു ജീവചരിത്രം മാത്രം ആകാറുണ്ട്. പക്ഷേ എനിക്ക് അത് അങ്ങനെ അല്ല. അത് നിശബ്ദതയുടെയും വെളിച്ച ത്തിന്റെയും ഇടയിൽ ഞാൻ കണ്ട ഒരു ദൃശ്യാനുഭവമാണ്. ആഫ്രിക്കയിലെ വിശാലമായ ആകാശത്തിനടിയിൽ, ബോട്സ്വാനയുടെ കാറ്റ് മരങ്ങളെ തൊട്ടു പോകുന്ന ആ ശാന്തതയിൽ ഇരുന്നപ്പോൾ പോലും, അദ്ദേഹത്തിന്റെ ഫ്രെയിമുകൾ പോലെ തോന്നിയ ചില നിമിഷങ്ങൾ ഞാൻ ഓർത്തിട്ടുണ്ട്.

## നിഴലിൽ നിന്നു തുടങ്ങുന്ന ഒരു ദൃശ്യ യാത്ര...

1952-ൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ ജനിച്ച ഷാജി. എൻ. കരുൺ, സിനിമയെ ഒരു തൊഴിൽ എന്നതിലുപരി ഒരു ആത്മാന്വേഷണമായി കണ്ട കലാകാരനാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം അദ്ദേഹത്തിന് ക്യാമറയുടെ ഭാഷ മാത്രമല്ല, ലോകസിനിമയുടെ വലിയൊരു ബോധവും നൽകി.

പിന്നീട് ജി. അരവിന്ദനോടൊപ്പം ചേർന്ന വർഷങ്ങൾ മലയാള സിനിമയുടെ ദൃശ്യ ഭാഷ തന്നെ മാറ്റിയ കാലമായിരുന്നു.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
SHAJI. N. KARUN FILM FESTIVAL
filca

കാഞ്ചനസീത, തമ്പ് പോലുള്ള ചിത്രങ്ങളിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അതിരുകൾ മങ്ങിയതുപോലെ തോന്നും. അവിടെ ക്യാമറ ഒരു കണ്ണല്ല, ഒരു ആത്മാവാണ്.

## പിറവി മുതൽ ആരംഭിക്കുന്ന ആത്മവേദനയുടെ സിനിമ...

ഷാജി. എൻ. കരുണിനെ ഒരു സംവിധായകനായി ലോകം ശ്രദ്ധിച്ചത് പിറവി (1988) യിലൂടെയാണ്. തടങ്കലിലായ മകനെ കാത്തിരിക്കുന്ന, മകൻ ജീവിച്ചിരിപ്പില്ല എന്ന് മനസ്സിലാക്കുന്ന, അച്ഛന്റെ നിശ്ശബ്ദമായ വേദന. അത് ഒരു കഥ മാത്രമല്ല, മനുഷ്യജീവിതത്തിന്റെ തന്നെ ഒരു പ്രതിബിംബം പോലെ തോന്നുന്നു.

ആ സിനിമ കണ്ട ശേഷം എനിക്ക് തോന്നിയത് ഇതാണ്. ചില നഷ്ടങ്ങൾ വാക്കുകളാൽ പറയാനാകില്ല, അവയെ ക്യാമറയിലൂടെ മാത്രം ശ്വസിപ്പിക്കാം.

## സ്വം, വാനപ്രസ്ഥം, കുട്ടിസ്രാങ്ക് മനുഷ്യന്റെ ഉള്ളറകളിലേക്കുള്ള യാത്രകൾ...




സ്വം (1994) മനുഷ്യന്റെ ജീവിത-മരണ ചിന്തകളെ ഒരു മൂടൽമഞ്ഞുപോലെ അവതരിപ്പിക്കുന്നു. കാൻ മേളയിലെ അംഗീകാരം അതിന്റെ അന്താരാഷ്ട്ര ഭാഷയെ തെളിയിച്ചു.



വാനപ്രസ്ഥം (1999) എനിക്ക് ഏറ്റവും അടുത്തൊരു അനുഭവമായിരുന്നു. കഥകളിയുടെ ലോകവും മനുഷ്യന്റെ ഉള്ളിലെ പൊരുത്തക്കേടുകളും ചേർന്നൊരു സംഗീതം പോലെ ആ ചിത്രം നിലകൊള്ളുന്നു. മോഹൻലാലിന്റെ പ്രകടനം ഒരു കലാകാരന്റെ ആത്മവിലാപം പോലെ തോന്നും.



കുട്ടിസ്രാങ്ക് (2009) മൂന്ന് സ്ത്രീകളുടെ കണ്ണിലൂടെ ഒരു പുരുഷന്റെ ജീവിതം വായിക്കുന്ന സിനിമ. മനുഷ്യനെ ഒരൊറ്റ സത്യത്തിൽ ഒതുക്കാനാവില്ല എന്ന ബോധം ആ ചിത്രം പറഞ്ഞു തരുന്നു.

April Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

filca

## ക്യാമറയുടെ ഭാഷയും മൗനത്തിന്റെ സംഗീതവും...

ഷാജി. എൻ. കരുണിന്റെ സിനിമകളിൽ എനിക്ക് ഏറ്റവും ആകർഷണീയമായത് അവിടെയുള്ള മൗനമാണ്. സംഭാഷണങ്ങൾ കുറവാണ്, പക്ഷേ കാറ്റ് സംസാരിക്കും, നദി സംസാരിക്കും, കണ്ണുകൾ സംസാരിക്കും.

ആഫ്രിക്കൻ യാത്രകളിൽ ഞാൻകണ്ട വിശാലമായ ഭൂദൃശ്യങ്ങൾ പലപ്പോഴും അദ്ദേഹത്തിന്റെ ഫ്രെയിമുകൾ പോലെ തോന്നിയിട്ടുണ്ട്. ഒറ്റപ്പെട്ട മനുഷ്യൻ, അനന്തമായ പ്രകൃതി, അതിനിടയിലെ നിശബ്ദമായ ഒരു ചോദ്യം.

## ബോട്സ്വാനയുടെ മൗനവും ഷാജി. എൻ. കരുണിന്റെ ഫ്രെയിമുകളും...

ബോട്സ്വാനയിലെ കലഹാരി മരുഭൂമിയുടെ വന്യതയിൽ നിൽക്കുമ്പോൾ ചുറ്റുമുള്ള നിശബ്ദതയ്ക്ക് ഒരു പ്രത്യേക ഭാരമുണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. കാറ്റ് മണൽക്കുന്നുകളെ തഴുകുമ്പോൾ അത് ഒരു ദീർഘനിശ്വാസം പോലെ അനുഭവപ്പെടും.

അവിടെ നിൽക്കുമ്പോൾ എനിക്ക് പലപ്പോഴും ഓർമ്മ വരുന്നത് പിറവിയിലെ അച്ഛന്റെ കാത്തിരിപ്പാണ്. കേരളത്തിലെ മഴക്കരയും ആഫ്രിക്കയിലെ മണൽക്കാറ്റും തമ്മിൽ ദൂരമുണ്ടെങ്കിലും അവ പങ്കുവെക്കുന്ന ഒരു വികാരം ഉണ്ട്..കാത്തിരിപ്പ്.

ഓക്കവാംഗോ ഡെൽറ്റയിലെ ശാന്തജലത്തിൽ ഒരു മൊക്കോറോയിൽ നീങ്ങുമ്പോൾ, പുൽക്കാടുകൾക്കിടയിലൂടെ വീഴുന്ന വെളിച്ചം വാനപ്രസ്ഥം എന്ന സിനിമയുടെ ദൃശ്യങ്ങളെ ഓർമ്മിപ്പിക്കുന്നു. പ്രകൃതി അവിടെ ഒരു പശ്ചാത്തലമല്ല; അത് തന്നെ ഒരു കഥാപാത്രമാണ്.

ചോബെ നദിയിലെ സായന്തനം സൂര്യൻ ചുവപ്പും സ്വർണ്ണവും കലർത്തി പടരുമ്പോൾ, ആകാശം തന്നെ ഒരു ക്യാമറ ഷോട്ടായി മാറുന്നു. ഷാജി എൻ. കരുണിന്റെ ക്യാമറയായിരുന്നെങ്കിൽ, മനുഷ്യന്റെ ഉള്ളിലെ സംഘർഷങ്ങൾ ഈ വെളിച്ചത്തിൽ കൂടുതൽ തീക്ഷ്ണമായി പ്രതിഫലിച്ചേനെ.

ആഫ്രിക്കയിലെ ഒറ്റപ്പെട്ട ബാഓബാബ് മരങ്ങൾ എനിക്ക് സ്വം എന്ന സിനിമയിലെ ആത്മീയ ഏകാന്തതയെ ഓർമ്മിപ്പിക്കുന്നു. വേരുകൾ ആകാശത്തേക്ക് നീളുന്ന ആ





മരംപോലെ, മനുഷ്യന്റെ ഉള്ളിലും ആഴവും ഉയരവും ഒരുമിച്ച് നിലനിൽക്കുന്നു.

**എന്റെ അനുഭവത്തിൽ നിന്ന് ഒരു ചെറിയ തിരശ്ശീലം...**

എന്നെ സംബന്ധിച്ചിടത്തോളം ഷാജി. എൻ. കരുണിന്റെ സിനിമകൾ ഒരു പാഠ പുസ്തകമല്ല. അവ ഒരു യാത്രയാണ്. ഓരോ ഫ്രെയിമും ഒരു നിർത്തൽവേളയാണ്. നമ്മൾ സ്വയം ചോദി ക്കുന്ന ഒരു ചോദ്യം. ബോട്സ്വാന യിലെ മരുഭൂമിയിലെ ചൂടു കാറ്റിൽ നിൽക്കുമ്പോൾ ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.. ഇവിടെ ക്യാമറ ഉണ്ടെങ്കിൽ ഷാജി എൻ. കരുൺ എന്ത് പകർത്തുമായി രുന്നുവെന്ന്.

കൃതിയുടെ മഹത്വവും ചേർന്നൊരു കാഴ്ച യായിരിക്കും അത്.ഈ ശാന്തതയിലിരുന്ന് ഞാൻ ഇന്നും തിരയുന്നത് ആ പഴയ ഷാജി ഫ്രെയിമുകൾ തന്നെയാണ്, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള നിശബ്ദ സംഭാഷ ണങ്ങൾ.

അവാർഡുകളോ അംഗീകാരങ്ങളോ മാത്ര മല്ല ഷാജി. എൻ. കരുണിനെ നിർവചിക്കു ന്നത്. ഒരു നിശ്ശബ്ദതയെ പോലും സംഗീത മാക്കുന്ന ദൃശ്യചിന്ത യാണ് അദ്ദേഹത്തിന്റെ യഥാർത്ഥ ചലച്ചിത്ര ഭാഷ.

എനിക്ക് തോന്നുന്നു, സിനിമ എന്നത് കഥ പറയലല്ല, കാണുന്നവന്റെ ഉള്ളിൽ ഒരു നിശ്ശബ്ദത വളർത്തലാണ്. അതാണ് ഷാജി . എൻ. കരുൺ ചെയ്തു കൊണ്ടിരി ക്കുന്നത്...



April Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

SHAJI. N. KARUN FILM FESTIVAL

filca


**Film Vision Monthly April 2026.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




15th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം
മുഖവില Rs. 250

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com